# *Welcome to the Leader of the Faithful*


With the poet we sing- O, Spring, visit our land in this Season of Winter with all your flowers of variegated hues and sweet fragance and strew them in the path of our beloved one as he sets foot on the ground sacred to us:

A decade and a half has passed since the holy presence of Khalifathul Masih IV was felt by the sacred homeland of the Mahdi Masih. Ever since then we have been in ardent expectation of the Second Coming of the present Ameer-ul- Mu'mineen Khalifathul Masih V. Allah, in His unbounded grace and mercy has let it happen to us once again. Both at the end and the beginning of the centuries twine the irresistible stream of Divine beneficence has flowed in to our motherland with the glorious promise of deliverance.

May the Most Merciful will it so that Hazrath Mirza Masroor Ahmad's message of peace and goodwill among men of different faiths and pursuits deliver this country from the gruesome clutches of terrorism and all brands of extremism. May He will it so that the glory of true Islam as a religion of peace and tolerance dawn upon this sub-Continent once and for all.

"If the Winter comes, can Spring be far behind?" asked the poet and our answer is, the Spring is here in the holy person of **Hazrath Mirza Masroor Ahmad**, Khalifathul Masih V as he sets foot on our beloved land. May Allah, shower His unfold blessings on His true servant and enable him to carry out the tasks set on the divine track. Ameen.


Nazim,
Majlis Ansarullah Subai, Kerala.




ബയ്ത്തുൽ ഫിക്ർ



എതിരാളികൾ ഭിത്തികെട്ടി അടച്ച സ്ഥലം



ശാഹ് നശീൻ.
മഹ്ദിമസീഹ് (അ)
ഉഷ്ണകാലത്ത്
ഇവിടെ ഉണ്ടായിരുന്ന
ഒരു മരത്തിന്റ താഴെ
വിശ്രമിക്കുമായിരുന്നു.
1972 ൽ ആണ് ഈ മുറി
നിർമ്മിച്ചത്.
ദീനി മജ്‌ലിസുകളും
ഇവിടെ നടക്കുമായിരുന്നു.



ലങ്കർഖാന

بسم الله الرحمن الرحيم

نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود

# സത്യമിത്രം

മാസിക

**ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം**

എഡിറ്റർ ഇൻ ചാർജ്:
എം. നാസിർ അഹ്മദ്

**2005-06**
**ഡിസംബർ – ജനുവരി**

1180 വൃശ്ചികം - ധനു
1426 ദുൽഖഅ്ദ് - ദുൽഹജ്ജ്
1384-05 വഫത്തഹ് - സുൽഹ്

പുസ്തകം 5
ലക്കം 6
വില 10 രൂപ

**SATHYAMITHRAM**

ANSARULLAH PUBLICATION

Printed and Published by
Majlis Ansarullah State
Committee,Kerala at
BRB Offset Printers & Publishers
Thavakkara, Kannur-17.
Ph: 0497-2761010
and Edited by
M. Nasir Ahmad
Manager: Muhammed Salim,
Kannur
Ph: 98460 89896.



***Postal Address :***

Editor/Manager
Sathyamithram byMonthly
Ahmadiyya Muslim
Complex, Fort Road
Kannur-1


## വി ഷ യ വി വ രം


**ആമുഖം**

മാനവരാശിയുടെ കാവൽക്കാരന് സ്വാഗതം ........ 4

**യുഗനാദം**

ആദ്യ സമ്മേളന വിളംബരം ........ 5
ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**വിശുദ്ധ ഖുർആൻ**

സൂറത്തുൽ ഹിജ്ർ: അർത്ഥം വ്യാഖ്യാനം ........ 6

**സമകാലികം**

നമ്മുടെ സമ്മേളനം ഹജ്ജുപോലെ ........ 9
ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**ഖുത്വ്ബ**

അതിഥികളുടെ കടമകൾ ........ 10
ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

**ലേഖനം**

ഭൂകമ്പങ്ങളുടെമേൽ ഭൂകമ്പം ........ 16
മുനീർ അഹ്മദ്, ഖാദിം


ഖാദിയാൻ, ദാറുൽ അമാൻ ........ 18
മൗലവി നാസിർ അഹ്മദ്

യൂസുഫ് നബി(അ)ന്റെ ഐതിഹാസികമായ കഥ ........ 23
എ.ക്യു. മഹ്ദി

ദൈവവും അവന്റെ സിഫത്തുകളും ........ 30
എൻ. അബ്ദുർറഹിം

ജനാസഗായിബ് നിസ്കാരം ........ 38
മുഹമ്മദ് ഇസ്മായിൽ എച്ച്.എ.

വസിയ്യത്ത് ചെയ്തവർ, വാർത്തകൾ, അറിയിപ്പുകൾ, ........ 37–42


*മുഖചിത്രം : ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്*

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

ആധുനികയുഗത്തിൽ അഹ്മദിയ്യാ ജമാഅത്തിലൂടെ ആഗോളസമൂഹത്തിന് ദൈവികപ്രഭ എത്തിക്കുന്ന മഹാപുരുഷന് സ്വാഗതം.

ചരിത്രത്തിന്റെ താളുകളിൽ ആദിമസംസ്കാരത്തിന്റെ നിധിപേടകമായി അറിയപ്പെടുന്ന മഹത്തായ രാജ്യമാണ് നമ്മുടേത്.

വാഗ്ദത്ത മഹ്ദീ മസീഹിന്റെ ജനനംകൊണ്ട് പവിത്രമായ മണ്ണിലേക്കാണ് വാഗ്ദത്ത മഹ്ദീ മസീഹിന്റെ കുടുംബപരമ്പരയിലെ ഇളംതലമുറയിൽനിന്നും ഖിലാഫത്തിന്റെ അനുഗ്രഹവുമായി യുഗപുരുഷനെത്തിച്ചേരുന്നത്.

ഇന്ത്യാ ഉപഭൂഖണ്ഡം ശാന്തിയുടേയും സമാധാനത്തിന്റേയും സമൃദ്ധഭൂമിയായി ലോകമനസ്സാക്ഷിയിൽ കുളിർതെന്നൽ വീശിയ പഴയകാലം ഒരോർമ്മത്തെറ്റായി നമ്മുടെ മുമ്പിലുണ്ട്. അനേകം നദികൾ ചേർന്ന് ഒരു സമുദ്രമായിത്തീരുന്നതുപോലെ നാനാത്വത്തിൽ ഏകത്വം പ്രഖ്യാപിച്ച ഒരു സംസ്കാരത്തെ നമ്മുടെ മനസ്സിന്റെ അടിവാരത്തിൽ നാം താലോലിക്കുന്നുണ്ട്. വിവിധ മതങ്ങൾ പരസ്പരം കലഹിക്കാതെ, ഒന്നായി നിന്ന് അറിഞ്ഞും ആദരിച്ചും മുന്നോട്ടുപോയതിന്റെ പ്രാക്തനസ്മൃതി നമ്മുടെ നാദതാള വിപഞ്ചികയിൽ നാം ആസ്വദിച്ചിട്ടുമുണ്ട്.

പക്ഷേ, വർത്തമാനകാലം ഒരു തീപൊള്ളലോടെ മാത്രമേ നമുക്ക് അനുഭവിക്കാൻ കഴിയൂ. ഭീകരവാദത്തിന്റെ കഴുകൻ നഖങ്ങൾ മുറിപ്പാടുകൾ സൃഷ്ടിച്ച നാട്, അവിഭക്ത ഭാരതം ഇന്ത്യയാവട്ടെ പാക്കിസ്ഥാനാവട്ടെ സമാധാനം നഷ്ടപ്പെട്ട് വിഹ്വലമായതിന്റെ ശോണിമയിൽ കലർന്ന ചിത്രം നമ്മെ വേട്ടയാടുന്നു. ഭൂകമ്പം തകർത്തനാടിന്റെ സിരകൾ ഒടുങ്ങാത്ത വേദനയുടെ പ്രഭവകേന്ദ്രമായത് നാം അറിയുന്നു. മണ്ണിന്നടിയിലായ

# മാനവരാശിയുടെ കാവൽക്കാരന് സ്വാഗതം

ജനപദങ്ങൾ ചിന്നിച്ചിതറിയ കളിപ്പാട്ടങ്ങൾ പോലെ കിടക്കുന്നു. പകയും വിദ്വേഷവും ആയിരംതലയുള്ള കാളിയനെപോലെ വിഷജ്വാലകൾ ഉയർത്തുന്നു. അന്നന്നത്തെ അന്നം നേടാൻ വ്യാകുലപ്പെടുന്ന മനുഷ്യൻ പരിഭവങ്ങളുടെ വേലിയേറ്റത്തിൽ രക്ഷകിട്ടാതെ ഉഴലുന്നു.

നന്മയുടേയും സാന്മാർഗ്ഗികതയുടേയും വാതിലുകൾ അടഞ്ഞുകിടക്കുന്നു. ഉപഭോഗ സംസ്കാരത്തിന്റെ വിഭ്രാമലഹരിയിൽ, ശരീരഭാഷയുടെ നഗ്നതയിൽ, ചെകുത്താൻ നാഗരികതയുടെ മലവെള്ളപ്പാച്ചിലിൽ സ്വയം നഷ്ടപ്പെടുന്ന ഒരു ജനതയുടെ വിളർത്തനിഴലുകൾ ഇവിടെ വെറും കാഴ്ചകളായി നമ്മുടെ കണ്ണുകളെ മഞ്ഞളിപ്പിക്കുന്നു.

ഈ വിഷമസന്ധിയിൽ തൗഹീദിന്റെ അമരശബ്ദം കേൾപ്പിക്കാൻ, ശാന്തിയുടേയും സമാധാനത്തിന്റേയും സൗഹൃദത്തിന്റേയും സാഹോദര്യത്തിന്റേയും സന്ദേശവുമായി, ധാർമ്മികതയുടെ പ്രചാരകനായി ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ ഖലീഫ ***ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്*** എത്തിച്ചേരുന്നു. ഇറാഖിൽ ജനിച്ചുവീഴുന്ന കുട്ടിപോലും തോക്കിന്റേയും ബോംബിന്റേയും ശവദാഹത്തിൽ വെന്ത് തീരുമ്പോൾ, അഫ്ഘാനിസ്ഥാനിൽനിന്നും താലിബാന്റെ രക്തക്കൊതി നിഷ്കളങ്കനായ ഒരു കേരളീയ യുവാവിനെ കഴുത്തറുത്ത് കൊല്ലുമ്പോൾ യഥാർത്ഥ ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്ത് ഖിലാഫത്തിന്റെ നേതൃത്വം ഐക്യത്തിന്റെ മാന്ത്രികതയിലാണെന്നരുൾ ചെയ്ത്, ഭീകരതയുടെ കാട്ടാളത്തം ഇസ്‌ലാമിനന്യമാണെന്നാഹ്വാനം ചെയ്ത് അഹ്മദിയ്യാ സാരഥി ഇന്ത്യയിൽ, അതെ ശാന്തിയുടെ ഓർമ്മതീരത്തെത്തുന്നു. ആർഷസംസ്കാരത്തിന്റെ പ്രഭാവകാലത്ത് ലോകംകണ്ട മതസമന്വയത്തിന്നടിവരയിട്ട് സ്നേഹസാഗരതീരത്ത് സാന്ത്വനവുമായി ഇന്ത്യയിലെ ജനങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ മാനവികതയുടെ നക്ഷത്രശോഭ വന്നണയുന്നു.

പുതിയ യുഗത്തിൽ തൗഹീദിന്റേയും സ്നേഹത്തിന്റേയും സമാധാനത്തിന്റേയും ശാന്തിയുടേയും സാഹോദര്യത്തിന്റേയും ഹൃദയം പേറുന്ന മാനവരാശിയുടെ കാവൽക്കാരന് ഞങ്ങൾ ചോരതൊടുന്ന മനസ്സോടെ സ്വാഗതം ആശംസിക്കുന്നു.

•



യുഗനാദം

# ആദ്യസമ്മേളനവിളംബരം

## ഹസ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹ്(അ)

**ബ**യ്അത്ത് ചെയ്യുന്നതിന്റെ ഉദ്ദേശ്യം ഭൗതികതയോടുള്ള അത്യാസക്തി തണുക്കുകയും അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം ഹൃദയത്തിൽ ആധിപത്യം സ്ഥാപിക്കുകയും പരലോകയാത്രയോട് വെറുപ്പ് തോന്നാത്ത ഒരു സ്ഥിതിവിശേഷം സംജാതമാവുകയും ചെയ്യുക എന്നതാണ്. എന്റെ കൈയിൽ ബയ്അത്ത് ചെയ്തിട്ടുള്ള ആത്മസഹോദരങ്ങൾ ഇക്കാര്യം മനസ്സിലാക്കിയിരിക്കണം. ആ ലക്ഷ്യപ്രാപ്തിക്കായി ഒപ്പം വന്ന് താമസിക്കേണ്ടതും ആയുസ്സിന്റെ ഒരുഭാഗം ഈ മാർഗ്ഗത്തിൽ ചെലവഴിക്കേണ്ടതും അത്യന്താപേക്ഷിതമാകുന്നു. അല്ലാഹു ഇച്ഛിച്ചാൽ, ദൃഢപരമായ അടയാളങ്ങളെന്തെങ്കിലും കാണാനും അങ്ങനെ കർമ്മപരമായ ദുർബ്ബലതയും വിശ്വാസപരമായ ബലഹീനതയും ആത്മീയമായ ശക്തിക്ഷയവും വിട്ടകന്ന് പരിപൂർണ്ണ വിശ്വാസം കൈവരിച്ച് സവിശേഷനിലയിലുള്ള താല്പര്യവും ഉത്സാഹവും സ്നേഹാവേശവും സിദ്ധിക്കാനും വേണ്ടിയാണിത്.

ഇക്കാര്യത്തിൽ എപ്പോഴും ശ്രദ്ധിക്കേണ്ടതും ദൈവകൃപയുണ്ടാകുന്നതിനും വേണ്ടി പരിശ്രമിക്കേണ്ടതുമാണ്. ഈ സ്ഥാനം കരസ്ഥമാകുന്നതുവരെ ഇടയ്ക്കിടെ ഒപ്പംവന്ന് താമസിക്കുകതന്നെ വേണം. കാരണം, ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചിട്ട് കൂടിക്കാഴ്ചക്ക് കമ്പമുണ്ടാകുന്നില്ലെങ്കിൽ അങ്ങനെയുള്ള ബയ്അത്ത് അടിമുടി നിശ്ചലവും വെറുമൊരു സമ്പ്രദായമെന്ന നിലയിലുള്ളതുമായിരിക്കും. എന്നാൽ, ശാരീരിക ക്ഷീണവും സാമ്പത്തികശേഷിക്കുറവും ദീർഘദൂരയാത്രയുംകൊണ്ട് ഒപ്പം വന്ന് താമസിക്കാനും അല്ലെങ്കിൽ വർഷത്തിൽ രണ്ടുമൂന്ന് തവണ ബുദ്ധിമുട്ടി ഇവിടെ വരാനോ എല്ലാവർക്കും സാധിച്ചു എന്നുവരില്ല. ഇതിനായി വലിയ വലിയ ബുദ്ധിമുട്ടുകളും ഞെരുക്കങ്ങളും അത്യുത്സാഹത്തോടെ വഹിക്കാനുള്ള വാഞ്ഛ മിക്ക ഹൃദയങ്ങളിലും ശക്തിപ്രാപിച്ചിട്ടില്ലെന്നാണ് അതിന് കാരണം. അതുകൊണ്ട് ആത്മസുഹൃത്തുക്കളായ എല്ലാവരും അല്ലാഹു ഇച്ഛിച്ചാൽ അവർക്ക് ആരോഗ്യവും ഒഴിവും ഉണ്ടെങ്കിൽ, മറ്റ് തടസ്സങ്ങളൊന്നുമില്ലെങ്കിൽ നിശ്ചിത തിയ്യതികളിൽ പങ്കെടുക്കുംവിധം വർഷത്തിൽ മൂന്നുദിവസം ജൽസയ്ക്കായി അഥവാ സമ്മേളനത്തിനായി നിശ്ചയിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ കരുതുന്നു. എന്റെ അഭിപ്രായത്തിൽ ആ തിയ്യതി ഡിസംബർ 27 മുതൽ 29 വരെ ആകുന്നതാണ് ഉത്തമം. ഇന്ന് കഴിഞ്ഞ് നമ്മുടെ ജീവിതത്തിൽ ഡിസംബർ 27 സമാഗതമായാൽ സാധിക്കുന്ന എല്ലാ സഹോദരങ്ങളും അല്ലാഹുവിനുവേണ്ടി, ദൈവികകാര്യങ്ങൾ ശ്രവിക്കാനും ദുആയിൽ ഭാഗഭാക്കാകാനും ഈ തിയ്യതികളിൽ ഇവിടെ എത്തിച്ചേരേണ്ടതാണ്.

ഈ ജൽസയിൽ ദൃഢവിശ്വാസത്തിനും ദിവ്യജ്ഞാനത്തിനും കരുത്തുപകരുന്നതിന് ആവശ്യമായ തത്ത്വോദ്ബോധനവും ആദ്ധ്യാത്മികജ്ഞാനവും കേൾപ്പിക്കാനുള്ള സംവിധാനവും ഉണ്ടാക്കിയിരിക്കുന്നു. ഇത്തരം സ്നേഹിതർക്കുവേണ്ടി പ്രത്യേകിച്ച് ദുആ ചെയ്യുന്നതും അവരെ പ്രത്യേകം ശ്രദ്ധിക്കുന്നതുമാണ്. അല്ലാഹു തന്നിലേക്ക് അവരെ വലിച്ചടുപ്പിക്കുന്നതിനും തന്റേതായി സ്വീകരിക്കുന്നതിനും പരിശുദ്ധമായ മാറ്റം അവരിലുണ്ടാക്കുന്നതിനും വേണ്ടി പരമകാരുണികനായ അവന്റെ തിരുസന്നിധിയിൽ പരിശ്രമനിരതനായിരിക്കും. ഓരോ വർഷവും ജമാഅത്തിൽ പ്രവേശിക്കുന്നവരുടെ മുഖം ദർശിക്കാനും അങ്ങനെ പരസ്പരം തിരിച്ചറിഞ്ഞ് ബന്ധം അഭിവൃദ്ധിപ്പെടുത്താനും സാധിക്കുമെന്നത് ഈ ജൽസകൊണ്ടുള്ള ഒരു പ്രയോജനമാണ്.

ഈ കാലയളവിൽ ദുൻയാവിനോട് വിടപറഞ്ഞുപോകുന്ന നമ്മുടെ സഹോദരങ്ങളുടെ മഗ്ഫിറത്തിനുവേണ്ടി ജൽസയുടെ അവസരങ്ങളിൽ പ്രാർത്ഥിക്കുന്നതായിരിക്കും. എല്ലാ സഹോദരങ്ങളേയും ആത്മീയമായ നിലയിൽ ഏകോപിപ്പിക്കുന്നതിനും ശുഷ്കതയും അപരിചിതത്വവും കപടതയും അവരുടെയിടയിൽനിന്ന് നിർമ്മാർജ്ജനം ചെയ്യുന്നതിനുംവേണ്ടി പരിശ്രമിക്കുന്നതുമാണ്. ഈ ആത്മീയപരമ്പരയിൽ മറ്റ് ബഹുമുഖ ഫലങ്ങളും പ്രയോജനങ്ങളും ഉണ്ടായിരിക്കും. അത് സന്ദർഭോചിതം വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും.

സാമ്പത്തികശേഷി കുറഞ്ഞവർ ജൽസയിൽ പങ്കെടുക്കുന്നതിന് മുന്നൊരുക്കം നടത്തുന്നത് ഗുണകരമാണ്. യുക്തിയോടും, മിതമായ നിലയിൽ ചെലവഴിച്ചും വരുമാനത്തിന്റെ ചെറിയൊരംശം യാത്രാചെലവിനായി ഓരോ ദിവസമോ മാസമോ സ്വരുക്കൂട്ടിവെച്ചാൽ പ്രയാസം കൂടാതെ യാത്രാചെലവ് പരിഹരിക്കാൻ കഴിയും. അങ്ങനെ ഈ യാത്ര സൗജന്യമായി അനുഭവപ്പെടുന്നതാണ്.

ഹൃദയാത്മനാ ഉറച്ചതീരുമാനത്തോടെ, നിശ്ചിത തിയ്യതികളിൽ നടക്കുന്ന ഈ ജൽസയിൽ പങ്കെടുക്കാൻ സന്നദ്ധരായ ഈ സഹോദരങ്ങൾ- വരാനൊക്കാത്ത നിർബന്ധസാഹചര്യമുണ്ടായാലൊഴികെ- അവരുടെ പേരുകൾ പ്രത്യേകമായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് ഇപ്പോൾതന്നെ എനിക്ക് നല്കുന്നതായിരിക്കും ഉത്തമം.

1891 ഡിസംബർ 27 ആകുന്ന ഇന്നേദിവസം ദീനീപരമായ കൂടിയാലോചനക്കായി യോഗം സംഘടിപ്പി

*പേജ് 22-ൽ*

**വിശുദ്ധ ഖുർആൻ**

# സൂറത്തുൽ ഹിജ്ർ (തുടർച്ച)

***(മക്കയിൽ അവതരിച്ച അദ്ധ്യായം)***

## അർത്ഥം, വ്യാഖ്യാനം

وَلَقَدْ جَعَلْنَا فِي السَّمَاءِ بُرُوجًا وَزَيَّنَّاهَا لِلنَّاظِرِينَ

**15:17 "നാം ആകാശത്ത് പല രാശികളെ ഏർപ്പെടുത്തുകയും നാം അവയെ കാണികൾക്ക് അലംകൃതമാക്കുകയും ചെയ്തിരിക്കുന്നു."**

*പദാർത്ഥം* وَلَقَدْ جَعَلْنَا തീർച്ചയായും നാം ഏർപ്പെടുത്തിയിരിക്കുന്നു فِي السَّمَاءِ ആകാശത്തിൽ بُرُوجًا രാശികളെ وَزَيَّنَّاهَا അവയെ നാം അലങ്കരിക്കുകയും ചെയ്തു لِلنَّاظِرِينَ കാണികൾക്ക്

وَحَفِظْنَاهَا مِنْ كُلِّ شَيْطَانٍ رَجِيمٍ

**15:18 "വിരട്ടപ്പെട്ട എല്ലാ പിശാചിൽനിന്നും നാം അവയെ സുരക്ഷിതമാക്കുകയും ചെയ്തിരിക്കുന്നു."**

*പദാർത്ഥം* وَحَفِظْنَاهَا അവയെ നാം സുരക്ഷിതമാക്കുകയും ചെയ്തു مِنْ كُلِّ شَيْطَانٍ എല്ലാ പിശാചിൽനിന്നും رَجِيمٍ വിരട്ടപ്പെട്ട

إِلَّا مَنِ اسْتَرَقَ السَّمْعَ فَأَتْبَعَهُ شِهَابٌ مُبِينٌ

**15:19 "പക്ഷേ വല്ലവനും ഒളിഞ്ഞുകേൾക്കുന്നതായാൽ അപ്പോൾ അവനെ ഒരു പ്രകാശിക്കുന്ന തീജ്വാല പിൻപറ്റുന്നതാണ്."**

*പദാർത്ഥം* إِلَّا مَنِ اسْتَرَقَ ഒളിഞ്ഞു ശ്രമം നടത്തിയവനൊഴികെ السَّمْعَ കേൾക്കാൻ فَأَتْبَعَهُ അപ്പോൾ അവനെ പിന്തുടരും شِهَابٌ തീജ്വാല (ഉൽക്ക-ചെങ്കോൽ) مُبِينٌ പ്രകാശിക്കുന്ന

*വ്യാഖ്യാനം* ഭൗതികവ്യവസ്ഥിതിയും ആത്മീയവ്യവസ്ഥിതിയും തമ്മിൽ ശക്തമായ തുല്യതയും രൂപസാദൃശ്യവും വിശുദ്ധഖുർആൻ പറയുന്നുണ്ട്. ആത്മീയലോകത്തെ മനസ്സിലാക്കിത്തരുന്നതിനായി സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും അവയുടെ നിയന്ത്രണങ്ങൾക്കതീതമാണ്. ഇതുതന്നെയാണ് ആത്മീയമായ ലോകത്തിന്റെ അവസ്ഥയും. നബിമാരുടേയും അവരുടെ പരിപൂർണ്ണ അനുയായികളുടേയുംമേൽ ശയ്ത്വാന്റെ ഒരു നിയന്ത്രണവും നടക്കുകയില്ല. മറ്റൊരു സ്ഥലത്ത് ഖുർആൻ പറയുന്നു: ***ഇന്ന ഇബാദീ ലയ്സലക്ക അലയ്ഹിം സുൽത്വാൻ***. പരിപൂർണ്ണരായ എന്റെ ദാസരുടെമേൽ നിന്റെ ഒരു സ്വാധീനവും അധികാരവും നടക്കുകയില്ല. ഭൗതികാകാശം ഇറക്കിയിട്ടുള്ള അനുഗ്രഹങ്ങളിൽ ശയ്ത്വാന് ഒരു നിയന്ത്രണവും ഇല്ലാത്തതുപോലെതന്നെ, പ്രകാശം, കാറ്റ് തുടങ്ങിയ ഭൗതികശക്തികളിൽ തടസ്സമുണ്ടാക്കാൻ അവന് സാധിക്കാത്തതുപോലെതന്നെ ആത്മീയാകാശത്തിലും അതായത് നബിമാർ മുഖേന വെളിപെടുന്ന അനുഗ്രഹങ്ങളിലും ദൈവികവചനങ്ങളിലും ദിവ്യദൃഷ്ടാന്തങ്ങളിലും ദിവ്യഅടയാളങ്ങളിലും ശയ്ത്വാന് ഒരു നിയന്ത്രണവും ഉണ്ടാക്കാൻ കഴിയുകയില്ല. അല്ലാഹുതആല ആത്മീയമായ ആകാശത്തെ അതായത് നബിമാരേയും അവരുടെ പ്രഭാവങ്ങളേയും പരിപൂർണ്ണമായനിലയിൽ സാത്താനികമായ കൈകടത്തലുകളിൽനിന്ന് പരിശുദ്ധമാക്കിയിരിക്കുന്നു. ഇത് ***ഇന്നാ നഹ്നു നസ്സൽന ദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ*** എന്നതിന്റെ വ്യാഖ്യാനം പറഞ്ഞിരിക്കുകയാണ്.

ഈ ഖുർആനികവചനം നിലവിലിരിക്കെത്തന്നെ ഹസ്റത്ത് ഈസായും അദ്ദേഹത്തിന്റെ മാതാവ് മർയവുമല്ലാതെ മറ്റാരും- നബിയാണെങ്കിൽപോലും- ശയ്ത്വാന്റെ സ്പർശനത്തിൽനിന്ന് പരിശുദ്ധരല്ലെന്ന വിശ്വാസത്തിൽ മുസ്ലിംകൾ ഉറച്ചുവിശ്വസിക്കുന്നു. വാസ്തവത്തിൽ അല്ലാഹു ഈ വചനത്തിൽ ആത്മീയമായ ആകാശത്തിന്റെ സുരക്ഷിതത്വത്തെക്കുറിച്ചാണ് പറയുന്നത്. ഇതിൽ ആദം മുതൽ റസൂൽകരീം(സ)വരെയുള്ള എല്ലാ നബിമാരും അവരുടെ പരിപൂർണ്ണ അനുയായികളും ഉൾപ്പെടുന്നു.

ഇതിനുശേഷം പറയുന്നു: '***ഇല്ലാ മനിസ്തറഖസ്സംഅ***' അതേ. ആരെങ്കിലും കേട്ടുകേൾവിയിലുള്ള കാര്യം മോഷ്ടിച്ചെടുത്താൽ അവനിൽ ***ശിഹാബുൻമുബീൻ*** അഥവാ പ്രകാശിക്കുന്ന തീജ്വാല വീഴുന്നതാണ്. ഇവിടെ ആകാശവും സൗരവ്യൂഹവും ഉപമ എന്നനിലയിൽ വിവരിക്കപ്പെട്ടിരിക്കുകയാണെന്ന് ഈ വചനം വ്യക്തമായും വെളിപ്പെടുത്തിയിരിക്കുകയാണ്. അല്ലാതെ ഭൗതികമായ

വ്യവസ്ഥിതിയല്ല ഉദ്ദേശ്യം. കാരണം ഒന്നാമതായി പറഞ്ഞാൽ, കേട്ടുകേൾവിയുടെ കാര്യങ്ങൾ മോഷ്ടിക്കുന്നതുമായി ഭൗതികമായ ആകാശത്തിന് ഒരു ബന്ധവുമില്ല. രണ്ടാമതായി പറഞ്ഞാൽ 'ശിഹാബുൻ' എന്ന പദത്തിനോടൊപ്പം 'മുബീൻ' എന്ന വിശേഷണം കൊടുത്തിരിക്കുന്നു. ഇതിന് ഭൗതികമായ ശിഹാബു(കൊള്ളിമീൻ)മായിട്ട് ഒരു ബന്ധവുമില്ല. എന്തുകൊണ്ടെന്നാൽ ശിഹാബ് എന്ന് പറയുന്നത് തീജ്വാലയ്ക്കോ അല്ലെങ്കിൽ ആകാശത്തിൽ കാണുന്ന പ്രകാശത്തിനോ ആണ്. ഏതോ നക്ഷത്രം പൊട്ടി വീഴുന്നതുപോലെ അത് തോന്നും. ഈ രണ്ട് വസ്തുക്കൾക്കും ***മുബീൻ*** എന്ന വിശേഷണം അനവസരവും നിരർത്ഥകവുമാണ്. എന്നാൽ ആത്മീയാകാശമാണ് ഇതുകൊണ്ടുള്ള ഉദ്ദേശ്യം എന്ന് കരുതുകയും ശിഹാബ് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ദൈവികമായ സഹായങ്ങളും അടയാളങ്ങളും കൊണ്ടുവരികയും ദൈവികവചനത്തിൽ വിള്ളലുണ്ടാക്കാൻ ശ്രമിക്കുന്നവർക്കെതിരെ പോരാടുകയും ചെയ്യുന്ന പ്രവാചകന്മാരുമാണെന്ന് മനസ്സിലാക്കുകയും ചെയ്താൽ ഈ ***മുബീൻ*** എന്ന വിശേഷണം തികച്ചും അവസരോചിതമായി കാണാൻ കഴിയും. കാരണം ഇങ്ങനെ വരുമ്പോൾ ശിഹാബിനോടു ചേർന്നുവന്ന മുബീൻ എന്ന പദത്തിന്റെ ഉപയോഗം കൂടുതൽ പ്രയോജനകരവും വ്യക്തമായൊരു അടയാളത്തിന്റെ അർത്ഥം വിളിച്ചോതുന്നതുമായിത്തീരും. പറയുന്നു: അല്ലാഹുവിന്റെ വചനം ആകാശത്തിലായിരിക്കുന്നതുവരെ, ആത്മീയമായ ആകാശത്തിന്റെ ഗ്രഹണങ്ങളിൽ അതായത് നബിമാരിൽ ഇറങ്ങുന്നതുവരെ തികച്ചും സുരക്ഷിതമായിരിക്കും. എന്നാൽ, താഴത്തെ ആകാശത്തിൽ ഇറങ്ങിയതിനുശേഷം, മനുഷ്യകുലത്തിന്റെ മുമ്പിൽ അത് സമർപ്പിക്കപ്പെടുമ്പോൾ, കേട്ട കാര്യങ്ങളിൽ അത് പെട്ടുപോകുന്നു. അങ്ങനെ അത് അദൃശ്യത്തിൽനിന്ന് ദൃശ്യത്തിലേക്ക് വരുന്നു. ജനങ്ങൾ പരസ്പരം ആ വചനം കേൾപ്പിക്കാൻ തുടങ്ങുന്നു. അപ്പോൾ ശയ്ത്വാൻ അഥവാ നബിമാരുടെ ശത്രുക്കൾ ആ വചനങ്ങൾ മോഷ്ടിച്ചെടുക്കുന്നു. അതായത് അന്യായമായി ആ വചനങ്ങൾ തട്ടിയെടുക്കുന്നു. അതിനെ ദുർവിനിയോഗം ചെയ്യുന്നു. അപ്പോൾ, കാലത്തിന്റെ നബിമുഖേന അവരുടെമേൽ ദൈവികശിക്ഷ ഇറങ്ങുകയോ അല്ലെങ്കിൽ നബിമാരോ അവരുടെ അനുയായികളോ ആ വചനത്തിന്റെ യാഥാർത്ഥ്യം ജനങ്ങൾക്ക് വ്യക്തമാക്കികൊടുത്തുകൊണ്ട് ആ കള്ളന്മാരുടെ വഞ്ചനയെ വെളിപ്പെടുത്തുകയോ ചെയ്യുന്നു. അങ്ങനെ ശയ്ത്വാൻ നിന്ദ്യമായ ശിക്ഷയിൽ അകപ്പെടുന്നു. സത്യത്തിന്റെ പ്രഭയിൽ ആ മോഷ്ടാക്കളുടെ യാഥാർത്ഥ്യം പ്രകടമാകുകയും ചെയ്യുന്നു.

ഈ വചനത്തിൽ ദൈവികവചനം മോഷ്ടിച്ചെടുക്കുന്നു എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, കള്ളൻ അന്യായമായി മറ്റുള്ളവരുടെ ധനം കവർന്നെടുക്കുന്നതുപോലെ അവർ അന്യായമായി ദൈവികവചനങ്ങളെ കവർന്നെടുക്കുന്നു എന്നാണ്. അതായത്, അതിന്റെ അർത്ഥങ്ങൾ മനസ്സിലാക്കി വിശ്വസിക്കാതെ ദുരുപയോഗം ചെയ്യുന്നതിനും തെറ്റായ അർത്ഥകല്പനകൾ നല്കി ജനങ്ങളെ വഴിപിഴപ്പിക്കാനും വേണ്ടി മാത്രം ദൈവികവചനത്തെ കവർന്നെടുക്കുന്നു.

ദൈവികവചനം മോഷ്ടിക്കുന്നുവെന്നതിന് മറ്റൊരു അർത്ഥംകൂടിയുണ്ട്. അതായത്, നബിമാരുടെ ചില അദ്ധ്യാപനങ്ങളെ ഇക്കാലത്തുള്ള ആളുകൾ തങ്ങളുടേതെന്ന നിലയിൽ പ്രചരിപ്പിക്കുന്നു. നബിമാർക്കുള്ള ആജ്ഞാനങ്ങളെക്കുറിച്ച് തങ്ങൾക്കുമറിയാം എന്ന് സ്ഥാപിക്കാനും നബിമാർ അവരുടെ അറിവുകൾ മോഷ്ടിച്ചെടുക്കുന്നതാണെന്ന് വരുത്തിത്തീർക്കാനുമാണ് അവർ ശ്രമിക്കുന്നത്. എന്നാൽ, കള്ളന്റെ വസ്ത്രം തിരിച്ചറിയപ്പെടുന്നതുപോലെ– അത് കള്ളന്റെ ശരീരത്തിന് പാകമാകുകയില്ല– നബിമാരിൽനിന്ന് മോഷ്ടിച്ചെടുത്ത അദ്ധ്യാപനം ആ കള്ളന്മാരുടെ മറ്റു വിശ്വാസാദർശങ്ങളോടു പൊരുത്തപ്പെടുകയില്ല. നബിമാരും അവരുടെ അനുയായികളും അവയുടെ യാഥാർത്ഥ്യം തുറക്കുമ്പോൾ അവരുടെ മോഷണം വെളിച്ചത്തുവരുന്നു.

ഈ രണ്ടുകാര്യങ്ങളും എല്ലാ നബിമാർക്കും നേരിടേണ്ടിവന്നിട്ടുണ്ട്. നബിമാരുടെ ഉന്നതമായ അദ്ധ്യാപനങ്ങളെ ആളുകൾ തങ്ങളുടെ അദ്ധ്യാപനങ്ങളായി വെളിപ്പെടുത്താൻ എപ്പോഴും ശ്രമിച്ചുപോന്നിട്ടുണ്ട്. ഇപ്രകാരം അതിന്റെ പ്രാധാന്യത്തെ ഇല്ലായ്മ ചെയ്യാൻ അവർ ആഗ്രഹിക്കുന്നു. എല്ലാ നബിമാരേക്കാളുമധികം ഇത്തരം ആക്രമണമുണ്ടായത് നബി(സ) തിരുമേനിയുടെ മേലാണ്. ക്രിസ്ത്യാനികളും ആര്യസമാജികളുമായ എഴുത്തുകാർ വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളുടെ കഷണങ്ങൾ എടുത്തുകൊണ്ട്, അത് അവരുടെ മതഗ്രന്ഥങ്ങളിൽനിന്ന് എടുത്തിട്ടുള്ളതാണെന്ന് വരുത്തിത്തീർക്കാൻ ഒരുപാട് ശ്രമിച്ചിട്ടുണ്ട്. എന്നാൽ, നബി(സ) തിരുമേനി കൊണ്ടുവന്ന പ്രകാശം വെളിപ്പെടുത്തുകയും നിങ്ങളെടുത്ത കഷണങ്ങൾ സുദീർഘമായ ഒരു ചങ്ങലയിലെ കണ്ണി മാത്രമാണെന്നും നിങ്ങൾക്ക് ഭാവനയിൽപോലും കാണാൻ കഴിയാത്ത വിശാലമായ അർത്ഥങ്ങൾ അത് ഉൾക്കൊള്ളുന്നവയാണെന്നും പറയുമ്പോൾ അവരുടെ ഉള്ളിലിരിപ്പ് മറനീക്കി പുറത്തുവരുന്നു. അത്തരം ആക്രമണം നടത്തുന്നവരിലൊരാളാണ് 'യനാബീഉൽഇസ്‌ലാം' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്. അയാൾ മനഃപൂർവ്വം ഖുർആനിക അർത്ഥങ്ങളുടെ കഷണങ്ങൾ എടുത്തുകൊണ്ട് അത് മുൻപേവന്ന മതങ്ങളുടെ ഗ്രന്ഥങ്ങളിൽനിന്നെടുത്തതാണെന്ന് സ്ഥാപിക്കാൻ ശ്രമം നടത്തിയിരിക്കുന്നു. വാസ്തവത്തിൽ ആ കഷണങ്ങൾ അഖിലത്തിന്റെ ഒരംശമാണ്. പൂർണ്ണമായതിൽനിന്ന് അവയെ വേർപ്പെടുത്താനെ സാധ്യമല്ല. അവയെ മറ്റെന്തെങ്കിലും വസ്തുവിന്റെ ഭാഗമാണെന്ന് പറയാനേ പറ്റാത്തവിധം അവ ആ പരിപൂർണ്ണതയോടു ചേർന്നിരിക്കുന്നു.

ദൈവികവചനം മോഷ്ടിച്ചെടുക്കുന്നതിനെക്കുറിച്ച് രണ്ടാമത് ഞാൻ പറഞ്ഞ അർത്ഥം, ദൈവികവചനങ്ങളുടെ ചില കഷണങ്ങൾ എടുത്തുകൊണ്ട് തെറ്റായ നിലയിൽ ലോകത്തിന്റെ മുമ്പിൽ അത് സമർപ്പിക്കുന്നുവെന്നാണ്. എല്ലാ നബിമാരോടും ഇത്തരം സമീപനം ഉണ്ടായിട്ടുണ്ട്. ഓരോ നബിയുടെയും ഇൽഹാം അഥവാ വെളിപ്പാടിനെ എതിരാളികൾ അലങ്കോലപ്പെടുത്തി ജനങ്ങളോട് പറഞ്ഞുകൊണ്ടിരുന്നു; നബിമാർക്കെതിരിൽ ജനങ്ങളുടെ കോപം ജ്വലിപ്പിച്ചുയരാനാണ് ഇങ്ങനെ ചെയ്തത്. അവരുടെ ഇൽഹാമിന്റെ യഥാർത്ഥ ഉദ്ദേശ്യത്തെ മാറ്റിമറിച്ച് പ്രചരിപ്പിക്കുകയും കള്ളന്മാരെപോലെ ദുരുപയോഗം ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു. അപ്പോൾ അല്ലാഹു തന്റെ

നബിമാരുടെ അടയാളങ്ങളും ദിവ്യദൃഷ്ടാന്തങ്ങളുംകൊണ്ട് (വിശ്വാസികളെ) സഹായിച്ചു. ഒരുഭാഗത്ത് തെളിവുകൾകൊണ്ട് ആക്ഷേപകരുടെ തെറ്റായ അർത്ഥങ്ങൾ ദൂരീകരിച്ചു. മറുഭാഗത്ത് തന്റെ കോപവും ശക്തിയും വെളിപ്പെടുത്തി അടയാളങ്ങൾ മുഖേന തന്റെ നബിമാരെ സഹായിച്ചുകൊണ്ട് അവരുടെ ശത്രുക്കളെ നശിപ്പിക്കുകയും അങ്ങനെ ദൈവികവചനങ്ങളെ സംരക്ഷിക്കുകയും ചെയ്തു.

ചില സന്ദർഭങ്ങളിൽ നബിയുടെ അനുയായികളും ദീനീബോധമില്ലാതെയും നിർബന്ധത്തിന് വഴങ്ങിയും മതാദ്ധ്യാപനങ്ങളെ തകിടം മറിക്കാറുണ്ട്. ദൈവികവചനത്തിന് എന്തൊക്കെയോ അർത്ഥം കൊടുക്കുന്നു. അതിന്റെ ഗുണഗണങ്ങളെ തെറ്റായ വ്യാഖ്യാനം നല്കി മറച്ചുവയ്ക്കുന്നു. അപ്പോൾ അല്ലാഹു തന്റെ നബിയുടെ അനുയായികളിൽനിന്ന് ആരെയെങ്കിലും ***ശിഹാബുസ്സാഖിബോ, ശിഹാബുൻമുബീനോ*** ആക്കിക്കൊണ്ട് അതായത് ഇൽഹാം നല്കിക്കൊണ്ടും തന്റെ അടയാളങ്ങൾകൊണ്ട് ശക്തിപ്പെടുത്തിയും ആത്മീയാകാശത്ത് നിന്നിറക്കുന്നു. അത്തരം ശയ്ത്വാന്മാരുടെ തലഞെരിച്ച് ദൈവികവചനത്തെ വീണ്ടും അതിന്റെ യഥാർത്ഥസ്ഥാനത്ത് സ്ഥാപിക്കുന്നതിനും ചിന്നിച്ചിതറുകയും നശിച്ചുപോകുകയും ചെയ്യുമെന്ന നിലയിലെത്തിയ ആ വചനങ്ങളെ വീണ്ടും സുരക്ഷിതമാക്കുന്നതിനും അതിന്റെ ശരിയായ ഉദ്ദേശ്യങ്ങൾ ജനങ്ങൾക്ക് വീണ്ടും വെളിപ്പെടുത്തുന്നതിനും വേണ്ടിയാണ് അവരെ എഴുന്നേല്പിക്കുന്നത്.

മുകളിൽ പ്രതിപാദിച്ച വിഷയത്തിൽനിന്ന് ഈ വചനങ്ങളിൽ നക്ഷത്രങ്ങൾ എന്നതുകൊണ്ടുള്ള വിവക്ഷിതം നബിമാരാണെന്ന് വ്യക്തമാകുന്നുണ്ട്. ***ശിഹാബുൻമുബീൻ*** അല്ലെങ്കിൽ ***ശിഹാബുസ്സാഖിബ്*** എന്നതുകൊണ്ടുള്ള ഉദ്ദേശ്യം കാലത്തിന്റെ നബിയാണ്. കാരണം ഓരോ നബിയും ഒരു നക്ഷത്രമാണ്. ആത്മീയാകാശത്തിന് അലങ്കാരമാണ്. എന്നാൽ, എല്ലാ നബിയും എല്ലാകാലത്തും ശിഹാബിന്റെ പ്രയോജനം ചെയ്യുകയില്ല. മതത്തിൽ കൈകടത്തിക്കൊണ്ടിരിക്കുന്ന ശയ്ത്വാന്റെ നാശത്തിന് കാരണക്കാരാവുകയില്ല. ഈ പ്രവൃത്തി കാലത്തിന്റെ നബിമാത്രമാണ് ചെയ്യുന്നത്. അല്ലെങ്കിൽ ജീവസുറ്റ നുബുവ്വത്തുള്ളതും പ്രവർത്തനയോഗ്യമായ ശരീഅത്തുള്ളതുമായ നബിയാണ് അത് ചെയ്യുന്നത്. അത്തരം നബിയുടെ ഉമ്മത്തിൽ ദോഷങ്ങളുണ്ടായി രണ്ടാമത്തെ ത്വാബിഅ് നബി- നിയോഗിതനായാൽ- ആദ്യത്തെ നബിയുടെ ശരീഅത്തിനെ പുനരുദ്ധരിക്കുന്നതിന് നിയോഗിതനാകുന്ന കാരണത്താൽ ആ മഹാത്മാവിന്റെ പരിശുദ്ധമായ ശക്തിവിലാസം ആ താബിഅ് നബി മുഖേന പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു- ശിഹാബ് എന്നുതന്നെ പറയപ്പെടുന്നതാണ്. ഈ വിശദീകരണമനുസരിച്ച് ഹസ്റത്ത് മൂസാ, ഹസ്റത്ത് ഈസാ(അ)ഉം മറ്റുള്ള പ്രവാചകന്മാരും ആത്മീയാകാശത്തിന്റെ നക്ഷത്രങ്ങളാണെന്നത് ശരിതന്നെ, എന്നാൽ അവർ ശിഹാബ് അല്ല. കാരണം, ആ കാലത്ത് ശയ്ത്വാനെ എറിയുന്നതിനായി അല്ലാഹു അവരെ ഉപയോഗിച്ചിട്ടില്ല. എന്നാൽ മുഹമ്മദ് റസൂൽ(സ) ശിഹാബ് ആണ്. കാരണം ആ മഹാത്മാവിന്റെ പ്രതിരൂപങ്ങൾ ഈ ജോലി ഖിയാമത്തുന്നാൾവരെ ചെയ്തുകൊണ്ടിരിക്കുന്നു.

പറഞ്ഞതിന്റെ സംക്ഷിപ്തം ഇതാണ്. ഈ വചനങ്ങളിൽ ***ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വഇന്നാ ലഹൂ ലഹാഫിളൂൻ*** എന്ന വചനത്തിന്റെ യാഥാർത്ഥ്യം എന്താണെന്ന് പറഞ്ഞിരിക്കുന്നു. തന്നിൽനിന്നിറങ്ങിയതും ***അദ്ദിക്ർ*** എന്ന് പറയപ്പെടാൻ അർഹമായതുമായ എല്ലാ വചനങ്ങളേയും അല്ലാഹു എങ്ങനെയൊ ക്കെയാണ് സംരക്ഷിക്കുന്നതെന്ന് പറഞ്ഞിരിക്കുന്നു. ബാഹ്യമായും ആന്തരികമായും നബിയുടെ കാലഘട്ടത്തിലും അതിനുശേഷവും വിശുദ്ധഖുർആന്റെ സംരക്ഷണം ഈ എല്ലാ വഴിയിലൂടെയും അവൻ നടത്തുന്നതാണ്. ഈ വചനങ്ങൾ സൂറഃഹജ്ജിലെ താഴെ കാണുന്ന വചനങ്ങൾക്ക് സമാനമായ അർത്ഥമുൾക്കൊള്ളുന്നതാണ്. ******* (22:53)

അതായത് ഓരോ നബിയോടും ഓരോ റസൂലിനോടും ഇത്തരം സമീപനം ഉണ്ടായിട്ടുണ്ട്. അവർ അല്ലാഹുവിന്റെ വചനം ജനങ്ങൾക്ക് ഓതിക്കേൾപ്പിച്ചപ്പോഴെല്ലാം ശയ്ത്വാൻ അവരിൽനിന്നുകേട്ട വചനങ്ങളിൽ തങ്ങളുടേതായ അർത്ഥങ്ങൾ കൈയിൽനിന്നിട്ട്, മാറ്റിമറിച്ച് വിഷയങ്ങൾ ജനങ്ങളെ കേൾപ്പിക്കാൻ തുടങ്ങി. അവസാനം അവർ കൂട്ടിക്കലർത്തിയ കാര്യങ്ങളെ അല്ലാഹു നീക്കം ചെയ്യുകയും ദൈവികവചനത്തെ നിലനിറുത്തുകയും ചെയ്തു. അതായത്, ജനങ്ങൾ ദൈവികവചനത്തെ അലങ്കോലപ്പെടുത്തി മറ്റുള്ളവരെ വഴിപിഴപ്പിക്കുന്നു എന്നതു ശരിതന്നെ. പക്ഷേ, അവസാനം ദൈവികവചനത്തിന്റെ സത്യത വെളിപ്പെടുകയും ജനങ്ങൾ പരാജിതരും ലക്ഷ്യം നേടാത്തവരുമായിത്തീരുന്നു.

ഈ രണ്ട് വചനങ്ങളിലും അതിയായ സാദൃശ്യം കാണാം. ആത്മീയാകാശത്തെ സംരക്ഷിക്കുന്നുവെന്ന് സൂറഃഹിജ്റിലും പറഞ്ഞിട്ടുണ്ട്. അല്ലാഹുതആല ദൈവികവചനത്തെ സംരക്ഷിക്കുമെന്ന് ഇവിടെയും വിവരിച്ചിട്ടുണ്ട്. ശയ്ത്വാൻ ആകാശകാര്യങ്ങളിൽ കൈകടത്താൻ ആഗ്രഹിക്കുന്നുവെന്ന് സൂറഃഹിജ്റിലും, സൂറഃഹജ്ജിലും പറയുന്നു. കൈകടത്തുന്നവരെ നശിപ്പിക്കുമെന്ന് സൂറഃഹിജ്റിലും ഇവിടെ സൂറഃഹജ്ജിലും അല്ലാഹു പറയുന്നു. രണ്ടിന്റേയും ഉള്ളടക്കങ്ങളിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് ഒരേ വിഷയംതന്നെയാണ് രണ്ടിലും പ്രതിപാദിക്കപ്പെട്ടിരിക്കുന്നതെന്നാണ്. ഈ ആകാശങ്ങളുടെ സൗന്ദര്യത്തിന്റെയും അതിന്റെ സംരക്ഷണത്തിന്റേയും വിവരണം എല്ലായിടത്തും പറഞ്ഞിട്ടുള്ളത് ദൈവികവചനത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളതിനു ശേഷമാണ്. ഇതിൽനിന്ന് ഇവിടെ ആത്മീയാകാശത്തേയും അതിന്റെ സംരക്ഷണത്തേയും കുറിച്ചാണ് പറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാണ്. അല്ലാതെ ഭൗതികാകാശത്തെയോ അതിന്റെ സംരക്ഷണത്തെയോ കുറിച്ചല്ല. ഭൗതികാകാശത്തോട് ഉപമിച്ചിരിക്കുന്നുവെന്നു മാത്രം. അതിനെക്കാളുപരിയായി അതിനു ഇതുമായി ഒരു ബന്ധവുമില്ല. സുരക്ഷിതമായ ദൈവവചനത്തിന്റെ ലക്ഷണമായി ഈ ആയത്തിൽ പറയപ്പെട്ടിരിക്കുന്നത്, ആരെങ്കിലും അതിൽ കൈകടത്താൻ ആഗ്രഹിച്ചാൽ അതിന്റെ സംരക്ഷണത്തിനായി ശിഹാബ് ഇറങ്ങുന്നുവെന്നാണ്. ഏതൊരു വചനത്തിന്റെ സംരക്ഷണത്തിനായി ശിഹാബ് ഇറങ്ങുന്നില്ലയോ ആ ദൈവികവചനം സുരക്ഷിതമല്ലെന്ന് അംഗീകരിക്കേണ്ടിവരും. അപ്പോൾ അത് ***അദ്ദിക്ർ*** എന്ന സ്ഥാനത്തുനിന്ന് വീണുപോയി.

ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്
(ഖലീഫത്തുൽ മസീഹ് സാനി)

# നമ്മുടെ സമ്മേളനംഹജ്ജ് പോലെ

എല്ലാവർഷവും നടത്തിവരുന്ന ഒന്നാണ് ജൽസ. കമ്മിറ്റികൾ മറ്റു കമ്മിറ്റികളുടെ ചട്ടങ്ങളിൽനിന്നും നിയമങ്ങളിൽനിന്നും ഫലമെടുക്കുന്നതുപോലെ, സമ്മേളനംപോലുള്ള മറ്റേതെങ്കിലും കാര്യങ്ങളിൽ നിന്ന് ഫലമെടുത്ത് നമ്മളും അതിനെ പ്രയോജനപ്പെടുത്തേണ്ടതാണ്. മറ്റൊരു കമ്മിറ്റിയോടോ സമ്മേളനത്തോടോ ഒരുതരത്തിലും നമ്മുടെ ഈ സമ്മേളനത്തെ സാദൃശ്യപ്പെടുത്താൻ ഒക്കുകയില്ല. സംഘടനകളും സമാജങ്ങളും ലോകത്ത് ഒരുപാടുണ്ട്. പക്ഷേ, അവ മനുഷ്യനിർമ്മിതമായതുകൊണ്ട് അവയോട് നമ്മുടെ സമ്മേളനത്തെ ഉപമിക്കാൻ പറ്റുകയില്ല. അല്ലാഹുവിന്റെ പ്രവൃത്തിയും അവൻ സ്ഥാപിച്ചതുമായ ഒരു കാര്യത്തിനുവേണ്ടിയാണ് നാം ഉദാഹരണം തേടുന്നത്. ജനങ്ങൾ പലസ്ഥലത്തും ഒത്തുചേരുന്നു. ഉത്സവം കൊണ്ടാടുന്നു. സമ്മേളനങ്ങൾ നടത്തുന്നു. എന്നാൽ, നാം ഉത്സവങ്ങളിൽ പങ്കെടുക്കാനല്ല ഒന്നിച്ചുചേരുന്നത്. തമാശകൾ കാണുക എന്നതല്ല നമ്മുടെ ലക്ഷ്യം. ജനങ്ങൾ തമാശകൾ കാണുന്നതിനുവേണ്ടിയാണ് ഒന്നിച്ചുചേരുന്നത്. വലിയ വലിയ സാധനസാമഗ്രികൾ കൊണ്ടുവരുന്നു. വാണിജ്യം സജീവമാകുന്നു. അതിനുവേണ്ടിയുമല്ല നാം ഒന്നിച്ചുചേരുന്നത്. ഈ പരിതസ്ഥിതിയിൽ നാമെങ്ങനെയാണ് നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കേണ്ടത്. ഏതൊരു കാര്യത്തിനോടാണ് നാം സമ്മേളനത്തെ ഉദാഹരിക്കേണ്ടത്. നമ്മുടെ സമ്മേളനത്തെ സാദൃശ്യപ്പെടുത്താൻ പറ്റിയ ഒരേയൊരു കാര്യമേ ലോകത്തുള്ളൂ. അത് ഹജ്ജാണ്. ഹജ്ജ് ഏതെങ്കിലും ഉത്സവമല്ല. പ്രദർശനവുമല്ല. ഏതെങ്കിലും സംഘടനയുടെ സമ്മേളനവുമല്ല. അത് അല്ലാഹു നിശ്ചയിച്ചിട്ടുള്ള കാര്യമാണ്. അത് ദീനിനുവേണ്ടി സ്ഥാപിക്കപ്പെട്ടതാണ്. അല്ലാഹുവിന്റെ നബിമാർ മുഖേനയാണ് അത് സ്ഥാപിതമായത്. അതുകൊണ്ട് ഹജ്ജിന് എന്തെന്തെല്ലാം നിയമങ്ങളും ചട്ടങ്ങളുമുണ്ടോ അതിൽനിന്ന് നാം ഫലമെടുക്കേണ്ടതാണ്. ഞാനോതിയ വചനത്തിൽ ഹജ്ജിന് പാലിക്കേണ്ട കല്പനകളാണുള്ളത്. *(2:198)*

അല്ലാഹു പറയുന്നു: ഹജ്ജ് സുപരിചിതങ്ങളായ മാസങ്ങളാകുന്നു. (ശവ്വാൽ, ദുൽഖഅ്ദ്, ദുൽഹജ്ജ്. മുഴുവൻ മാസമോ അല്ലെങ്കിൽ പത്ത് ദിവസമോ) അതിനാൽ ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് ചെയ്യുമെന്ന് ഉറച്ചുകഴിഞ്ഞാൽ അയാൾ ഹജ്ജിൽ ***റഫസോ ഫുസൂഖോ ജിദാലോ*** ചെയ്യരുത്. ഇതയാൾക്ക് അനുവദനീയമല്ല. ഹജ്ജിൽ ***റഫസോ ഫുസൂഖോ ജിദാലോ*** ചെയ്യരുതെന്ന് ഹജ്ജിനുപോകുന്ന ഓരോരുത്തരോടും അല്ലാഹു പറയുന്നു.

എന്താണ് റഫസ്? സംയോഗത്തിനാണ് റഫസ് എന്നു പറയുന്നത്. ഹജ്ജിൽ ഇത് വിരോധമാണ്. പക്ഷേ ഇതിന് മറ്റു അർത്ഥങ്ങളുണ്ട്. ആ അർത്ഥങ്ങൾ ഇവിടെ നല്ലവണ്ണം യോജിക്കുന്നുമുണ്ട്. ചീത്ത സംസാരം, തെറി വിളിക്കുക, അസഭ്യകാര്യങ്ങൾ വിവരിക്കുക, അശ്ലീലകഥകൾ കേൾപ്പിക്കുക, നിരർത്ഥകവും അനാവശ്യവുമായ വർത്തമാനം. ഇതിന് പഞ്ചാബിയിൽ പറയുന്നത് 'ഗപ്പേ മാർനാ' എന്നാണ്. അതായത് വിടുവായത്തം പറയുക. ആരെങ്കിലും ഹജ്ജിനു പോകുകയാണെങ്കിൽ അയാൾ ഒരുതരത്തിലുള്ള ചീത്തസംസാരങ്ങളിലും ഏർപ്പെടുരുത്. അശ്ലീലകഥകളോ വിടുവായത്തമോ പറയുകയുമരുത്.

***ഫുസൂഖ്*** എന്നതിന്റെ അർത്ഥം അനുസരണത്തിൽ നിന്നും ആജ്ഞാപാലനത്തിൽനിന്നും പുറത്തുപോകുക എന്നാണ്. അല്ലാഹുവിനെ അനുസരിക്കുന്നതിൽനിന്ന് പുറത്തുപോകാതിരിക്കേണ്ടത് ഹാജിമാർക്ക് നിർബന്ധമാണ്. അവർ എല്ലാ കല്പനകളും പാലിക്കേണ്ടതാണ്.

***ജിദാൽ***: ആളുകൾ കൂടുമ്പോൾ അവിടെ അടിപിടിയും ഉണ്ടാകാറുണ്ട്. കാരണം ആളുകളുടെ സ്വഭാവം പലതരത്തിലാണ്. ചിലർ വിട്ടുവീഴ്ചയില്ലാത്ത പിടിവാശിക്കാരായിരിക്കും. അതുകൊണ്ട് അവരിൽ നിസാര കാര്യംപോലും വഴക്കിന് കാരണമായിത്തീരുന്നു. ഉദാഹരണം, അവനെന്റെ സ്ഥലം എടുത്തു, എന്നെ തള്ളിത്താഴെയിട്ടു അങ്ങനെ തുടങ്ങി പലതും. അതുകൊണ്ടാണ് വഴക്കിടരുത് എന്ന് പറഞ്ഞത്. ഹജ്ജിന് പുറപ്പെടുമ്പോൾ ഈ മൂന്നുകാര്യങ്ങൾ ഓർമ്മിക്കണമെന്ന് അല്ലാഹു മുസ്ലിംകളോട് പറഞ്ഞു.

ഇന്ന് സമ്മേളനത്തിന്റെ ആദ്യ ദിവസമാണ്. നമ്മുടെ സമ്മേളനവും ഹജ്ജുപോലെയാണ്. സത്യവിശ്വാസിയുടെ പുരോഗതിക്കായിട്ടാണ് അല്ലാഹു ഹജ്ജ് നിശ്ചയിച്ചിട്ടുള്ളത്. ഇന്ന് അഹ്മദികൾക്ക് മതപരമായ അടിസ്ഥാനത്തിൽ ഹജ്ജ് ഫലപ്രദമാണെങ്കിലും ഇതിന്റെ യഥാർത്ഥ ഉദ്ദേശ്യമായ ജനതയുടെ ആത്മീയപുരോഗതി അതിൽനിന്ന് അവർക്ക് ലഭിക്കുക സാദ്ധ്യമല്ല. കാരണം ഹജ്ജിന്റെ സ്ഥലം ഇന്നുള്ളത് അഹ്മദികളെ വധിക്കുന്നതുപോലും അനുവദനീയമാണെന്ന് കരുതുന്ന ഒരുപറ്റം ആളുകളുടെ കയ്യിലാണ്. അതുകൊണ്ട് അല്ലാഹു ഖാദിയാനെ ഈ പ്രവർത്തനത്തിനായി നിശ്ചയിച്ചിരിക്കുന്നു. നമ്മുടെ ആളുകളിൽ അല്ലാഹു തൗഫീഖ് നല്കി അനുഗ്രഹിക്കുന്നവർ ഹജ്ജ് ചെയ്യാറുണ്ട്. എന്നാൽ, അവർ ഹജ്ജ് കൊണ്ടുദ്ദേശിക്കുന്ന യഥാർത്ഥ ഫലമെടുക്കുന്നത് സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ടാണ്. അല്ലാഹു പറയുന്നു ഈ ഉദ്ദേശ്യത്തോടെ പുറപ്പെടുന്നവർ അശ്ലീലവും നിരർത്ഥവുമായ കാര്യങ്ങൾ സംസാരിക്കരുത്. അല്ലാഹുവിന്റെ കല്പനയെ ധിക്കരിക്കരുത്. വഴക്കും അടിപിടിയും ഉണ്ടാക്കുകയുമരുത്. *(ബർക്കാത്തെ ഖിലാഫ, പേ-5)*

●

ഖുത്വ്ബ

**ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
(ഖലീഫത്തുൽ മസീഹ് ഖാമിസ്)

# അതിഥികളുടെ കടമകൾ

ഇന്ന് വൈകുന്നേരം ഇൻശാഅല്ലാഹ് ഔപചാരികമായ ഉദ്ഘാടനത്തോടുകൂടി യു.കെ. അഹ്മദിയ്യാ ജമാഅത്തിന്റെ വാർഷികജൽസ ആരംഭിക്കുകയാണ്. പക്ഷേ, ജൽസയുടെ ശോഭയും അതിന്റെ പ്രവൃത്തിയും അതിഥികളുടെ വരവുമെല്ലാം അടങ്ങുന്ന വർണ്ണപ്പകിട്ട് തുടങ്ങിയിട്ട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ ദിവസങ്ങളായി.

നബിതിരുമേനി(സ)ന്റെ ജീവിതത്തിന്റെ വെളിച്ചത്തിൽ ഇന്ന് അതിഥികളോട് ചില കാര്യങ്ങൾ പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അതിഥികൾക്കും ചില ഉത്തരവാദിത്തങ്ങളുണ്ട്. ആ ഉത്തരവാദിത്തങ്ങൾ അതിഥികൾ നല്ലവണ്ണം നിറവേറ്റുകയാണെങ്കിൽ, സമൂഹത്തിലെ ബന്ധങ്ങൾ കൂടുതൽ ശക്തമാകുന്നതാണ്. അതിഥികളെ ശ്രദ്ധിക്കുകയും, അവർക്ക് അവരുടെ അവകാശം നല്കുകയും ചെയ്യുക എന്ന് സത്യവിശ്വാസിയോട് കല്പിക്കുന്നിടത്ത്, അതിഥികൾ എങ്ങനെയാണ് തങ്ങളുടെ കടമ നിറവേറ്റേണ്ടതെന്നും പറഞ്ഞിരിക്കുന്നു. അതായത് എങ്ങനെയാണ് അതിഥിയായിക്കൊണ്ട് ഒരു വീട്ടിൽ പോകേണ്ടത്? എപ്പോഴാണ് പോകേണ്ടത്?

പോകുന്ന ഉദ്ദേശ്യം പൂർത്തിയായിക്കഴിഞ്ഞാൽ മടങ്ങിവരേണ്ടതാണ്. വീട്ടുകാരെ വിഷമിപ്പിക്കുന്ന പ്രവൃത്തികളൊന്നും ചെയ്യരുത്. അതിഥികൾ ഇക്കാര്യം ശ്രദ്ധിക്കുകയാണെങ്കിൽ സമൂഹത്തിൽ ഇതുമൂലമുണ്ടാകുന്ന അസ്വസ്ഥതകൾ അവസാനിക്കുന്നതാണ്.

പൊതുവെ സമൂഹത്തിൽ പ്രത്യേകിച്ച് നമ്മുടെ രാജ്യങ്ങളിൽ പെട്ടെന്നാണ് ഒരുപാട് അതിഥികൾ ഒരുമിച്ചുവരുന്നത്. എന്തുചെയ്യണമെന്നറിയാതെ വീട്ടുകാർ വിഷമിക്കുന്നു. നല്ലവണ്ണം അവരെ സൽക്കരിക്കാൻ പറ്റിയ അവസ്ഥയായിരിക്കുകയില്ല മിക്കപ്പോഴും. അതുകൊണ്ടാണ് പറഞ്ഞത്. ***ലാ തദ്ഖുലൂ ബുയൂത്തൻ ഗയ്റ ബുയൂത്തിക്കും ഹത്താ തസ്തഅ്നിസൂ വ തുസല്ലിമൂ അലാ അഹ്‌ലിഹാ.*** നിങ്ങളുടേതല്ലാത്ത വീടുകളിൽ, ആ വീട്ടുകാരോട് അനുമതി ചോദിക്കുകയും അവർക്ക് സലാം ചൊല്ലുകയും ചെയ്തിട്ടല്ലാതെ നിങ്ങൾ പ്രവേശിക്കരുത്. (24:28)

അനുമതി വാങ്ങുക എന്നത് വീട്ടിൽ ചെന്നിട്ട് മാത്രമായിക്കൊള്ളണമെന്നില്ല. ഇക്കാലത്ത് വളരെ ദൂരെയിരുന്നുകൊണ്ടും അനുമതി വാങ്ങാവുന്നതാണ്. അനുമതി കിട്ടിക്കഴിഞ്ഞാൽ, ആ വീട്ടിൽ പോകുന്നതുകൊണ്ട് കുഴപ്പമൊന്നുമില്ല. മറ്റു രാജ്യങ്ങളിൽനിന്ന് ഇവിടെ ജൽസയിൽ പങ്കെടുക്കാൻ അതിഥികളെത്തുന്നു. അവർ പുറംദേശത്തുനിന്നാണ് വരുന്നതെന്നും വിമാനത്തിലാണ് വരുന്നതെന്നും, തങ്ങളെ സ്വീകരിക്കാൻ ആരെങ്കിലും വരണമെന്നും മുൻകൂട്ടി അറിയിക്കുന്നു. ഇവിടെ അതിഥി സൽക്കാരത്തെക്കുറിച്ച് പൊതുവെയുള്ള കാര്യങ്ങളാണ് പറഞ്ഞുവരുന്നത്. അതുകൊണ്ട് ഞാൻ ഇതുംകൂടി പറയട്ടെ. മുന്നറിയിപ്പൊന്നും കൂടാതെ പെട്ടെന്ന് ഏതെങ്കിലും വീട്ടിൽ ചെല്ലുക എന്നത് നമ്മുടെ നാടുകളിൽ കണ്ടുവരുന്ന മൊത്തത്തിലുള്ള ഒരു ശീലമാണ്. പാക്കിസ്ഥാനിൽ ഇത് സ്ഥിരമാണ്. ഇത് അതിഥിയുടേയും ആതിഥേയരുടേയും സ്വഭാവമായിത്തീർന്നിരുക്കുന്നു. അതുകൊണ്ട് ഇരുകൂട്ടരും ഇതത്ര കാര്യമാക്കാറില്ല. എന്നാൽ, ഇങ്ങനെയാണെങ്കിലും ഭക്ഷണം തുടങ്ങിയവയിൽ താമസം നേരിട്ടാൽ ചിലപ്പോൾ ചില അതിഥികൾ ഉച്ചയ്ക്കുള്ള ഭക്ഷണം വൈകിട്ടാണ് നല്കിയതെന്ന് പറഞ്ഞ് പരാതിപ്പെടുന്നു. അറിയിച്ചുചെന്നാലും, എത്തിയതിനുശേഷം ആഹാരം തയ്യാറാക്കാൻ തുടങ്ങുന്ന ചില ശീലങ്ങളും നമ്മുടെ പാക്കിസ്ഥാനിലുണ്ട്.

എന്തായാലും ഈ ചെറിയ ചെറിയ പരാതികൾ പിന്നീട് വൻപരാതികൾക്ക് വഴിവയ്ക്കുന്നു. പ്രത്യേകിച്ച് കുട്ടികളെ വിവാഹം കഴിച്ചയക്കുന്ന വീടുകളുമായിട്ടുള്ള ബന്ധങ്ങളെ ഇത് വല്ലാതെ ബാധിക്കാറുണ്ട്. ഇങ്ങനെ മനസ്സുകളിൽ അകൽച്ചയുണ്ടാകാൻ തുടങ്ങുന്നു. പാക്കിസ്ഥാന്റെ ഉദാഹരണം ഞാൻ നല്കുന്നതുകൊണ്ട്, അവിടത്തെ ഒരു പ്രത്യേക ജനവിഭാഗത്തിന്റെ കാര്യങ്ങളല്ല ഇപ്പറയുന്നത്. ഈ പാശ്ചാത്യദേശത്തും ഇത്തരം ഉദാഹരണങ്ങളുണ്ട്; ഒരു മുന്നറിയിപ്പും കൂടാതെ അസമയത്ത് ഏതെങ്കിലും വീട്ടിൽ ചെല്ലുന്നു. അല്ലെങ്കിൽ തന്റെ ബന്ധുവിന്റെ വീട്ടിൽതന്നെ ഒരാൾ ചെല്ലുന്നു. അസമയം ആയതുകൊണ്ട് ഭക്ഷണം കഴിച്ചിട്ടായിരിക്കും വന്നതെന്ന് വീട്ടുകാർ കരുതുന്നു. കുറച്ചുകഴിഞ്ഞ് ചായ കുടിക്കുന്നതിനെ സംബന്ധിച്ച് വീട്ടുകാർ ചോദിക്കുമ്പോൾ, എന്നോടു ഭക്ഷണം കഴിച്ചോ എന്ന് എന്തുകൊണ്ട് ചോദിച്ചില്ലായെന്ന് പറഞ്ഞ് പരാതിപ്പെടുന്നു. പിന്നെ അതും ഇതും പറയാൻ തുടങ്ങുന്നു. ഇങ്ങനെ പിന്നീട് ബന്ധങ്ങളിൽ ഉലച്ചിലും അകൽച്ചയും ഉണ്ടാകുന്നു.

ഇക്കാലഘട്ടത്തിൽ എല്ലാം വഴികളും സുഗമമായിക്കഴിഞ്ഞിട്ടുണ്ട്. അറിയിക്കാനുള്ള ഏർപ്പാടുകൾ വിശാലമാണ്. ഫോൺ ചെയ്ത് അറിയിക്കേണ്ടതാണ്. ഇന്ന സമയത്ത് വരാൻ ഞാനാഗ്രഹിക്കുന്നു, താങ്കൾക്ക് സമയമുണ്ടെങ്കിൽ ഞാൻ വരാം എന്ന് കാലേക്കൂട്ടി പറയണം. ഈ മര്യാദകളെ സംബന്ധിച്ച് ആരും അറിയാതിരുന്ന ഒരുകാലത്താണ് അല്ലാഹു നമ്മെ ഇതെല്ലാം പഠിപ്പിച്ചത്.

സൽക്കാരത്തിനായി വിളിക്കപ്പെട്ടാൽ, കൃത്യസമ

യത്ത് ചെല്ലാനും കല്പനയുണ്ട്. സൽക്കാരം കഴിഞ്ഞാൽ തിരിച്ചുപോരാനും പറഞ്ഞിട്ടുണ്ട്. ചിലയിടങ്ങളിൽ വമ്പിച്ച സൽക്കാരമായിരിക്കും; കല്യാണം തുടങ്ങിയ സ്ഥലങ്ങളിൽ രാത്രി മുഴുവൻ ഒച്ചയും ബഹളവുമായിരിക്കും. നമ്മുടെ ജമാഅത്തിൽ ഇത് കുറവാണ്. പക്ഷേ, അന്യരിൽ ഇത്തരം കാര്യങ്ങൾ വളരെ കൂടുതലാണ്. അവിടെത്തെ സമയത്തിന് നിയന്ത്രണമൊന്നുമില്ല. പക്ഷേ, ചില ശാന്തമായ മജ്‌ലിസുകളും ഉണ്ടാകാറുണ്ട്. ജമാഅത്തിനെ ഒന്നടങ്കം ക്ഷണിക്കുന്നു. ഇല്ലെങ്കിൽ ജമാഅത്തിന്റെ സ്ഥാപനങ്ങളിൽവെച്ച് സൽക്കാരം നടത്തുന്നു. ഇത്തരം ഘട്ടങ്ങളിൽ ഈ ക്ഷണത്തിന്റെ എല്ലാ മര്യാദകളും അതിഥികൾ ശ്രദ്ധിക്കേണ്ടതാണ്. സമയത്ത് പോകുക, സൽക്കാരം കഴിഞ്ഞാൽ പെട്ടെന്ന് തിരിച്ചുപോരുക തുടങ്ങി ഒരുപാട് നിർദ്ദേശങ്ങളുണ്ട് അതിഥികൾക്ക്.

ഒരിക്കൽ നബി(സ) തിരുമേനി ഒരുപാടാളുകളെ ക്ഷണിച്ചുവരുത്തി. എവിടെനിന്നോ ഭക്ഷണം വന്നപ്പോൾ അവിടന്ന് എല്ലാവരേയും വിളിച്ചതാണ്. നിവേദകൻ പറയുന്നു: എല്ലാവരും ഭക്ഷണം കഴിച്ചുകഴിഞ്ഞപ്പോൾ അധികമാളുകളും തിരിച്ചുപോയി. എന്നാൽ, ചിലർ അവിടെത്തന്നെ കുത്തിയിരുന്ന് സംസാരിക്കാൻ തുടങ്ങി. നബി(സ) അവരുടെയിടയിൽ ഇരുന്നില്ല. അവിടന്ന് എഴുന്നേറ്റ് ഉമ്മുഹാത്തുൽ മുഅ്മിനീന്റെ മുറിയിലേക്കുപോയി. കുറച്ചുകഴിഞ്ഞപ്പോൾ അവിടെ ഇരുന്നവരും എഴുന്നേറ്റുപോയി. പിന്നീട് നബി(സ) താനിരുന്ന സ്ഥലത്തു വന്നിരുന്നു. (ഒരുപാട് ജോലികൾ ചെയ്യേണ്ടതുണ്ടാകും; നബി(സ) തിരുമേനിക്കാണെങ്കിൽ മറ്റു കാര്യങ്ങളും ചെയ്യേണ്ടതുണ്ടായിരുന്നു. അതുകൊണ്ട് അല്ലാഹു പ്രത്യേകം കല്പിച്ചു: നിങ്ങൾ ശ്രദ്ധിക്കുക, അനാവശ്യമായി സംസാരിക്കാതിരിക്കുക. നബിതിരുമേനിയ്ക്ക് വിഷമം ഉണ്ടാക്കാതിരിക്കുക.)

ഈ കല്പന നബി(സ) തിരുമേനിയുമായി ബന്ധപ്പെട്ടതാണെങ്കിലും, മറ്റു കല്പനകളിൽനിന്ന് ഇതിന്ന് പൊതുവായ ഒരു നിറം ഉള്ളതായും മനസ്സിലാകുന്നു. ചിലപ്പോൾ, സൽക്കാരത്തിനുശേഷം വീട്ടുകാർക്ക് പാത്രങ്ങളെല്ലാം എടുത്ത് വൃത്തിയാക്കുകയും മറ്റു ജോലികൾ ചെയ്യേണ്ടതായും വരും. അപ്പോഴും ആളുകൾ അവിടെ കുത്തിയിരിക്കുകയാണെങ്കിൽ അവർക്കത് ബുദ്ധിമുട്ടുണ്ടാക്കും. അതുകൊണ്ട് അഹ്മദീ സമൂഹം ഇതനുസരിച്ച് പ്രവർത്തിക്കേണ്ടത് നിർബ്ബന്ധമാണ്.

ചിലപ്പോൾ ചില അതിഥികൾ വിഷമങ്ങളുണ്ടാക്കാറുണ്ട്. ഭക്ഷണം നേരത്തുകിട്ടിയില്ലെങ്കിൽ, നല്ല ഭക്ഷണം കിട്ടിയില്ലെങ്കിൽ പരാതിപ്പെടാനും ആക്ഷേപിക്കാനും തുടങ്ങുന്നു. അത്തരം കാര്യങ്ങളിൽനിന്നും ഒരഹ്മദി മാറിനില്ക്കേണ്ടതാണ്. ഇതുസംബന്ധമായി ഒരു നിവേദനത്തിൽ വന്നിരിക്കുന്നു.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: നിങ്ങളിൽ വല്ലവനും ക്ഷണിക്കപ്പെട്ടാൽ അവൻ ക്ഷണം സ്വീകരിക്കട്ടെ. നോമ്പുകാരനാണ് അവനെങ്കിൽ അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ക്ഷണിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യട്ടെ. നോമ്പുകാരനല്ലെങ്കിൽ എന്തൊന്നാണോ നല്കിയത് അത് സന്തോഷത്തോടെ കഴിക്കട്ടെ.

നല്കിയത് സന്തോഷത്തോടെ കഴിക്കണമെന്ന് ഈ നിവേദനത്തിൽ പറഞ്ഞിരിക്കുന്നു. സന്തോഷത്തോടെയുള്ള ഈ ഭക്ഷണം കഴിക്കൽതന്നെയാണ് അതിഥിയും ആതിഥേയനും തമ്മിലുള്ള ബന്ധത്തെ ശക്തിപ്പെടുത്തുന്നത്.

ഇതിലെ ആദ്യത്തെ പാഠം ക്ഷണിച്ചാൽ ക്ഷണം സ്വീകരിക്കുക എന്നതാണ്. ബന്ധങ്ങളെ ശക്തിപ്പെടുത്താൻ പറ്റിയ ഒരുമാർഗ്ഗമാണിത്. ആക്ഷേപം ഒന്നും പറയാതെ, ആതിഥേയൻ തരുന്നത് ഭക്ഷിക്കേണ്ടതാണ്. ആതിഥേയൻ വളരെ ആത്മാർത്ഥതയോടുകൂടിയാണ് നിങ്ങളെ ക്ഷണിച്ചിട്ടുള്ളത്. സത്യവിശ്വാസിയായ ഒരതിഥി, തന്നോടൊപ്പം അനുഗ്രഹങ്ങളുമായിട്ടാണ് വരുന്നത്. അതുകൊണ്ട് എപ്പോഴും അനുഗ്രഹങ്ങൾ കൊണ്ടുപോകുന്ന അതിഥിയായി തീരേണ്ടതാണ്. വീട്ടുകാർക്ക് വിഷമമുണ്ടാക്കുന്ന അതിഥിയാകാൻ പാടില്ല, അവരെ വിഷമങ്ങളിൽനിന്ന് അകറ്റുന്നവരാകണം.

ചിലപ്പോൾ, വീട്ടുകാർ ഭക്ഷണം കുറച്ചേ ഉണ്ടാക്കിയിട്ടുണ്ടാകുകയുള്ളൂ. അപ്പോഴായിരിക്കും അതിഥികൾ പെട്ടെന്ന് വരുന്നത്. അപ്പോഴും ഇരുവരും കൂടിച്ചേർന്ന് ഉള്ളത് കഴിക്കേണ്ടതാണ്. സൂക്ഷ്മതയോടെ കഴിക്കാൻ ശ്രദ്ധിക്കണം. ഭക്ഷണം നഷ്ടപ്പെടാൻ പാടില്ല. മറ്റ് അതിഥികളും ഉണ്ടെന്ന വിചാരത്തോടെ കഴിക്കുക.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: രണ്ടാളുടെ ഭക്ഷണം മൂന്നാളുകൾക്കും മൂന്നാളുടെ ഭക്ഷണം നാലാളുകൾക്കും മതിയായതാണ്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) പറഞ്ഞു: ഒരാളുടെ ഭക്ഷണം രണ്ടാൾക്കും രണ്ടാളുടേത് നാലാളുകൾക്കും നാലാളുകളുടേത് ഏട്ടാൾക്കും മതിയാകുന്നതാണ്.

ജൽസയുടെ ദിനങ്ങളിൽ ചിലപ്പോൾ താല്ക്കാലികമായി ഭക്ഷണം കുറവ് വരാറുണ്ട്. അതുകൊണ്ട്, അതിഥികൾ അപ്പോൾ ക്ഷമ കാണിക്കേണ്ടതാണ്. ജൽസാദിനങ്ങളിൽ ഭക്ഷണം കുറവ് വന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പെട്ടെന്നുതന്നെ ഭക്ഷണം തയ്യാറാകുന്നതാണ്. പെട്ടെന്ന് അത് പരിഹരിക്കപ്പെടുന്നതാണ്.

ഒരിക്കൽ റബ്‌വയിൽ റൊട്ടി ഉണ്ടാക്കുന്നവർ ഹർത്താലാചരിച്ചു. മാവുകുഴച്ച് ഉരുളയാക്കുന്നവർ സമരം ചെയ്തു. അവിടെ മാവുകുഴച്ചെടുക്കാൻ മിഷ്യനിൽ സൗകര്യമില്ല. ഒരുനേരം വളരെ ബുദ്ധിമുട്ടുണ്ടായി. അത്തരം സാഹചര്യങ്ങളിൽ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ അഹ്മദികൾക്ക് അല്ലാഹു നല്ല നൈപുണ്യം നല്കിയിട്ടുണ്ട്. എപ്പോഴും അവർ അതിന് തയ്യാറായിരിക്കും. സാധാരണ രണ്ട് റൊട്ടിയാണ് ഓരോരുത്തർക്കും നിശ്ചയിച്ചിട്ടുള്ളത്. ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) രണ്ടിനു പകരം ഒന്ന് കഴിക്കാൻ അഹ്മദികളോട് അന്ന് പറഞ്ഞു. റബ്‌വ

യിലെ വീട്ടുകാരോട്, റൊട്ടിയുണ്ടാക്കി കൊടുത്തയക്കാനും പറഞ്ഞു. എത്രയാളുകൾ അന്ന് പങ്കെടുത്തു എന്ന് എനിക്കോർമ്മയില്ല. അങ്ങനെ ഓരോ വീട്ടുകാർക്കും ഓരോ കണക്കും കൊടുത്തിരുന്നു. വിവിധതരം റൊട്ടികൾ വീടുകളിൽനിന്ന് വരാൻ തുടങ്ങി. ലങ്കർഖാനയിൽനിന്ന് വിതരണവും നടത്തി. അതിനുശേഷം പെട്ടെന്നുതന്നെ എല്ലാം പരിഹരിക്കുകയും ചെയ്തു. എങ്കിലും, ഖലീഫത്തുൽ മസീഹിന്റെ നിർദ്ദേശപ്രകാരം, ഓരോരുത്തരും ഓരോ റൊട്ടി മാത്രമേ കഴിച്ചിട്ടുണ്ടാകുകയുള്ളൂവെന്നാണ് ഞാൻ കരുതുന്നത്.

അതിഥികളെ ഉപദേശിച്ചുകൊണ്ട് നബി(സ) പറഞ്ഞു: അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ തന്റെ അതിഥിയെ മാനിച്ചുകൊള്ളട്ടെ. അവന്റെ അതിഥി സൽക്കാരം ഒരു രാപ്പകലാണ്. പൊതുവായ അതിഥിസൽക്കാരം മൂന്നുദിവസംവരെയാണ്. അതിനപ്പുറമുള്ളത് സദഖയുമാണ്. തന്റെ സഹോദരനെ കുറ്റത്തിലകപ്പെടുത്തുവോളം അവന്റെയടുത്ത് (അതിഥിയായി) താമസിക്കൽ ഒരു മുസ്ലിമിനും അനുവദനീയമല്ല. ആതിഥേയനോട് ഒരു രാപ്പകൽ നല്ലവണ്ണം അതിഥി സൽക്കാരം നടത്തണമെന്ന് പറഞ്ഞിരിക്കുന്നു. മൂന്നുനാളുകൾക്കപ്പുറമുള്ളത് സദഖയാണെന്നും പറഞ്ഞിരിക്കുന്നു.

സദഖ, നന്മ വർദ്ധിക്കാൻ കാരണമാകുന്നു. പക്ഷേ, ഓരോരുത്തർക്കും ഓരോ അവസ്ഥയായിരിക്കും ഉണ്ടാകുക. സദഖ കൊടുക്കാൻ എല്ലാവർക്കും കഴിഞ്ഞുവെന്നും വരികയില്ല. അങ്ങനെ വരുമ്പോൾ സാധാരണനിലയിലായിരിക്കും ജീവിച്ച് മുന്നോട്ടുപോകുന്നത്. അതിഥികൾ അധികനാൾ നിന്നാൽ, ഉണക്കറൊട്ടി തിന്ന് ആതിഥേയൻ കഴിയുന്നതുപോലെ കഴിയേണ്ടിവരും. ചിലപ്പോൾ വീട്ടുകാർ വെള്ളം കുടിച്ച് പശിയടക്കിയിട്ടായിരിക്കും അതിഥികൾക്ക് ഭക്ഷണം നല്കുന്നത്.

സദഖ എന്ന പദം പറഞ്ഞുകൊണ്ട്, അതിഥികളെ ഉപദേശിച്ചത് കൂടുതൽ ദിവസം അതിഥിസൽക്കാരം നടത്തിക്കുകയാണെങ്കിൽ, അതിന്റെ അർത്ഥം സദഖ തിന്നുക എന്നാണ്. സാധാരണ നിങ്ങളിലാർക്കെങ്കിലും സദഖ തന്നാൽ, നിങ്ങൾ അത് വളരെ മോശമായിട്ടായിരിക്കും കരുതുന്നത്. പക്ഷേ, ബലാൽക്കാരമായി ഒരാളുടെ വീട്ടിൽ കൂടുതൽ നാൾ അതിഥിയായി നിൽക്കുന്നതും സദഖയാണെന്ന് പറഞ്ഞിരിക്കുന്നു. അങ്ങനെ വീട്ടുകാർക്കും വിഷമത്തിന് കാരണക്കാരായി തീരുന്നു.

ഹദീസിൽ പറഞ്ഞിട്ടുള്ളതുപോലെ മൂന്ന് ദിവസം കഴിഞ്ഞാൽ അതിഥിയോട് കാര്യം അന്വേഷിക്കേണ്ടതാണ്. ചികിത്സ തുടങ്ങിയ എന്തെങ്കിലും പ്രധാനപ്പെട്ട കാര്യത്തിനാണ് നില്ക്കുന്നതെങ്കിൽ അതിന് നമുക്കൊരു വ്യവസ്ഥിതിയുണ്ട്. അതനുസരിച്ച് അനുവാദം വാങ്ങേണ്ടതാണ്. എന്നിട്ട് താമസിക്കുകയാണ് വേണ്ടത്. ഇതെല്ലാം അതിഥികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. ആതിഥേയന് ഒരു ബുദ്ധിമുട്ടും ഉണ്ടാകാൻ പാടില്ല. ആതിഥേയൻ അല്ലെങ്കിൽ ലങ്കർഖാനയിലെ പ്രവർത്തകർ അല്ലെങ്കിൽ അതിഥി സല്ക്കാരവകുപ്പ് (ലങ്കർഖാനയ്ക്ക് ഇപ്പോൾ ദാറുളിയാഫത്ത് എന്നാണ് റബ്വയിൽ പറയുന്നത്) ഒരതിഥിയോടും കയർത്തു സംസാരിക്കാൻ പാടില്ല. അവർക്ക് തങ്ങളുടെ മേൽഉദ്യോഗസ്ഥന്മാരെ അറിയിച്ച് നിർദ്ദേശം തേടാവുന്നതാണ്. എന്നാൽ, അതിഥികൾക്ക് വിഷമമുണ്ടാകും വിധം ക്രൂരമായി പെരുമാറാൻ പാടില്ല.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു: ഇക്കാര്യങ്ങളെല്ലാം വിശദീകരിച്ചതിനുശേഷം അവിടന്ന് പറഞ്ഞു, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ല കാര്യം പറയുകയോ മൗനംപാലിക്കുകയോ ചെയ്തുകൊള്ളട്ടെ. ഇതിൽനിന്ന് മനസ്സിലാകുന്നത് എന്തെങ്കിലും കാര്യം പറഞ്ഞ് അതിഥികളെ ധരിപ്പിക്കണമെങ്കിൽ കൂടുതൽ വഴക്കുണ്ടാകുംവിധം അത് പരുഷമായ നിലയിൽ പാടില്ല എന്നാണ്. ഈ ഉപദേശം അതിഥികൾക്കും കൂടിയുള്ളതാണ്. അതായത് നിങ്ങൾ ആതിഥേയരോട് നല്ല നിലയിൽ സംസാരിക്കുക.

വീട്ടുകാരെ ബുദ്ധിമുട്ടിക്കുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യമെന്താണെന്ന് സഹാബത്ത് ചോദിച്ചു. അവിടന്ന് പറഞ്ഞു: ബുദ്ധിമുട്ടിക്കുക എന്നതിന്റെ അർത്ഥം വീട്ടുകാരുടെ പക്കൽ സല്ക്കരിക്കാൻ ഒന്നുമില്ലാതിരിക്കുകയും എന്നാൽ, അതിഥി അവരുടെ കൂടെ താമസിക്കുകയും ചെയ്യുക എന്നതാണ്.

അതുകൊണ്ട് പുറത്തുനിന്നും വന്നവരോട് പ്രത്യേകമായി ഞാൻ പറയട്ടെ, പ്രത്യേകിച്ച് പാക്കിസ്ഥാനിൽനിന്ന് വരുന്നവരും ഇവിടത്തെ ബന്ധുക്കളുടെ വീട്ടിൽ അതിഥികളായി താമസിക്കുന്നവരും എപ്പോഴും ഓർമ്മയിൽ വെക്കേണ്ടതാണിത്. ഇവിടത്തെ ആളുകൾക്ക് ജോലിക്ക് പോകേണ്ടതുണ്ട്. അതുകൊണ്ട് അസാധാരണമായ പ്രതീക്ഷകളൊന്നും അതിഥികൾ വെച്ചുപുലർത്തേണ്ടതില്ല. തങ്ങളുടെ ജോലി കളഞ്ഞിട്ട് നിങ്ങളെ നാടുകാണിക്കാൻ കൊണ്ടുപോകുമെന്നോ മറ്റ് ആഗ്രഹങ്ങൾ പൂർത്തീകരിക്കുമെന്നോ നിങ്ങളുടെ ഇഷ്ടത്തിന്നനുസരിച്ച് പരിപാടികൾ തയ്യാറാക്കുമെന്നോ ഉള്ള ചിന്ത വേണ്ട. ആതിഥേയന് വിഷമമുണ്ടാകുന്ന എല്ലാ കാര്യങ്ങളിൽനിന്നും നിങ്ങൾ വിട്ടുനില്ക്കുക. അവർക്ക് കാരുണ്യത്തിന് കാരണമായിത്തീരുക.

നിങ്ങളെ ക്ഷണിക്കുകയാണെങ്കിൽ ക്ഷണിക്കപ്പെട്ടവർ മാത്രമേ പോകാവൂ എന്നും അവിടന്ന് നമ്മെ ഉപദേശിച്ചു. ഇനി പ്രത്യേകമായ അവസ്ഥകളാണെങ്കിൽ വീട്ടുകാരോട് ചോദിച്ച് അനുവാദം വാങ്ങി കൂടുതൽ അതിഥികളെ കൊണ്ടുപോകാം. ഭക്ഷണത്തിനുള്ള ഏർപ്പാട് മിക്കപ്പോഴും വീടുകളിൽ പരിമിതമായിരിക്കും. അവർക്ക് മറ്റുപല പരിപാടികളും ഉണ്ടാകും.

ഹസ്റത്ത് അബൂ മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. അബൂ ശുഅയ്ബ് എന്നുപേരായ ഒരാൾ, അറവുകാരനായ തന്റെ അടിമയുടെ അടുക്കൽചെന്ന് എനിക്കുവേണ്ടി അഞ്ചാളുടെ ഭക്ഷണം ഉണ്ടാക്കാൻ പറഞ്ഞു. ഞാൻ നബി(സ)യുടെ മുഖത്ത് ആഹാരം കഴിക്കാത്തതിന്റെ ലക്ഷണം കണ്ടിരിക്കുന്നു എന്നും പറഞ്ഞു. അയാൾ ഭക്ഷണമുണ്ടാക്കി നബി(സ)യേയും അവിടത്തെ ഒപ്പം ഇരുന്നവരേയും വിളിച്ചുകൊണ്ടുവരാൻ ആളെ അയച്ചു. നബി (സ) ഇറങ്ങിപ്പുറപ്പെട്ടപ്പോൾ ഒരാൾ

നബിയുടെ പിന്നാലെ കൂടി. സല്ക്കാരത്തിന് ക്ഷണിച്ച സമയത്ത് അയാളില്ലായിരുന്നു. നബി(സ) വീട്ടുകാരോട് പറഞ്ഞു: താങ്കൾ ഞങ്ങളെ ക്ഷണിക്കുമ്പോൾ ഞങ്ങളോടൊപ്പം ഇല്ലാതിരുന്ന ഒരാളുംകൂടി ഞങ്ങളോടൊപ്പം വന്നിട്ടുണ്ട്. താങ്കൾ അനുവദിക്കുകയാണെങ്കിൽ അയാളും വരുന്നതാണ്. വീട്ടുകാരൻ പറഞ്ഞു, എനിക്ക് സമ്മതമാണ്. അദ്ദേഹവും പോരട്ടെ."

ഈ മാതൃകയാണ് നബി(സ) ലോകത്ത് സ്ഥാപിച്ചത്. ഇത് നമ്മെ ഉപദേശിക്കുന്നതിനും ഈ കാര്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ഉണ്ടാകുന്നതിനും വേണ്ടിയാണ്. അവിടന്ന് കൂടുതൽ അതിഥികളെ കൊണ്ടുപോയാലും അത് വീട്ടുകാരോട് ചോദിക്കാതെയായാലും വീട്ടുകാർ എന്തുപറയാനാണ്! ഒരാൾ അല്ല നൂറുപേർ അതിഥിയായി നബിയോടൊപ്പം വന്നാലും അവിടത്തെ പ്രാർത്ഥന കൊണ്ട് ഭക്ഷണത്തിൽ ബർക്കത്തുണ്ടാകുമെന്നും അത് എല്ലാവർക്കും തികയുമെന്നും അവർക്കറിയാമായിരുന്നു. ഇത്തരം ഒരുപാട് ഉദാഹരണങ്ങൾ സഹാബത്ത് കണ്ടുമനസ്സിലാക്കിയതാണ്. അതിഥികളുടെ സ്വഭാവം എങ്ങനെയായിരിക്കണമെന്നുള്ള മാതൃക നിലനാട്ടുന്നതിനും നമ്മെ ഉപദേശിക്കുന്നതിനും വേണ്ടിയാണിത്. സല്ക്കാരത്തിനു പോകുമ്പോൾ ക്ഷണിക്കപ്പെടാത്ത ആരേയും കൂടെ കൂട്ടരുത്. വീട്ടുകാർ തടയുകയാണെങ്കിൽ വിളിക്കപ്പെടാത്ത അതിഥി പരിഭവിക്കാനും പാടില്ല. ഇതടിസ്ഥാനപരമായ ധാർമ്മികഗുണമാണ്. ചില വിവാഹത്തിന് ഉദാഹരണമായി ഭാര്യയേയും ഭർത്താവിനേയും മാത്രമേ വിളിച്ചിട്ടുണ്ടാവുകയുള്ളൂ. എന്നാൽ, അവർ കുട്ടികളേയും കൂടെ കൊണ്ടുപോകാറുണ്ട്. ഇത് ആതിഥേയന്റെ സൗകര്യത്തെ ദോഷകരമായി ബാധിക്കുന്നതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ സൂക്ഷ്മത പാലിക്കണം. ചെറിയ ചെറിയ കാര്യങ്ങളെപോലും ചെറുതായി കാണാതെ പ്രവർത്തിക്കുമ്പോഴാണ് ഉന്നതമായ ധാർമ്മികഗുണം സ്ഥാപിതമാവുന്നത്. മറ്റൊരു കാര്യം കൂടി പറയട്ടെ കുട്ടികൾ, തിന്നുന്നതിനേക്കാൾ കൂടുതൽ ഭക്ഷണം നഷ്ടപ്പെടുത്തിക്കളയാറുണ്ട്. അതുകൊണ്ട് അവർക്ക് കുറച്ചേ ഇട്ടുകൊടുക്കാൻ പാടുള്ളൂ. തിന്നു കഴിഞ്ഞാൽ ആവശ്യമെങ്കിൽ വീണ്ടും ഇട്ടുകൊടുക്കുക. എന്നാൽ, മിക്കപ്പോഴും കണ്ടുവരുന്നത് കുട്ടികളുടെ പാത്രത്തിൽ കൂടുതൽ ഭക്ഷണമിരിക്കുന്നതാണ്. അതവർക്ക് തിന്നാൻ കഴിയുകയില്ല. ഇപ്രകാരംതന്നെ പാത്രം നിറച്ചിടുകയും എന്നിട്ട് തിന്നാൻ കഴിയാതിരിക്കുകയും ചെയ്യുന്നത് ചിലയാളുകളുടെ ശീലമാണ്. അങ്ങനേയും ആഹാരം നഷ്ടപ്പെട്ടുപോകുന്നു. ഇതും നാം വളരെ ശ്രദ്ധിക്കേണ്ടതാണ്. ജൽസാദിനങ്ങളിൽ പ്രത്യേകിച്ചും ഭക്ഷണമിടുമ്പോൾ ജാഗ്രത പാലിക്കണം. ആരെങ്കിലും ഇട്ടുകൊടുക്കുകയാണെങ്കിൽ അവരും ശ്രദ്ധിക്കണം. ചോദിക്കുന്നത്ര ഇട്ടുകൊടുക്കാവുന്നതാണ്. അതൊരിക്കലും നിഷേധിക്കാൻ പാടില്ല. അതിഥി തനിക്ക് തിന്നാൻ കഴിയാത്തത്ര ഇടാനും പാടില്ല.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരുസഹാബിയുടെ സംഭവം ഞാൻ വിവരിക്കാം. അദ്ദേഹം എങ്ങനയായിരുന്നു അതിഥി സല്ക്കാരം നടത്തിയിരുന്നത്. അതിഥികൾ അദ്ദേഹത്തോട് എങ്ങനെയായിരുന്നു പെരുമാറിയിരുന്നത്.

ഹസ്റത്ത് ശേയ്ഖ് ഹാമിദലി സാഹിബ് എഴുതുന്നു. എനിക്ക് മസീഹ് മൗഊദ്(അ) ഒരു കട്ടിൽ തന്നിരുന്നു. ആരെങ്കിലുമൊക്കെ അതിഥിയായി വന്നാൽ എന്റെ കട്ടിലിൽ ചിലർ കയറികിടക്കും. ഞാൻ മുസല്ല താഴെ വിരിച്ച് കിടക്കുമായിരുന്നു. ഞാൻ കിടക്ക വിരിച്ചാൽ ആ കിടക്ക വിരിച്ച കട്ടിലിൽ അതിഥി കയറിക്കിടക്കും. എന്റെ മനസ്സിൽ അല്പംപോലും വെറുപ്പോ നീരസമോ ഉണ്ടാകുമായിരുന്നില്ല. കാരണം ഇയാൾ അതിഥിയാണെന്നും ഞങ്ങൾ ഇവിടെ താമസിക്കുന്നവരാണെന്നും എനിക്കറിയാമായിരുന്നു. ചില ആളുകൾ എന്റെ കിടക്ക കട്ടിലിന്നടിയിലേക്ക് എടുത്തിടുകയും സ്വന്തം കിടക്ക വിരിച്ച് കിടക്കുകയും ചെയ്യുമായിരുന്നു. ഒരിക്കൽ ഒരു സ്ത്രീ ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് പീർ സാഹിബ് നിലത്ത് കിടക്കുന്നു എന്നു പറഞ്ഞു. അപ്പോൾ അവിടന്ന് ചോദിച്ചു: കട്ടിൽ എവിടെപോയി? തനിക്കറിയില്ലെന്ന് ആ സ്ത്രീ അറിയിച്ചു. പിന്നീട് ഹസ്റത്ത് മസീഹ് മൗഊദ്(അ) വെളിയിൽ വന്നു. ഹാമിദലി സാഹിബ് പറയുന്നു: ഗോൾമുറിയുടെ അടുത്തേക്ക് എന്നെ വിളിച്ചു. എന്തിനാണ് താഴെ കിടക്കുന്നതെന്ന് ചോദിച്ചു. ഇപ്പോൾ മഴക്കാലമാണെന്നും പാമ്പും തേളും മറ്റു ക്ഷുദ്രജീവികളും ഇറങ്ങുന്ന സമയമാണെന്നും അവിടന്ന് പറഞ്ഞു. അദ്ദേഹം പറയുന്നു: ഞാൻ എല്ലാ കാര്യങ്ങളും ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് വിശദീകരിച്ച് പറഞ്ഞു. ഇവരെ സല്ക്കരിക്കേണ്ട ബാധ്യത നമുക്കാണല്ലോ എന്നും അറിയിച്ചു. ഇതുകേട്ടപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ്(അ) വീട്ടിലേക്ക് കയറിപ്പോയി. ഒരു കട്ടിൽ കൊടുത്തയച്ചു. ഒന്നു രണ്ട് ദിവസം കഴിഞ്ഞപ്പോൾ വീണ്ടും ആ കട്ടിൽ എന്റെ കയ്യിൽനിന്ന് വിട്ടുപോയി. വീണ്ടും പഴയതുപോലെയായി. വേറാരോ ഹസ്റത്ത് മസീഹ് മൗഊദിനോട് ഇക്കാര്യം പറഞ്ഞു. വീണ്ടും അവിടന്ന് ഒരു കട്ടിൽ കൊടുത്തയച്ചു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ പിന്നേയും പഴയതുപോലെയായി. വീണ്ടും ആരോ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിവരമറിയിച്ചു. സുബഹി നമസ്കാരത്തിനു ശേഷം ഹസ്റത്ത് മസീഹ് മൗഊദ്(അ) എന്നോട് പറഞ്ഞു: സാഹിബ് സാദാ സാഹിബേ! താങ്കൾ ചെയ്യുന്നത് ശരിതന്നെ. നമ്മുടെ ആളുകൾ ചെയ്യേണ്ടത് അങ്ങനെതന്നെയാണ്. എന്നാൽ, താങ്കൾ ഒരു കാര്യം ചെയ്യുക, നാം ഒരു ചങ്ങല തരാം. കട്ടിലിൽ ചങ്ങല കെട്ടി മച്ചിൽ തൂക്കിയിടുക. മൗലവി അബ്ദുൽ കരീം സാഹിബ് അവിടെ നില്പ്പുണ്ടായിരുന്നു. അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു: ഹുസൂർ ഈ ചങ്ങല മുറിച്ച് കട്ടിൽ താഴെയിറക്കാൻ പറ്റിയ ഉസ്താദുമാരുമുണ്ട്! അതുകേട്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ)ഉം ചിരിച്ചു.

സാഹിബ് സാദാ സാഹിബ് കാണിക്കുന്നതാണ് ഉദാത്തമായ സ്വഭാവഗുണമെന്ന് അവിടന്ന് പറഞ്ഞു. പക്ഷെ, നല്ല കാര്യങ്ങൾ പറയുക, അല്ലെങ്കിൽ മൗനം പാലിക്കുക എന്ന ഹദീസനുസരിച്ച് അതിഥിയെ ഒന്നും പറയാൻ പാടില്ല. എന്നാൽ സൂക്ഷിക്കേണ്ടതായ

ചില കാര്യങ്ങളുണ്ട്. അത് ഓർമ്മപ്പെടുത്തിക്കൊണ്ട് എങ്ങനെയാണ് കട്ടിൽ സൂക്ഷിക്കേണ്ടതെന്ന് അദ്ദേഹത്തെ ഉപദേശിച്ചു.

അതിഥിയെ സല്ക്കരിക്കേണ്ടത് നിർബ്ബന്ധം തന്നെയാണ്. പക്ഷേ, തന്റെ അവകാശം പിടിച്ചുപറിയാകരുതെന്ന വിചാരം അതിഥിക്കുണ്ടാകണം. അങ്ങനെ വരുമ്പോൾ ഓരോ വസ്തുവിനും താഴിടേണ്ടതായി വരും. അത് വീട്ടുകാർക്ക് മറ്റൊരു വിഷമമുണ്ടാക്കും. അതിഥികൾക്ക് അതിഥി എന്ന അവകാശം അനുവദനീയമായ നിലയിൽ ഉപയോഗിക്കാം. മൂന്നുദിവസത്തിനുശേഷം അതിഥി വീട്ടിൽ കുത്തിയിരിക്കുകയും വീട്ടുകാർ വെളിയിലാവുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകാൻ പാടില്ല. ജൽസയുടെ ദിനങ്ങളിൽ ഇങ്ങനെയുണ്ടാകാറുണ്ട്. റബ്വയിലും ഖാദിയാനിലും ഇങ്ങനെയുണ്ടായിരുന്നതായി അറിയാൻ കഴിഞ്ഞു. ജൽസാദിനങ്ങളിൽ രണ്ടോ മൂന്നോ ചിലപ്പോൾ ഒരാഴ്ചത്തേക്ക് ആളുകൾ അതിഥിക്കായി തങ്ങളുടെ വീട് ഒഴിഞ്ഞുകൊടുക്കാറുണ്ട്. പത്ത് ദിവസത്തേക്കും കൊടുത്തിരുന്നു. എന്നിട്ട് വീട്ടുകാർ വെളിയിൽ തമ്പടിച്ചു താമസിക്കുമായിരുന്നു. ഇത് വീട്ടുകാർ സന്തോഷത്തോടുകൂടിയാണ് ചെയ്യുന്നത്. അതിഥി ഒരിക്കലും കിടക്കയോ മറ്റോ പിടിച്ചെടുക്കാറില്ല. ആതിഥേയൻ തന്റെ ഉദാത്തമായ ധാർമ്മികഗുണം കാണിക്കുമ്പോൾ അതിഥിയും അതുപോലെ ഉദാത്തമായ ധാർമ്മികഗുണം കാണിക്കേണ്ടതാണ്.

"ഞങ്ങൾ അന്യരാജ്യങ്ങളിൽനിന്ന് വന്നവരാണ് അല്ലെങ്കിൽ പാക്കിസ്ഥാനിൽനിന്ന് വന്നവരാണ്. ഇനി ഇവിടെ വരാൻ അവസരം കിട്ടുമോ ഇല്ലേ എന്നറിയില്ല. അതുകൊണ്ട് ഞങ്ങൾ ഷോപ്പിംഗ് നടത്താൻ ആഗ്രഹിക്കുന്നു" എന്ന് ചില അതിഥികൾ ആതിഥേയനോട് പറയാറുണ്ട്. ഷോപ്പിംഗിനുവേണ്ടി തങ്ങളെ കൊണ്ടുപോകാനും അവർ നിർബ്ബന്ധിക്കുന്നു. ഷോപ്പിംഗിനു പോയാൽ ആതിഥേയനെക്കൊണ്ട് ചെലവഴിപ്പിക്കുകയും ചെയ്യുന്നു. ചിലയാളുകൾ തങ്ങളുടെ അതിഥികളെ കൊണ്ടുപോയി എന്തെങ്കിലുമൊക്കെ സാധനങ്ങൾ വാങ്ങിനല്കാറുണ്ട്. പക്ഷെ, ചില അതിഥികൾ ഇപ്പോൾ ഞങ്ങളുടെ കയ്യിൽ പണമില്ലെന്നും നാട്ടിലെത്തിയാൽ തിരിച്ചുതരാമെന്നും പറഞ്ഞു ചെലവഴിപ്പിക്കുന്നു. എല്ലാവരുമല്ല, ചിലരാണ് ഇങ്ങനെയുള്ളവർ. ഇതിൽനിന്നെല്ലാം വിട്ടുനില്ക്കേണ്ടതാണ്. ഇങ്ങനെ ഒരു മടിയുമില്ലാതെ ഇതെല്ലാം ചെയ്യിക്കുന്നവർ വളരെ വളരെ കുറച്ചുപേരേ ഉള്ളൂ എന്ന് ഞാൻ പറഞ്ഞല്ലോ. എന്നാൽ, കുറച്ചുപേർ ചിലപ്പോൾ എല്ലാവർക്കും ദുഷ്പേരുണ്ടാക്കാൻ കാരണക്കാരായിത്തീരുന്നു. വീട്ടുകാർ ഇത്തരം അതിഥികളെ താമിസിപ്പിച്ച് ബുദ്ധിമുട്ടുകളിൽ അകപ്പെടുന്നു. കുറച്ചു ദിവസത്തേക്ക് സ്വന്തം വീട്ടിൽനിന്ന് പുറത്തു കിടക്കുകയും സമയം നഷ്ടപ്പെടുത്തുകയും ഷോപ്പിംഗിന് നിർബ്ബന്ധിതനാവുകയും ചെയ്യുന്നു ആതിഥേയൻ. ചിലരാണെങ്കിൽ വീട്ടുകാരുമായി ഒരു ബന്ധവുമില്ലാത്തവരായിരിക്കും. പക്ഷെ, വീട്ടുകാരോട് തങ്ങൾക്കുവേണ്ടതെല്ലാം ആവശ്യപ്പെടുകയും ചെയ്യും. സാധനം വാങ്ങിക്കൊടുത്താൽ മാത്രം പോരാ അത് ഏറ്റി വീട്ടിലെത്തിക്കുകയും വേണം എന്ന് പഞ്ചാബിയിൽ പറയുന്നതുപോലെ! കാരണം ചിലപ്പോൾ ഷോപ്പിംഗ് വളരെ കൂടുതലായിപ്പോകും . അപ്പോൾ അത് സ്വന്തം കൊണ്ടുപോകാൻ സാധിക്കില്ല. അങ്ങനെ വരുമ്പോൾ എന്റെ ഈ സാധനം പിന്നീട് നിങ്ങൾ നാട്ടിലെത്തിച്ചുതരണമെന്ന് ആതിഥേയനോട് പറയുന്നു. പോകുന്ന ഓരോരുത്തർക്കും അവരുടേതായ സാധനങ്ങൾ ഉണ്ടാകുമല്ലോ. വെറും കയ്യോടെ യാത്ര ചെയ്യുന്നവരെ മിക്കപ്പോഴും കിട്ടാറില്ല. അങ്ങനെ സാധനം വീട്ടിലെത്തുന്നതിന് താമസം നേരിട്ടാൽ ഉടനെ പരാതിപ്പെടാൻ തുടങ്ങുന്നു: എന്റെ സാധനം ഞാൻ അവിടെ ഏല്പിച്ചു പോന്നിട്ട് ഇതുവരെ അയാൾ അയച്ചില്ല, ഒരു ഉത്തരവാദിത്വബോധമില്ലാത്ത മനുഷ്യനാണ് എന്നൊക്കെ പറഞ്ഞ് ആക്ഷേപിക്കാൻ തുടങ്ങും. അതുകൊണ്ട് ഇക്കാര്യങ്ങളിൽനിന്നെല്ലാം നമുക്ക് വിട്ടുനില്ക്കേണ്ടതുണ്ട്. ഇത്തരം ഒരുദാഹരണംപോലും ജമാഅത്തിൽ ഉണ്ടാകാൻ പാടില്ല. ഇവിടെ ജൽസയിൽ പങ്കെടുക്കാനാണ് നിങ്ങൾ വരുന്നത്. അതുകൊണ്ടുതന്നെ അതിന്റെ ഉദ്ദേശ്യം എപ്പോഴും നിങ്ങളുടെ മനസ്സിൽ ഉണ്ടായിരിക്കണം. ജൽസയുടെ ബർക്കത്തുകൾ മസീഹ് മൗഊദ്(അ)ന്റെ ദുആ മുഖേന സഞ്ചികൾ നിറച്ചുകൊണ്ട് തിരിച്ചുപോവുക; ഷോപ്പിംഗ് ചെയ്യുന്നതിനു പകരം. നിങ്ങൾ കരസ്ഥമാക്കുന്നതിൽ ഇതിനേക്കാൾ ഉന്നതമായ ഒരു സാധനവുമില്ല.

അതുകൊണ്ട് ആത്മാർത്ഥതയോടെ ജൽസയിൽ പങ്കെടുക്കുക. നമുക്ക് ബർക്കത്തുകൾ കരസ്ഥമാക്കണമെന്നും അല്ലാഹുവിനെ തൃപ്തിപ്പെടുത്തണമെന്നും ജൽസാപരിപാടികൾ കേൾക്കണമെന്നുള്ള ഉദ്ദേശ്യം എപ്പോഴും മുന്നിൽ കാണുക. ജൽസയിൽ ഇരുന്ന് പരിപാടികൾ കേൾക്കാനും, പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചുകേൾക്കാനും ഹസ്റത്ത് മസീഹ് മൗഊദ് (അ) ഒരു ജൽസാ അവസരത്തിൽ നമ്മോട് പറയുകയുണ്ടായി. അവിടന്ന് പറഞ്ഞു: എല്ലാ സാഹിബുമാരും ശ്രദ്ധയോടെ കേൾക്കുക. ഞാൻ എന്റെ ജമാഅത്തിനും എനിക്കും എന്റെ ആത്മാവിനും വേണ്ടി ആഗ്രഹിക്കുന്നതും ഇഷ്ടപ്പെടുന്നതും പ്രസംഗങ്ങളിൽ ബാഹ്യമായി കാണുന്ന വാചക കസറത്തുകളല്ല. അതുമാത്രമായിരിക്കരുത് നിങ്ങളുടെ ഉദ്ദേശ്യലക്ഷ്യം. പ്രസംഗകന്റെ മാസ്മരികമായ വാക്ചാതുര്യവും വാക്കുകളിലുള്ള ഗാംഭീര്യവും കൃത്രിമത്വവും ഞാനിഷ്ടപ്പെടുന്നില്ല. എന്റെ മനസ്സാഗ്രഹിക്കുന്നത് അല്ലാഹുവിനു വേണ്ടിയുള്ള പ്രവൃത്തിയും അവനു വേണ്ടിയുള്ള സംസാരവുമാണ്.

വീണ്ടും അവിടന്ന് പറയുന്നു "മുസ്‌ലിംകളിൽ അധഃപതനം ഉണ്ടാകാനുള്ള ഒരു വലിയ കാരണം ഇതാണ്. ഇല്ലെങ്കിൽ എത്രയെത്ര വമ്പൻ സമ്മേളനങ്ങളും മീറ്റിംങ്ങുകളും, മജ്‌ലിസുകളുമാണവർ സംഘടിപ്പിക്കുന്നത്. അതിൽ വലിയ വലിയ ആളുകൾ ഗംഭീരമായി പ്രസംഗിക്കുകയും പ്രഭാഷണം നടത്തുകയും ചെയ്യുന്നു. കവികൾ കാലത്തിന്റെ അവസ്ഥയെക്കുറിച്ച് വിലപിക്കുന്നു. എന്തുകൊണ്ടാണിതൊന്നും ഫലം

ചെയ്യാത്തത്. ജനങ്ങൾ ഓരോ ദിവസവും അഭിവൃദ്ധിപ്പെടുന്നതിനു പകരം അധഃപതനത്തിലേക്ക് വീഴുന്നത് എന്തുകൊണ്ടാണ്. ഇതിനു കാരണം ഈ യോഗങ്ങളിൽ പങ്കെടുക്കുന്നവർ ആത്മാർത്ഥതയോടുകൂടി പോകുന്നില്ല എന്നതാണ്."

ഈ ആത്മാർത്ഥത ഓരോ അഹ്മദിയും മുന്നിൽ കാണണം. എന്ത് പ്രവൃത്തിയാണെങ്കിലും ഏത് സംസാരമാണെങ്കിലും അത് അല്ലാഹുവിനുവേണ്ടിയായിരിക്കണമെന്നും അവിടന്ന് ഉപദേശിച്ചു. ഈ നിയമം ഓരോരുത്തരും മുമ്പിൽ കാണണം. എന്നിട്ട് ജൽസയുടെ ബർക്കത്തുകളിൽനിന്ന് ഫലമെടുക്കണം. ഓരോ ചുവടിലും അല്ലാഹുവിന്റെ തൃപ്തി സ്വായത്തമാക്കാൻ പരിശ്രമിക്കുകയും വേണം. അതുകൊണ്ട് ഈ ദിനങ്ങൾ ദുആയിൽ കഴിച്ചുകൂട്ടുക. എല്ലാ പരിപാടികളും സശ്രദ്ധം കേൾക്കുക. ഇവിടെ ഇരിക്കുകയും ചിന്ത ബാസാറിലായിരിക്കുകയും അരുത്. ജൽസയിൽ പങ്കെടുക്കാൻ വന്നതാണെങ്കിൽ ജൽസയുടെ ഉദ്ദേശ്യം എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. കേൾക്കുന്ന ഓരോ നന്മയും സ്വായത്തമാക്കാൻ ശ്രമിക്കേണ്ടതാണ്. നന്മയുടെ കാര്യങ്ങൾ നിങ്ങളെ പഠിപ്പിക്കുന്നതുപോലെ നിങ്ങൾ ജീവിക്കേണ്ടതാണ്. നമസ്കാരങ്ങളും നഫലുകളും സശ്രദ്ധം അനുഷ്ഠിക്കേണ്ടതാണ്. ഈ ദിനങ്ങൾ ദൈവസ്മരണയുടേയും പ്രാർത്ഥനകളുടേയും അന്തരീക്ഷമായിരിക്കുമ്പോൾ ഓരോ നിമിഷവും അല്ലാഹുവിന്റെ ബർക്കത്തുകൾ പ്രാപിക്കുന്നവരായിത്തീരും നിങ്ങൾ. ഈ ദൈവസ്മരണയുടെ പ്രാധാന്യത്തെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) മനോഹരമായ നിലയിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു. അവിടന്ന് പറഞ്ഞു: എനിക്ക് വേറൊരു ചിന്തയുണ്ടായി. അതെന്താണെന്നുവെച്ചാൽ ജൽസാ ദിനങ്ങളിൽ ദൈവസ്മരണയിൽ അധികമധികമായി മുഴുകാൻ അല്ലാഹു പറഞ്ഞിരിക്കുന്നു. ഇതിന്റെ ഫലം അല്ലാഹു പറഞ്ഞത്, ***ഉദ്കുറുല്ലാഹ യദ്കുറുക്കും*** നിങ്ങൾ ദൈവസ്മരണ ചെയ്താൽ അല്ലാഹു നിങ്ങളേയും സ്മരിക്കാൻ തുടങ്ങുമെന്നാണ്. സ്വന്തം യജമാനൻ ഓർമ്മിക്കുകയും വിളിക്കുകയും ചെയ്യുന്ന മനുഷ്യനേക്കാൾ ഭാഗ്യവാൻ മറ്റാരാണ്? ദൈവസ്മരണ എന്നത് വലിയ നിഅ്മത്താണ്; അതിനുപകരം ഇനാം കിട്ടിയാലും ഇല്ലെങ്കിലും. അതുകൊണ്ട് നിങ്ങൾ ദൈവസ്മരണയിൽ മുഴുകുക.

ഈ നാളുകൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വലിച്ചുകൊണ്ടുവരുന്നതിനുള്ള പ്രത്യേക ദിനങ്ങളാണ്. ഇതിൽ ഭൗതികമായ കാര്യങ്ങൾ ചിന്തിക്കുന്നതിനുപകരം, ബുദ്ധിമുട്ടുകളും ആവലാതികളും ബോധിപ്പിക്കുന്നതിനു പകരം, കുറ്റങ്ങളും കുറവുകളും നോക്കുന്നതിനു പകരം മനസ്സിനേയും ബുദ്ധിയേയും ആത്മാവിനേയും ദൈവസ്മരണയാൽ പ്രശോഭിതമാക്കുക. ഓരോ നന്മയിലേക്കും ചുവടുവെച്ച് മുന്നേറുക. ഈ ദിനങ്ങളിൽ കൂടുതൽ കൂടുതൽ പ്രാർത്ഥിക്കുക. നിങ്ങൾക്കും നിങ്ങളുടെ ഭാര്യാമക്കൾക്കും നിങ്ങളുടെ വരുംതലമുറക്കും ജമാഅത്തിനെ സേവനം ചെയ്യുന്നവർക്കും വേണ്ടി ദുആ ചെയ്യുക. ഇതിൽ മടങ്ങാതെ നിത്യവും സേവനം ചെയ്യുന്നവരും ജീവിതം വഖ്ഫ് ചെയ്തവരും വിവിധതലങ്ങളിൽ സേവനം ചെയ്യുന്ന വളണ്ടിയർമാരുമുണ്ട്.

വിവിധ നാടുകളിൽ സേവനം ചെയ്ത് മുൻകടന്നുപോയ മുബല്ലിഗുമാർക്കും ജമാഅത്തിനും ജമാഅത്തിന്റെ അഭിവൃദ്ധിക്കുംവേണ്ടി ദുആ ഇരക്കുക. വിവിധ രാജ്യങ്ങളിൽ, ഇന്തോനേഷ്യയിൽ ഈയ്യിടെ എതിരാളികൾ പ്രക്ഷോഭം തുടങ്ങിയിരിക്കയാണ്. ജമാഅത്തിനെ നിരോധിക്കണമെന്നും അതിന്റെമേൽ നിയന്ത്രണം ഏർപ്പെടുത്തണമെന്നുമുള്ള ആവശ്യങ്ങൾ ഉന്നയിച്ച് സർക്കാരിന്റെമേൽ സമ്മർദ്ദം ചെലുത്താൻ തുടങ്ങിയിരിക്കുന്നു. ബങ്ലാദേശിലും ഇത്തരം പ്രവണതകൾ നടന്നുവരുന്നുണ്ട്. ഇന്തോനേഷ്യയിൽ ജൽസ നടക്കുമ്പോൾ എതിരാളികൾ ആക്രമണം നടത്തുകയും ആളുകൾക്ക് പരിക്കേല്ക്കുകയും നാശനഷ്ടം ഉണ്ടാവുകയും ചെയ്തു. നമ്മുടെ കേന്ദ്രത്തിനു നേരേയും ആക്രമണമുണ്ടായി. പ്രത്യക്ഷത്തിൽ സർക്കാരും അവരോടൊപ്പമാണെന്നു തോന്നുന്നു. അതുകൊണ്ട് ഈ മർദ്ദിതരായ ആളുകളേയും നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കുക. അല്ലാഹു ഓരോ അഹ്മദിയേയും ഓരോ വ്യക്തിയിൽനിന്നും സുരക്ഷിതമാക്കുമാറാകട്ടെ. ഏതുപോലെ ഇവിടെ സമാധാനാന്തരീക്ഷത്തിൽ നിങ്ങൾ ജൽസ നടത്തുന്നുവോ അതുപോലെ അവിടെയും ജൽസ നടത്താനുള്ള അവസരം ഉണ്ടാകുമാറാകട്ടെ. പാക്കിസ്ഥാനിലും ഈ അവസരം ഉണ്ടാകട്ടെ. ഈ സമാധാനാന്തരീക്ഷം ഇവിടത്തെ ഭരണകൂടത്തിന്റെ ഔദാര്യമാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: ഞാൻ മുമ്പേ പറഞ്ഞിട്ടുള്ള അതേ ഉപദേശം തന്നെയാണ് എന്റെ ജമാഅത്തിന് ആവർത്തിച്ചാവർത്തിച്ച് എനിക്ക് നല്കാനുള്ളത്, ***ആയുസ്സ് വളരെ കുറച്ചേയുള്ളൂ, വൻ ജോലികൾ ചെയ്തുതീർക്കേണ്ടതുണ്ട്. അതുകൊണ്ട് ശുഭപര്യവസാനത്തിനായി പരിശ്രമിക്കുക.*** ശുഭപര്യവസാനമുണ്ടാകുന്നത് തഖ്‌വയിൽ അധിഷ്ഠിതമായി ജീവിക്കുമ്പോഴാണ്. ഓരോ വാക്കും പ്രവർത്തിയും അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് ചെയ്യേണ്ടതാണ്. അപ്പോഴാണ് പര്യവസാനം നല്ലതായിതീരുന്നത്. കർമ്മങ്ങൾ ദൈവഹിതത്തിന്നനുസരിച്ച് ചെയ്യുന്നതോടൊപ്പം നിങ്ങളുടെ പ്രാർത്ഥന കൊണ്ടും അതിനെ അലങ്കരിക്കേണ്ടതായി വരും. കർമ്മത്തിനോടൊപ്പം പ്രാർത്ഥനയിലും ശ്രദ്ധ ചെലുത്തേണ്ടതാണ്. ഈ കാര്യം മനസ്സിലായാൽ, പ്രാർത്ഥന ചെയ്യേണ്ടതുപോലെ ചെയ്താൽ, അല്ലാഹുവിനോടുള്ള കടമയും സൃഷ്ടികളോടുള്ള കടമയും നിറവേറ്റിക്കൊണ്ട് പ്രാർത്ഥനയിൽ മുഴുകിയാൽ ആ പ്രാർത്ഥന നിശ്ചയമായും സ്വീകരാർഹമാകുന്നതാണ്. (*29.7.05. വിവ: മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ*)

ലേഖനം



# ഭൂകമ്പങ്ങളുടെമേൽ ഭൂകമ്പം

**മുനീർ അഹ്മദ് ഖാദിം,** എഡിറ്റർ ബദ്ർ, ഖാദിയാൻ

**മോ**ങ്കിലെ (പാക്കിസ്ഥാൻ) അഹ്മദീസഹോദരങ്ങൾക്ക് ഒക്ടോബർ ഏഴ് വെള്ളിയാഴ്ചത്തെ പ്രഭാതം ഖിയാമത്തിനെ ഓർമ്മിപ്പിക്കുന്ന വൻഭൂകമ്പത്തിന്റെ രൂപത്തിലാണ് വെളിപ്പെട്ടത്. അനുഗൃഹീതമായ റമസാൻ മാസത്തിലെ ജുമുഅ ദിവസം സുബ്ഹി നിസ്കാരത്തിന് തങ്ങളുടെ യഥാർത്ഥ രക്ഷിതാവിന്റെ സന്നിധിയിൽ സാഷ്ടാംഗം പ്രണമിക്കുന്നതിനായി പോയപ്പോൾ, തിരിച്ചുവീട്ടിലേക്ക് മടങ്ങിവരില്ലെന്ന് ആ നിരപരാധികൾ അറിഞ്ഞിട്ടുണ്ടാവില്ല. അവർ സുബ്ഹി നിസ്കാരത്തിലെ ഒരു റക്അത്ത് പൂർത്തിയാക്കിക്കഴിഞ്ഞ്, രണ്ടാമത്തെ റക്അത്തിലായിരുന്നു. പെട്ടെന്നാണ് പുറത്തുനിന്ന് ആരോ അവരുടെ മേൽ തുരുതുരെ നിറയൊഴിച്ചത്. പൊടുന്നനെ എട്ട് പേർ സംഭവസ്ഥലത്ത് ശഹീദായി. ഇരുപത് പേർക്ക് പരിക്കേറ്റു. തൽഫലമായി അഹ്മദീവീടുകളിൽ കൂട്ടനിലവിളികൾ ഉയർന്നു. സ്ത്രീകൾ വിധവകളായി. കുട്ടികൾ യതീംകളായി. മുറിവേറ്റ തങ്ങളുടെ പ്രിയപ്പെട്ടവരേയുമെടുത്ത് അവർ ആശുപത്രിയിലേക്കോടി. നിരപരാധികളായ ആ നിസ്കാരക്കാരുടേയും മഹാന്മാരായ ശഹീദുമാരുടേയും ചുടുചോര പള്ളിയിൽ തളം കെട്ടിനിന്നു. വീടുകളിലെങ്ങും കൂട്ടനിലവിളികളുടേയും ഏങ്ങലടികളുടേയും അന്തരീക്ഷമായിരുന്നു. ശഹീദായവർ അഹ്മദികളായതുകൊണ്ട് പാക്കിസ്ഥാൻ സർക്കാറിനോ അതുമായി ബന്ധപ്പെട്ട വകുപ്പിനോ ഈ സംഭവത്തെ അപലപിക്കാനുള്ള തൗഫീഖ് കിട്ടിയില്ല. കാരണം, അവരുതന്നെ പറഞ്ഞിട്ടുള്ളത് അഹ്മദികളുമായി ബന്ധപ്പെട്ട ഏതെങ്കിലും സംഭവത്തിൽ സഹതാപം കാണിക്കുകയോ അല്ലെങ്കിൽ അപലപിക്കുകയോ ചെയ്താൽ മുല്ലമാർക്ക് കോപം വരുമെന്നും അവരുടെ മനസ്സ് ദുഃഖിക്കുമെന്നാണ്.

സംഭവം നടന്ന് 24 മണിക്കൂറായിട്ടും സർക്കാറിന്റെ ഒരു ഏജൻസിക്കും ഈ സംഭവത്തെ അപലപിക്കണമെന്ന ബോധമുണ്ടായില്ല എന്ന് നാം കണ്ടു. സയ്യിദുനാ ഹസ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹുതആല ബിനസ്രിഹിൽ അസീസ് ഒക്ടോബർ 17ന് ചെയ്ത ജുമുഅ ഖുത്ബയിൽ മോങ്കിലെ നിരപരാധികളായ ഈ അഹ്മദികളുടെ ശഹാദത്ത് വിവരം ലോകരെ അറിയിച്ചു. അങ്ങനെ ലോകം മുഴുവനുമുള്ള അഹ്മദികൾ അതിദാരുണമായ ആ സംഭവമറിഞ്ഞു. അഹ്മദിയ്യാ ലോകത്ത് ആ വാർത്ത ഒരു ഭൂകമ്പത്തിന്റെ പ്രതീതിയുണ്ടാക്കി. സത്യവിശ്വാസികളുടെ അവസ്ഥ തികച്ചും അല്ലാഹു സൂറഃഅഹ്സാബിൽ പറഞ്ഞതുപോലെയായി.

"അവർ നിങ്ങളുടെ അടുക്കൽ നിങ്ങളുടെ മുകൾ ഭാഗത്തുനിന്നും നിങ്ങളുടെ താഴ്ഭാഗത്തുനിന്നും വന്നപ്പോൾ. ദൃഷ്ടികൾ പതറുകയും ഹൃദയങ്ങൾ കണ്ഠനാദങ്ങളിൽ കുതിച്ചെത്തുകയും അല്ലാഹുവിനെക്കുറിച്ച് പലവിധത്തിലുള്ള ധാരണകൾ വെച്ചുപുലർത്തുകയും ചെയ്ത സന്ദർഭത്തിൽ. അപ്പോൾ സത്യവിശ്വാസികൾ അതികഠിനമായി പരീക്ഷിക്കപ്പെടുകയും അവരിൽ ശക്തമായ ഭൂകമ്പം പോലുള്ള അവസ്ഥ വെളിപ്പെടുകയും ചെയ്തു. (*33:11–12*)

ഇതിനുശേഷം ലോകഅഹ്മദികൾ അനുഗൃഹീതമായ റമസാനിൽ മർദ്ദിതരായ ആ അഹ്മദികൾക്കുവേണ്ടി ദുആയുടെ പ്രതീകങ്ങളായിത്തീർന്നു. ഏറ്റവും മുന്നിൽ ആ മർദ്ദിതരോടൊപ്പം അവരുടെ ഇമാമിന്റെ ദുആ ഉണ്ടായിരുന്നു. റമസാൻ മാസത്തിൽ മൂന്നുതരം ആളുകളുടെ പ്രാർത്ഥനകൾ അല്ലാഹു തടയുകയില്ലെന്ന് നബി(സ) തിരുമേനി പറഞ്ഞിട്ടുണ്ട്.

ഒന്ന് നീതിമാനായ ഇമാമിന്റെ ദുആ. മറ്റൊന്ന് നോമ്പുകാരൻ നോമ്പു തുറക്കുമ്പോൾ ചെയ്യുന്ന ദുആ. മൂന്നാമത്തേത് മർദ്ദിതന്റെ ദുആ. അവർക്ക് അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഖിയാമത്തുനാൾ ഉന്നതമായ സ്ഥാനം ലഭിക്കുകയും അവർക്കായി ആകാശത്തിന്റെ കവാടങ്ങൾ തുറക്കുകയും ചെയ്യും. അല്ലാഹു പറയുന്നു: എന്റെ മാനവും പ്രതാപവുമാണ! അല്പം താമസിച്ചിട്ടാണെങ്കിലും ഞാൻ അവരെ സഹായിക്കുകതന്നെ ചെയ്യും.

നിരപരാധികളും മർദ്ദിതരുമായ മോങ്കിലെ സഹോദരങ്ങൾക്ക് മൂന്നുകാര്യങ്ങളും ലഭിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർക്ക് നീതിമാനായ ഒരു ഇമാമുണ്ട്. അവർ നോമ്പുകാരും മർദ്ദിതരുമായിരുന്നു. പ്രതാപവാനായ അല്ലാഹു അവർക്കുവേണ്ടി തന്റെ മാനത്തെ തൊട്ട് സത്യവും ചെയ്തു. അതിന്റെ ഫലമായി പ്രസ്തുത സംഭവം ഉണ്ടായി 24 മണിക്കൂർ കഴിഞ്ഞതേയുള്ളൂ, അല്ലാഹു തന്റെ കോപത്തിന്റെ ദൃഷ്ടാന്തം വെളിപ്പെടുത്തി. ശക്തമായ ഭൂകമ്പത്താൽ എല്ലാം അടിമേൽമറിച്ചു. ഗുണപാഠത്തിന്റെ ദൃഷ്ടിയിലൂടെ നോക്കുന്നവർക്ക് അല്ലാഹുവിന്റെ കോപം വെളിപ്പെടുത്തുന്ന ഒരടയാളമാണിത്.

ഇന്നേക്ക് നൂറു വർഷം മുമ്പേ, 1905 ഏപ്രിൽ 4-ന് കാങ്കടയിലെ പർവ്വതപ്രദേശത്ത് ഒരു ഭൂകമ്പമുണ്ടായി. ധറംശാലയിലെ പർവ്വതമായിരുന്നു അതിന്റെ പ്രഭവകേന്ദ്രം. അവിടെയാണ് അത് ഏറ്റവും കൂടുതൽ ദുരന്തങ്ങൾ വിതച്ചത്. ഇതിനുപുറമെ അക്കാലത്ത് പഞ്ചാബിലെ വലിയൊരു സ്ഥലത്തും നാശമുണ്ടായി. ഈ ഭൂകമ്പം ഉണ്ടാകുന്നതിന് അല്പം ചില മാസങ്ങൾക്കു മുമ്പേ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹുവിൽനിന്ന് ഇൽഹാമുണ്ടായി:

***അഫ്ഫത്തിദ്ദിയാറു മഹല്ലുഹാ വ മുഖാമുഹാ*** "അടുത്തുതന്നെ ഒരു നാശമിറങ്ങാൻ പോകുന്നു. അക്കാരണത്താൽ താൽക്കാലികമായുണ്ടാക്കിയ താമസസ്ഥലങ്ങളും സ്ഥിരതാമസത്തിനുണ്ടാക്കിയിട്ടുള്ള വീടുകളും തകർന്ന

ടിയുന്നതാണ്.

"വേദനാജനകമായ മരണങ്ങളാൽ ഖിയാമത്തിന്റെ വല്ലാത്തൊരു മുറവിളിയാണുയരുന്നത്. എങ്ങും മരിപ്പും മരണങ്ങളും തന്നെ."

അല്പം ചില മാസങ്ങൾക്കുമുമ്പേ വിജ്ഞാപനം ചെയ്ത ഈ ഇൽഹാമുകൾ അനുസരിച്ചുണ്ടായ ഭൂകമ്പം ജനങ്ങളെ ഖിയാമത്തിന്റെ മാതൃക കാണിച്ചു. പ്രവചനം വ്യക്തമായും പുലരുകയും ചെയ്തു. ഇതുസംബന്ധമായി അത്ഭുതകരമായ ഒരു കാര്യം താരീഖെ അഹ്മദിയ്യത്ത്, വാള്യം 2, പേ-378-ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) 1905 ഏപ്രിൽ 14-ന് ബറാഹീനെ അഹ്മദിയ്യാ എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. അവിടന്ന് "ലോകത്തൊരു താക്കീതുകാരൻ വന്നു. എന്നാൽ ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. പക്ഷെ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത വെളിപ്പെടുത്തുകയും ചെയ്യും" എന്നുള്ള ഇൽഹാം എഴുതി. അത് പുലരുന്നതിനുള്ള തെളിവുകൾ എഴുതിത്തുടങ്ങുമ്പോഴാണ് ആ ഭൂകമ്പമുണ്ടായത്.

സയ്യിദുനാ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ജമാഅത്തംഗങ്ങളോട് പറഞ്ഞു: മസീഹ് മൗഊദ്(അ)ന്റെ കാലമായ 1882 മുതൽ 1908 വരെയുള്ള കാലങ്ങളിൽ സംഭവിച്ചതുപോലുള്ള കാര്യങ്ങൾ നൂറുവർഷത്തിനുശേഷം 1982 മുതൽ 2008 വരെയുള്ള കാലയളവിൽ ആവർത്തിക്കപ്പെടുന്നതായി കാണുന്നു. അത് 1982 മുതൽതന്നെ ആവർത്തിക്കുന്നതായി നാം കണ്ടുവരുന്നു എന്നത് ആശ്ചര്യാവഹംതന്നെ. ഈ കാലത്തിനിടയിൽ ഗുജറാത്ത് സംസ്ഥാനത്തിലെ സൂറത്തിൽ പ്ലേഗിന്റെ ചരിത്രം ആവർത്തിക്കപ്പെട്ടു. പിന്നീട് സൂര്യചന്ദ്ര ഗ്രഹണങ്ങളുടെ അടയാളത്തിന്റെ ചരിത്രവും ആവർത്തിക്കപ്പെട്ടു. നൂറുവർഷം കഴിഞ്ഞപ്പോൾ കൃത്യം 2001-ൽ കാബൂൾ വീണ്ടും ഗുണപാഠത്തിനുള്ള അടയാളമായിത്തീർന്നു. നിരപരാധികളും മർദ്ദിതരുമായ ശഹീദ് ഹസ്റത്ത് അബ്ദുല്ലത്തീഫ് സാഹിബിന്റേയും ഹസ്റത്ത് അബ്ദുർറഹ്മാൻ സാഹിബിന്റേ(റ)യും ശഹാദത്തിനുശേഷം ആ മണ്ണിൽ ഒരു ലക്ഷത്തോളം ആളുകൾ കോളറ ബാധിച്ച് മരിച്ചിരുന്നു. ഈ സംഭവം നടന്ന് കൃത്യം നൂറുവർഷം കഴിഞ്ഞപ്പോൾ കാബൂളിലെ ജനത 'പരസ്പരം ചെയ്ത ജിഹാദി'ലും അമേരിക്ക ചെയ്ത ജിഹാദിലും ലക്ഷക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇപ്രകാരംതന്നെ നൂറുവർഷം കഴിഞ്ഞപ്പോൾ 2005-ൽ പർവ്വതപ്രദേശങ്ങളിൽ ഉഗ്രമായ ഭൂകമ്പം നാശം വിതച്ചിരിക്കുന്നു. പിടിവാശിക്കാരും യാഥാസ്ഥിതികരുമായ ആളുകൾ ഇത് അംഗീകരിക്കില്ല എന്നതിൽ സംശയമില്ല. പക്ഷേ, നീതിബോധമുള്ളവരും അതിനെ ഇഷ്ടപ്പെടുന്നവരും ദൈവവിശ്വാസികളുമായ ജനങ്ങൾ തുടർച്ചയായുണ്ടാകുന്ന ഈ സംഭവങ്ങളുടെ കണ്ണികളെ കണ്ടിട്ട് അവയെ സർവ്വജ്ഞനായ അല്ലാഹുവിന്റെ അടയാളമായി അംഗീകരിക്കുന്നതാണ്.

ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് 2005 ഒക്ടോബർ 14-ാം തിയ്യതി ചെയ്ത ഖുത്ബയിൽ പറഞ്ഞു. നിരപരാധികളും മർദ്ദിതരുമായ മോങ്കിലെ അഹ്മദികൾക്കുണ്ടായ ദാരുണമായ സംഭവത്തിൽ ഞങ്ങൾ ദുഃഖിക്കുന്നതുപോലെതന്നെ, അതിനെതുടർന്ന് 24 മണിക്കൂറിനുശേഷം ഉണ്ടായ ഭൂകമ്പത്തിലും ഞങ്ങൾ ദുഃഖിക്കുകയും വേദനിക്കുകയും ചെയ്യുന്നു. മനുഷ്യകുലത്തിന് എവിടെ വിഷമങ്ങളുണ്ടായാലും അഹ്മദിയ്യാ ജമാഅത്ത് കഠിനമായ വേദനയനുഭവിക്കാറുണ്ട്. പ്രാർത്ഥനകൊണ്ടുള്ള സഹായം മാത്രമല്ല മറിച്ച്, ഞങ്ങൾക്കുള്ള കഴിവുകൾ മുഖേന സഹായിക്കാനും ഞങ്ങൾ പരിശ്രമിക്കുന്നു. കഴിഞ്ഞ സുനാമിയുടെ നാളുകളിൽ ശ്രീലങ്കയിലും ഇന്തോനേഷ്യയിലും ഇന്ത്യയിലും ജമാഅത്തിന്റെ സഹായമെത്തി. ഗുജറാത്തിലുണ്ടായ ഭൂകമ്പാവസരത്തിൽ ലക്ഷക്കണക്കിന് രൂപ ജമാഅത്തവിടെ സഹായമായി ചെലവഴിച്ചു. എവിടെ വെള്ളപ്പൊക്കമുണ്ടായാലും കൊടുങ്കാറ്റുണ്ടായാലും മറ്റുതരത്തിലുള്ള വിപത്തുണ്ടായാലും അഹ്മദിയ്യാ ജമാഅത്ത് സൃഷ്ടിസേവനരംഗത്ത് മുൻപന്തിയിലുണ്ടായിരിക്കുന്നതാണ്. ഇന്നും ഈ ഭൂകമ്പത്തിൽ ദുരന്തങ്ങൾക്കിരയായവരെ സഹായിക്കാനും ശരീരവും മനസ്സും ധനവുംകൊണ്ട് ത്യാഗം ചെയ്യാനും ഞങ്ങൾ തയ്യാറാണ്. നിരപരാധികളും മർദ്ദിതരുമായ മോങ്കിലെ ശഹീദായവരുടെ പിൻഗാമികളേയും വിധവകളേയും യതീംകളേയും സഹായിക്കാൻ ആരെങ്കിലും മുന്നോട്ടുവന്നാലും വേണ്ടില്ല വന്നില്ലെങ്കിലും വേണ്ടില്ല. അതുപോലെതന്നെ ഗുരുതരമായി പരിക്കേറ്റവരെ ചികിത്സിക്കാനും അവരെ സമാധാനിപ്പിക്കാനും ആരെങ്കിലും മുന്നോട്ട് വന്നാലും വേണ്ടില്ല വന്നില്ലെങ്കിലും വേണ്ടില്ല- അഹ്മദികൾ അവരുടെ സൃഷ്ടിയുദ്ദേശ്യം രാപകൽ നിർവഹിച്ചുകൊണ്ടിരിക്കുകതന്നെ ചെയ്യും. അല്ലാഹുവിനോടുള്ള കടമ നിർവ്വഹിക്കുന്നതിൽനിന്ന് അവരെ തടഞ്ഞാലും അവർ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതാണ്. അഹ്മദികളുടെ രക്തത്തിനുവേണ്ടി ദാഹിക്കുന്നവരും അവരെ എതിർക്കുന്നവരുമാണെങ്കിൽപോലും അവരോടുള്ള കടമ നിറവേറ്റുന്നതിൽ അഹ്മദികൾ ആരുടെയും പിന്നിലാവുകയില്ല.

എന്തായാലും ഇപ്പോഴുണ്ടായ ഈ ഭൂകമ്പത്തിൽ നിന്ന് അക്രമികൾ തീർച്ചയായും പാഠം പഠിക്കേണ്ടതാണെന്ന് പറയാതെ വയ്യ. മർദ്ദിതരുടെ നെടുവീർപ്പുകളിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. പാപങ്ങളുടേയും അക്രമങ്ങളുടേയും വിളഭൂമിയായിരിക്കുകയും ദൈവനിയോഗിതനെതിരിൽ അഹങ്കാരവും പൊങ്ങച്ചവും കാണിക്കുകയും ചെയ്യുന്ന മണ്ണ് ദൈവകോപത്തെയാണ് ക്ഷണിച്ചുവരുത്തുന്നത്. 1974-ൽ പാക്കിസ്ഥാൻ അസംബ്ലി അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കുന്നതിനു മുമ്പേ അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ച മുസഫറാബാദ് അസംബ്ലി ചേർന്ന ആ മുസഫറാബാദ് തന്നെയല്ലേ അടിമേൽ മറഞ്ഞുകിടക്കുന്നത്. അതിനെതുടർന്ന് പാക്കിസ്ഥാൻ അസംബ്ലിയിലും ഈ നിയമം പാസാക്കുകയുണ്ടായി. അവർ വിശുദ്ധഖുർആൻ അംഗീകരിക്കുന്നവരാണെങ്കിൽ കുറഞ്ഞപക്ഷം ദൈവനിയോഗിതരുടെ എതിരാളികൾക്കുണ്ടായ സംഭവങ്ങളെങ്കിലും വായിച്ചുനോക്കുക. അല്ലാഹു ഇക്കൂട്ടർക്ക് ശുദ്ധമായ ബുദ്ധി പ്രദാനം ചെയ്യുമാറാകട്ടെ.

●

ലേഖനം

മൗലവി നാസിർ അഹ്മദ്

# ഖാദിയാൻ, ദാറുൽ അമാൻ

അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ പൂർവ്വപിതാക്കളിൽ ഒരാളായ പേർഷ്യൻ വംശജൻ ഹസ്റത്ത് മിർസാ ഗുലാം ഹാദിബേഗ് ഇരുന്നൂറോളം പേരടങ്ങുന്ന ഒരു സംഘവുമായി 1530-ൽ സമർഖന്ദിൽനിന്നും പലായനം ചെയ്ത് ബിയാസ് നദിക്ക് ഏഴ് നാഴിക അകലെയുള്ള ഒരു ഗ്രാമത്തിൽ താമസമുറപ്പിച്ചു. ആ പ്രദേശമാണ് ഇന്ന് ലോകപ്രശസ്തമായ ഖാദിയാൻ. ഇവിടെയാണ് 1835 ഫെബ്രുവരി 13-ാം തിയ്യതി ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ഭൂജാതനായത്. 1908 മെയ് 26-ാം തിയ്യതി ലാഹോറിൽവെച്ച് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ജനാസ കൊണ്ടുവന്ന് ഖബറടക്കിയതും ഈ ഖാദിയാനിൽതന്നെയാണ്. വാഗ്ദത്ത മഹ്ദി മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദിന്റെ ജന്മസ്ഥലവും അദ്ദേഹം അന്ത്യവിശ്രമംകൊള്ളുന്ന സ്ഥലവുമായതുകൊണ്ട് ഇന്ന് ഖാദിയാൻ ലോകത്തെവിടെയും അറിയപ്പെടുന്ന ഒരു സ്ഥലമായി മാറിയിരിക്കുന്നു.

1947-ലെ ഇന്ത്യാ-പാക്ക് വിഭജനകാലത്ത് ഖാദിയാന്റെ പ്രാന്തപ്രദേശമായ ബട്ടാല, ഗുരുദാസ്പൂർ, പഠാൻകോട്ട്, അമൃത്സർ തുടങ്ങിയ സ്ഥലങ്ങളിലുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ ബദ്ധവൈരികൾ ഖാദിയാനെ നശിപ്പിക്കുമെന്നും അവിടെത്തെ മിനാരത്തുൽ മസീഹ് തകർത്തെറിയുമെന്നും വീരവാദം മുഴക്കിയിരുന്നു. മാത്രമല്ല, ബിഹിശ്ത്തിമഖ്ബറയിലെ ഖബറുകളെല്ലാം പൊളിച്ചുമാറ്റുമെന്നും അവർ വീമ്പിളക്കിയിരുന്നു. എന്നാൽ, ഈ എതിരാളികളുടെ ഖബറുകളും പള്ളികളും പിന്നീട് വിപാടനം ചെയ്യപ്പെട്ടതാണ് ലോകം കണ്ടത്. ഖാദിയാൻ ഇന്ന് ജനസാഗരത്തിന്റെ പ്രഭവസ്ഥാനമാവുകയും ചെയ്തിരിക്കുന്നു. ഹസ്റത്ത് വാഗ്ദത്ത മഹ്ദി മസീഹിന്റെ ഖബർ പൊളിച്ചെറിയുമെന്ന് പറഞ്ഞവരുടെ ഖബറുകൾ ഇന്നെവിടെയെങ്കിലുമുണ്ടോ? എന്നാൽ, ഖാദിയാനിൽ വാഗ്ദത്ത മഹ്ദി മസീഹിന്റെ ഖബർസ്ഥാനം ഇന്നും ഭക്തജനങ്ങളാൽ തിങ്ങിനിറയുന്ന അത്ഭുതകാഴ്ചയാണ് നാം കാണുന്നത്.

ഖാദിയാനെക്കുറിച്ച് വാഗ്ദത്ത മഹ്ദി മസീഹായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) പറയുന്നു: "ഖാദിയാനാകുന്ന ഈ വിജനപ്രദേശത്തെ അല്ലാഹു ജനനിബിഢപ്രദേശമാക്കി മാറ്റുന്നതാണ്. ഓരോ നാട്ടിലെ ജനങ്ങളും ഇവിടെ ഒരുമിച്ചുകൂടുന്നതാണ്." (*ബറാഹീനെ അഹ്മദിയ്യാ, വാള്യം 5, പേ-95*)

"ഒരു കാലം വരും അന്ന് ഖാദിയാൻ ഒരു സത്യവാന്റെ സ്ഥലമാണെന്ന് സൂര്യനെപോലെ അത് പ്രശോഭിതമായി തെളിയിക്കും." (*ദാഫിഉൽ ബലാ, റൂഹാനി ഖസായിൻ, വാള്യം 18 പേ-231*)

"ഈ പ്രദേശം ബിയാസ് നദിവരെ വ്യാപിക്കുന്നതായി ഞാൻ ദർശനത്തിൽ കണ്ടിരിക്കുന്നു." (*തദ്കിറ, പേ-782*)

"നാം ഒരു ജാഗ്രതാദർശനത്തിൽ കാണുകയുണ്ടായി. ഖാദിയാൻ ഒരു മഹാനഗരമായിത്തീർന്നിരിക്കുന്നു. അതിന്റെ അങ്ങാടി കണ്ണെത്താത്തത്ര ദൂരംവരെ എത്തിയിരിക്കുന്നു. ഉയർന്ന ഇരുനില കെട്ടിടങ്ങളും നാലുനില കെട്ടിടങ്ങളും മനോഹരമായ കടകളും അവിടെ നിർമ്മിക്കപ്പെട്ടിരിക്കുന്നു. തടിച്ചുകൊഴുത്ത കുടവയറന്മാരായ സേഠുമാർ- ഇവരാണ് അങ്ങാടിക്ക് മാറ്റുകൂട്ടുന്നത്- കടകളിലിരിക്കുന്നുണ്ട്. അവരുടെ മുത്തുകളും പവിഴങ്ങളും വിലപിടിച്ച മറ്റു വസ്തുക്കളും പണവുമെല്ലാം കുന്നുകൂടി കിടക്കുന്നു. വിവിധയിനം സാധനങ്ങൾ വില്ക്കുന്ന കടകൾ മനോഹരമായ വസ്തുക്കളാൽ മിന്നിത്തിളങ്ങുകയാണ്. അതുപോലെ തന്നെ പലതരം വാഹനങ്ങളുടെ തിക്കും തിരക്കും കാരണം വഴികളെല്ലാം ഇടുങ്ങിയതായി അനുഭവപ്പെടുന്നു." (*തദ്കിറ, 419*)

**പുണ്യസ്ഥലങ്ങൾ**

വാഗ്ദത്ത മഹ്ദീ മസീഹായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ഒരു സഹാബിയായിരുന്ന ഹസ്റത്ത് മിയാൻ മുഹമ്മദ് അബ്ദുല്ലാ സാഹിബ് സനൗരി(റ) തന്റെ ഖാദിയാൻ സന്ദർശനത്തെക്കുറിച്ച് ഇപ്രകാരം വിവരിക്കുന്നു.

"ഞാൻ ഖാദിയാൻ ഇടയ്ക്കിടെ സന്ദർശിക്കാറുണ്ട്. ഇവിടെ വന്നാൽ പലപ്പോഴും ചില ഖുർആനിക വചനങ്ങളുടെ ആശയം പെട്ടെന്ന് എന്നിൽ തുറക്കപ്പെടാറുണ്ട്. എന്റെ ഹൃദയത്തിൽ ഖുർആനിക ജ്ഞാനത്തിന്റെ ഒരു ഭാണ്ഡംതന്നെ ഇടപ്പെട്ടതായി എനിക്ക് അനുഭവപ്പെട്ടിട്ടുണ്ട്. വിശുദ്ധഖുർആന്റെ ജ്ഞാനം നല്കിക്കൊണ്ടാണ് താൻ അയക്കപ്പെട്ടതെന്നും അതിനെ സേവിക്കുകയെന്നതാണ് തന്റെ കർത്തവ്യമെന്നും അതുകൊണ്ട് തന്റെ സാമീപ്യത്താൽ ഈയൊരു ഗുണം എല്ലാവർക്കും ലഭിക്കേണ്ടതാണെന്നും ഹസ്റത്ത് മഹ്ദി മസീഹ്(അ) പറയാറുണ്ട്." (*സീറത്തുൽ മഹ്ദി, വാള്യം-1, പേ-101*)

ഹസ്റത്ത് സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബ് ശഹീദ്(റ) പറയുന്നു. "റസൂൽ തിരുമേനി (സ)യുടെ പേരിൽ കൂടുതലായി സ്വലാത്ത് ചൊല്ലുന്നവരും ഹസ്റത്ത് മഹ്ദി മസീഹ്(അ)ന്റെ കുടുംബത്തെ സ്നേഹിക്കുന്നവരുമാണ് ഖാദിയാനിൽ സുഖമായി ജീവിക്കുക." (*അൽഫസ്ൽ ഇന്റർനാഷണൽ,*

*ജൂലൈ 2003)*

**മസ്ജിദ് മുബാറക്**

1883-ലാണ് മസ്ജിദ് മുബാറക് നിർമ്മിച്ചത്. മസ്ജിദ് അഖ്സാ നേരത്തെയുണ്ടായിരുന്നു. മസ്ജിദ് മുബാറക് ഹസ്റത്ത് മഹ്ദി മസീഹ്(അ)ന്റെ വീടിനോടു ചേർന്നുള്ള പള്ളിയാണ്. ആദ്യം വളരെ ചെറിയ പള്ളിയായിരുന്നു ഇത്. ഇമാം കഴിഞ്ഞാൽ ആറാൾവീതം നില്ക്കാൻ കഴിയുന്ന രണ്ട് സഫ്ഫും ഇരുപതോളം പേർക്ക് നില്ക്കാൻ കഴിയുന്ന ബാക്കിഭാഗവുമാണുണ്ടായിരുന്നത്. ആദ്യകാലത്ത് ഇവിടെ ബാങ്കും ഇഖാമത്തുമെല്ലാം ഹസ്റത്ത് മഹ്ദി മസീഹ്(അ) തന്നെയാണ് നിർവ്വഹിച്ചിരുന്നത്. ഇരുപത്തിനാല് വർഷംവരെ ഈ പള്ളി ഈ അവസ്ഥയിൽ തന്നെയായിരുന്നു. 1907-ൽ ഹസ്റത്ത് മീർ നാസിർ നവാബ് സാഹിബിന്റെ മേൽനോട്ടത്തിൽ തെക്കുഭാഗത്തേക്ക് പള്ളി നീട്ടിയെടുത്തു. അതായത്, ഇന്നുകാണുന്നതിന്റെ പകുതിഭാഗംവരെ. ഇന്നുകാണുന്നത്ര വികസിപ്പിച്ചത് 1944-ൽ രണ്ടാം ഖലീഫയുടെ കാലത്തായിരുന്നു.

ആദ്യത്തെ പള്ളിയുടെ നാലുഭാഗത്തും ചെറിയ മിനാരങ്ങളുണ്ടായിരുന്നു. ജമാഅത്ത് സ്ഥാപിതമായി പലരും ഖാദിയാനിൽ വരാൻ തുടങ്ങിയപ്പോൾ ഈ പള്ളിയുടെ മുകളിൽ ഇരിപ്പിടമുണ്ടാക്കുകയും മഗ്രിബിനുശേഷം ഹസ്റത്ത് മഹ്ദി മസീഹ്(അ) തന്റെ ശിഷ്യരുമൊത്ത് അവിടെ ഇരിക്കാറുമുണ്ടായിരുന്നു. വിജ്ഞാനങ്ങളുടെ ഈ സദസ്സ് 'ദർബാരെ ശാം' എന്നാണറിയപ്പെട്ടിരുന്നത്. വാഗ്ദത്ത മഹ്ദി ഇമാമിന്റെ സത്യസാക്ഷ്യത്തിനായി വെളിപ്പെടുന്ന രണ്ടടയാളങ്ങളെന്ന് തിരുനബി(സ) പ്രവചനം ചെയ്ത സൂര്യ ചന്ദ്രഗ്രഹണങ്ങളിൽ സൂര്യഗ്രഹണം 1894 ഏപ്രിൽ 16-ന് (1311 റമസാൻ 28-ന്) ഹസ്റത്ത് മഹ്ദി മസീഹ് (അ) ഈ പള്ളിയുടെ മുകളിൽനിന്നാണ് ദർശിച്ചത്.

**മസ്ജിദ് മുബാറക്കിനെക്കുറിച്ചുള്ള വെളിപാടുകൾ**

***അലം നജ്അല്ലക്ക സുഹൂലത്തൻ ഫീ കുല്ലി അംറിൻ ബയ്ത്തുൽഫിക്റി വ ബയ്ത്തുദ്ദിക്റി വമൻ ദഖലഹു കാന ആമിനാ***

1. (അല്ലാഹു പറഞ്ഞു) നാം നിനക്ക് എല്ലാ കാര്യങ്ങളും എളുപ്പമാക്കിത്തന്നില്ലേ? നിനക്ക് ബൈത്തുൽ ഫിക്റും ബൈത്തുദ്ദിക്റും തന്നിട്ടില്ലേ? ആർ ഇതിൽ പ്രവേശിക്കുന്നുവോ അവർക്ക് സമാധാനം ലഭിക്കുന്നതാണ്. (*തദ്കിറ:105*)

2. ആത്മാർത്ഥതയോടും സദുദ്ദേശ്യത്തോടും യഥാർത്ഥ വിശ്വാസത്തോടുംകൂടി ആരാധനയ്ക്കായി ഈ ബൈത്തുദ്ദിക്റിൽ പ്രവേശിക്കുന്നവർ മോശമായ പര്യവസാനത്തിൽനിന്നും സുരക്ഷിതരായിരിക്കും. (*തദ്കിറ:106*)

3. '***മുബാരികുൻ വമുബാറകുൻ വകുല്ലു അംറിൻ മുബാറകുൻ യുജ്അലു ഫീഹി***' ഈ പള്ളി അനുഗ്രഹങ്ങൾ നല്കുന്നതും അനുഗ്രഹിക്കപ്പെട്ടതുമാണ്. അനുഗ്രഹീതമായ എല്ലാ പ്രവർത്തികളും ഇതിൽ ചെയ്യപ്പെടും. (*തദ്കിറ:106*)

മസ്ജിദ് മുബാറക്കിനെക്കുറിച്ച് ഹസ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മായീൽ സാഹിബ്(റ) വിവരിക്കുന്നു. "ഇന്നത്തേക്കാൾ കൂടുതലായി നിസ്കാരങ്ങളിൽ ജനങ്ങൾ അന്ന് കരയുന്നത് ഈ വിനീതൻ കണ്ടിട്ടുണ്ട്. പള്ളിയുടെ ഓരോ മൂലകളിൽനിന്നും ഏങ്ങലടി ശബ്ദങ്ങൾ കേൾക്കാമായിരുന്നു. തന്റെ ജമാഅത്തംഗങ്ങളുടെ ഈ കരച്ചിലിനെ വളരെ അഭിമാനത്തോടുകൂടി ഹസ്റത്ത് മഹ്ദി മസീഹ്(അ) എടുത്തുപറയുകയും ചെയ്യാറുണ്ട്."

രണ്ടാം ഖലീഫ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ഇപ്രകാരം പറയുന്നു: "ഖാദിയാനിൽ വരുന്നവർ നിത്യവും ഒരു നേരത്തെ നിസ്കാരമെങ്കിലും മസ്ജിദ് മുബാറകിൽ നിസ്കരിക്കാൻ ശ്രമിക്കേണ്ടതാണ്." (*9.3.1944*)

**ചെമന്ന മഷിത്തുള്ളിവീണ മുറി**

മസ്ജിദ് മുബാറക്കിന്റെ പഴയഭാഗത്ത് കിഴക്ക് ഏണിപ്പടിയുടെ അടുത്താണ് ഈ മുറി നിലകൊള്ളുന്നത്. ഹിജ്റ 1302 റമസാൻ 27-ാം തിയ്യതി വെള്ളിയാഴ്ച (1885 ജൂലൈ 10) ഹസ്റത്ത് മഹ്ദി മസീഹ്(അ) ഈ ചെറിയ മുറിയിൽ തല പടിഞ്ഞാറുഭാഗത്താക്കിയും മുഖം വടക്കോട്ട് അല്പം തിരിച്ചും കിടക്കുകയായിരുന്നു. ഒരു കൈ ഉപധാനമായി തലയ്ക്കടിയിലും മറ്റേ കൈ നെറ്റിയും ചെന്നിയും മറയുമാറ് തലയ്ക്കുമുകളിലും വെച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രീതശിഷ്യനായ മുൻശി അബ്ദുല്ലാ സാഹിബ് സനൗരി(റ) അദ്ദേഹത്തിന്റെ കാൽ അമർത്തിക്കൊണ്ട് തൊട്ടടുത്തുണ്ടായിരുന്നു. ആ കിടപ്പിൽ ഹസ്റത്ത് മഹ്ദി മസീഹ്(അ) ഒരു ദർശനം കണ്ടു. ഭാവിയിൽ സംഭവിക്കാനുള്ള ചില വിധിവിലക്കുകൾ സ്വന്തം കൈകൾകൊണ്ട് എഴുതി അത് ഒപ്പിടുവിക്കുന്നതിനായി അല്ലാഹുവിന്റെ സവിധത്തിൽ സമർപ്പിച്ചു. അപ്പോൾ അല്ലാഹു വിധികർത്താവിന്റെ രൂപത്തിൽ ഇരിക്കുന്നതാണ് കണ്ടത്. ഇതിൽ ഒപ്പിടുന്നതിനായി ചെമന്നമഷിക്കുപ്പിയിൽ പേന മുക്കി ഒന്നു കുടഞ്ഞു. എന്നിട്ട് ആ കടലാസിൽ ഒപ്പിട്ടു. (ഇത് ജാഗ്രതാദർശനമാണെന്ന് ഓർക്കേണ്ടതാണ്.) ദർശനത്തിൽ കണ്ട ഈ മഷിതുള്ളികൾ ബാഹ്യമായി ഹസ്റത്ത് മഹ്ദി മസീഹ്(അ)ന്റെ ജുബ്ബയിലും മറ്റും കാണപ്പെട്ടു." ഈ സംഭവം നടന്ന മുറിയാണിത്.

ദർശനത്തിൽ കാണുന്നത് ബാഹ്യമായി എങ്ങനെ സംഭവിക്കുമെന്നത് ഒരു ദീർഘവിഷയമായതുകൊണ്ട് ഇവിടെ വിശദീകരിക്കുന്നില്ല. അല്ലാഹുവിന് ഇല്ലാത്ത അവസ്ഥയിൽനിന്ന് സൃഷ്ടിക്കാൻ കഴിയുമല്ലോ.

**ബയ്ത്തുൽ ഫിക്ർ**

മസ്ജിദ് മുബാറകിന്റെ വടക്കുവശത്ത് പള്ളിയോടു ചേർന്നിട്ടുള്ള മുറിക്കാണ് ബയ്ത്തുൽ ഫിക്ർ എന്നു പറയുന്നത്. ഈ മുറിയുടെ ജനൽ മസ്ജിദ് മുബാറക്കിന്റെ പഴയഭാഗത്തേക്കാണ് തുറക്കപ്പെടുന്നത്. ഈ മുറിയുടെ വീതി പത്തടിയും നീളം പതിമൂന്ന് മീറ്ററുമാണ്. ഇവിടെവെച്ചാണ് വാഗ്ദത്ത മഹ്ദി മസീഹ്(അ) തുടക്കത്തിൽ ഗ്രന്ഥരചന നടത്തിയിരുന്നത്. ബറാഹീനെ അഹ്മദിയ്യ എന്ന വിശ്വപ്രസിദ്ധകൃതി ഇവിടെ വെച്ചാണ് രചിച്ചത്. ഈ മുറി നിസ്കാരത്തിനും ദുആ

യ്ക്കുംവേണ്ടി എപ്പോഴും തുറന്നിട്ടിരിക്കുന്നു.

**ഹസ്റത്ത് അമ്മാജാൻ(റ) താമസിച്ച സ്ഥലം**

ബയ്ത്തുൽ ഫിക്റിനോട് ചേർന്ന് വടക്കുവശത്ത് കാണുന്ന അല്പം നീളംകൂടിയ മുറിയാണിത്. ഇതിന്റെ നീളം 23 അടിയും വീതി 12 അടിയുമാണ്. ഹസ്റത്ത് മിർസാ ബശീർ അഹ്മദ്(റ) ഇതിനെക്കുറിച്ച് പറയുന്നു. "ബയ്ത്തുദ്ദുആയുടെ കിഴക്കുവശത്തുളള മുറിയും ചരിത്രപ്രാധാന്യമുള്ളതും പുണ്യം നിറഞ്ഞതുമാണ്. ഹസ്റത്ത് മഹ്ദി മസീഹ്(അ) തന്റെ അവസാനനിമിഷങ്ങൾ ചെലവഴിച്ചത് ഇവിടെയാണ്. പിന്നീട് ഹസ്റത്ത് അമ്മാജാൻ ഇവിടെയായിരുന്നു താമസിച്ചിരുന്നത്. ഇവിടെവെച്ച് ഹസ്റത്ത് മഹ്ദി മസീഹ്(അ)ന് പല ഇൽഹാമുകളും ഉണ്ടായിട്ടുണ്ട്. ഇത് ബയ്ത്തുൽ ഫിക്റിന്റെതന്നെ ഭാഗമാണെന്നാണ് ഹസ്റത്ത് അമ്മാജാൻ(റ) പറയാറുണ്ടായിരുന്നത്. ഇവിടെവെച്ചും ദുആ ചെയ്യാവുന്നതാണ്."

**ബയ്ത്തുദ്ദുആ**

ഹസ്റത്ത് യഅ്ഖൂബലി സാഹിബ് ഇർഫാനി (റ) വിവരിക്കുന്നു. "ഹസ്റത്ത് മഹ്ദി മസീഹ്(അ) യാത്രയിലാണെങ്കിലും അല്ലെങ്കിലും ദുആ ചെയ്യാൻ ഒരു സ്ഥലം പ്രത്യേകമായി നിജപ്പെടുത്തുമായിരുന്നു. അതിനെ ബയ്ത്തുദ്ദുആ എന്നാണ് പറയാറുണ്ടായിരുന്നത്. ഞാൻ എവിടെയെല്ലാം അങ്ങയുടെകൂടെ യാത്ര ചെയ്തിട്ടുണ്ടോ അവിടെയെല്ലാം എനിക്ക് കാണാൻ സാധിച്ചത് ദുആയ്ക്കുവേണ്ടി ഒരു സ്ഥലം അവിടന്ന് പ്രത്യേകമായി നിജപ്പെടുത്തുന്നതാണ്. എന്നിട്ട് കുറച്ചുസമയം ദുആയ്ക്കുവേണ്ടി പ്രത്യേകപ്പെടുത്തുകയും അവിടെപോയി ദുആയിരക്കുകയും ചെയ്യും. തുടക്കത്തിൽ ഖാദിയാനിൽ തന്റെ താമസസ്ഥലത്തുതന്നെ ദുആ ചെയ്തുകൊണ്ടിരുന്നു. പിന്നീട് മസ്ജിദ് മുബാറക്ക് അതിനായി വിനിയോഗിച്ചു. അതിനുശേഷം അല്ലാഹുവിന്റെ ഇംഗിതപ്രകാരം മസ്ജിദ് മുബാറകും ആളെക്കൊണ്ട് നിറയാൻ തുടങ്ങിയപ്പോൾ ഏകാന്തമായി പ്രാർത്ഥിക്കാൻ വീട്ടിലൊരു ബയ്ത്തുദ്ദുആ നിർമ്മിക്കുകയുണ്ടായി.'' ഇതാണ് ഇപ്പോഴത്തെ ബയ്ത്തുദ്ദുആ.

ബയ്ത്തുദ്ദുആയെക്കുറിച്ച് ഹസ്റത്ത് മഹ്ദി മസീഹ്(അ) പറയുന്നു. "ഇനി എത്രകാലം ജീവിക്കുമെന്ന് പറയാൻ പറ്റില്ല. 70-നടുത്ത് പ്രായമെത്തിയിരിക്കുന്നു. മരണം എപ്പോൾ വരുമെന്ന് ദൈവത്തിനേ അറിയൂ. നമുക്കാണെങ്കിൽ ജോലി ഒരുപാട് ചെയ്തുതീർക്കാനുമുണ്ട്. തൂലികയുടെ ശക്തി ക്ഷയിച്ചിരിക്കുന്നു. വാളാണെങ്കിൽ, അതെടുക്കാനുള്ള ദൈവികകല്പനയുമില്ല. അതിനാൽ, നാം ആകാശത്തിലേക്ക് കൈയുയർത്തുകയും അവനിൽനിന്നുതന്നെ ശക്തി കരസ്ഥമാക്കാൻ വേണ്ടി വേറിട്ട ഒരു മുറി അതിനായി നിർമ്മിക്കുകയും ചെയ്തു. എന്നിട്ട് ഇപ്രകാരം ദുആ ചെയ്തു. അല്ലാഹുവേ, ഈ മസ്ജിദുൽ ബയ്ത്തിനെ അഥവാ ബയ്ത്തുദ്ദുആയെ ശാന്തിയുടേയും സമാധാനത്തിന്റേയും ഗേഹമാക്കിമാറ്റേണമേ. ഇതിനെ ശത്രുക്കളുടെമേൽ പ്രകടമായ തെളിവുകളും അവരെ നിഷ്പ്രഭമാക്കുന്ന അടയാളങ്ങളും മുഖേന വിജയം വരിക്കുന്ന വീടാക്കിതീർക്കുകയും ചെയ്യേണമേ."

**ബയ്ത്തുർ റിയാളത്ത്**

1875-ലോ, 76-ലോ തുടർച്ചയായി എട്ടോ ഒമ്പതോ മാസം ഹസ്റത്ത് മഹ്ദി മസീഹ്(അ) രഹസ്യമായി നോമ്പെടുത്ത സ്ഥലമാണ് ബയ്ത്തുൽ റിയാളത്ത്. ഈ ദിനങ്ങളിൽ ഇവിടെവെച്ച് അതിസൂക്ഷ്മമായ കശ്ഫുകൾ ദർശിക്കുകയും കഴിഞ്ഞുകടന്ന ഉന്നത സ്ഥാനീയരായ ഔലിയാക്കന്മാരേയും മറ്റും ദർശനത്തിൽ കാണുകയും ചെയ്തു. ഉണർന്നിരിക്കുന്ന അവസരത്തിൽത്തന്നെ ഒരിക്കൽ നബി(സ) തിരുമേനിയേയും ഹസ്റത്ത് ഇമാം ഹസൻ, ഹസ്റത്ത് ഇമാം ഹുസൈൻ, ഹസ്റത്ത് അലി, ഹസ്റത്ത് ഫാത്വിമ (റ.ഹും) എന്നിവരേയും കാണുകയുണ്ടായി." ഇവിടെവെച്ചും ദുആ ചെയ്യാവുന്നതും നഫ്ൽ നിസ്കരിക്കാവുന്നതുമാണ്.

**ഹസ്റത്ത് മഹ്ദി മസീഹ്(അ) ജനിച്ച മുറി**

അദ്ദാർ എന്ന കെട്ടിടത്തിൽ ഹസ്റത്ത് മഹ്ദി മസീഹ്(അ) ജനിച്ച മുറി കാണാവുന്നതാണ്.

**ഖലീഫത്തുൽ മസീഹ് സാനി(റ) ജനിച്ച മുറി**

അദ്ദാറിൽതന്നെ രണ്ടാം ഖലീഫയായ മുസ്ലിഹ് മൗഊദ് ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ജനിച്ച മുറിയും കാണാവുന്നതാണ്.

**മസ്ജിദ് അഖ്സാ**

സയ്യിദുനാ ഹസ്റത്ത് മഹ്ദി മസീഹ്(അ)ന്റെ വന്ദ്യ പിതാവ് ഹസ്റത്ത് മിർസാ ഗുലാം മുർത്തദാ സാഹിബാണ് ഈ പള്ളിനിർമ്മാണത്തിനായി രണ്ട് അങ്ങാടികളുടേയും ഇടയ്ക്കുള്ള ഉയർന്നസ്ഥലം എഴുന്നൂറ് രൂപയ്ക്ക് വാങ്ങുകയും 1875-ൽ പള്ളിക്ക് തറക്കല്ലിടുകയും ചെയ്തത്. 1876 ജൂൺ മാസത്തിൽ അതിന്റെ നിർമ്മാണം പൂർത്തിയായി. ഹസ്റത്ത് മഹ്ദി മസീഹ്(അ)ന് അന്ന് നാല്പത് വയസ്സായിരുന്നു. അക്കാലത്ത് അദ്ദേഹത്തിന് ഒരുവാദവുമുണ്ടായിരുന്നില്ല. ഖാദിയാനിൽ ഇതുകൂടാതെ മറ്റു പള്ളികളും നിലവിലുണ്ടായിരുന്നു. ഇത്രയും വലിയ പള്ളി നിർമ്മിച്ചപ്പോൾ ജനങ്ങൾ ആക്ഷേപിക്കാൻ തുടങ്ങുകയും പലരും പരിഹസിക്കുകയും ചെയ്തു. മൂങ്ങകൾ വിലസുന്ന ഈ സ്ഥലത്ത് നിസ്കരിക്കാൻ ആര് വരാനാണെന്ന് അവർ പരിഹസിച്ചുകൊണ്ട് ചോദിച്ചു. എന്നാൽ ഇന്ന് ജനസഹസ്രങ്ങളെക്കൊണ്ട് ഈ പള്ളി നിറയുന്നു.

ഈ പള്ളിയുടെ പഴയഭാഗവും അതിനോടു ചേർന്നുള്ള മുറ്റവും, കിണറുമെല്ലാം അതേപോലെ തന്നെ ഇന്നുമുണ്ട്. 1876 ജൂൺ 2-ന് ഹസ്റത്ത് മിർസാ ഗുലാം മുർത്തദാ സാഹിബ് വഫാത്തായപ്പോൾ അദ്ദേഹത്തിന്റെ വസിയത്ത് പ്രകാരം പള്ളിയോട് ചേർന്ന സ്ഥലത്തുതന്നെ അദ്ദേഹത്തെ മറവുചെയ്തു.

ആദ്യത്തെ പള്ളിയിൽ 200 ആൾക്ക് ഒരുമിച്ച് നിസ്കരിക്കാൻ സാധിക്കുമായിരുന്നു. ജമാഅത്ത് രൂപീകരിക്കപ്പെട്ടതിനുശേഷം പള്ളിയിൽ സ്ഥലം മതിയാകാതെ വരികയും 1900-ൽ കിഴക്കുഭാഗത്തേക്ക് പള്ളി വ്യാപിപ്പിക്കുകയും ചെയ്തു. ഇതുമൂലം പിതാ

വിന്റെ ഖബർ പള്ളിയുടെ മുറ്റത്തായി. ശരിക്കുള്ള ഖബർ ഇപ്പോഴുള്ള പള്ളിയുടെ ഏഴടി താഴ്ഭാഗത്താണ്. ജനങ്ങൾ ഖബറിനു മുകളിലൂടെ നടക്കാതിരിക്കുന്നതിനുവേണ്ടി അതിനു മുകളിൽ ചെറിയ ചുറ്റുമതിൽ കെട്ടി ഉയർത്തിയിരിക്കുകയാണ്.

1900-ൽ പള്ളി വീതികൂട്ടിയപ്പോൾ മുറ്റത്ത് വെള്ള നക്ഷത്രങ്ങളുടെ അടയാളമുള്ള ഇഷ്ടികയാണ് പതിച്ചിരുന്നത്. അതിപ്പോഴും കാണാം. പള്ളി വലുതാക്കിയപ്പോൾ 2000 പേർക്ക് നിസ്കരിക്കാനുള്ള സൗകര്യം ലഭിച്ചു. 1910-ൽ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ഉം 1938-ൽ ഖലീഫത്തുൽ മസീഹ് സാനി (റ)ഉം ഇതിനെ വീണ്ടും വിപുലീകരിച്ചു. 1938 ജനുവരി 7-ാം തിയ്യതി വെള്ളിയാഴ്ച ജുമുഅ ഖുത്ബ നിർവ്വഹിക്കുവാൻ ഹസ്റത്ത് ഖലീഫത്തുൽ സാനി ഇവിടെ ആദ്യമായി ഉച്ചഭാഷിണി ഉപയോഗിച്ചു.

ഈ പള്ളിയിൽ ഹസ്റത്ത് മഹ്ദി മസീഹ്(അ) നിസ്കരിക്കാറുണ്ടായിരുന്നു. ഈ പള്ളിയുടെ പഴയ സ്ഥലത്ത് (പള്ളിയുടെ വലതുവശം) നടുവിലത്തെ മിഹ്റാബിൽനിന്നായിരുന്നു ഹസ്റത്ത് മഹ്ദി മസീഹ് (അ) 1900 ഏപ്രിൽ 11-ാം തിയ്യതി ബലിപെരുന്നാളിന് അറബിഭാഷയിൽ പെരുന്നാൾ ഖുത്ബ നിർവ്വഹിച്ചത്. ഖുത്ബ ഇൽഹാമിയ എന്ന പേരിൽ ഈ പ്രഭാഷണം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈ പള്ളിയിൽവെച്ചാണ് 1891 ഡിസംബർ 27-ാം തിയ്യതി ആദ്യത്തെ ജൽസാ സാലാന നടന്നത്. 75 പേരാണ് അന്നതിൽ പങ്കെടുത്തത്. 1892-ലെ ജൽസ ഒഴികെയുള്ള ഹസ്റത്ത് മഹ്ദി മസീഹ്(അ)ന്റെ കാലത്ത് നടന്ന എല്ലാ ജൽസകളും മസ്ജിദ് അഖ്സയിൽവെച്ചുതന്നെയാണ് നടന്നത്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ കാലത്തെ ആദ്യ അഞ്ച് ജൽസകളും ഇവിടെവെച്ചാണ് നടന്നത്.

**മിനാരത്തുൽ മസീഹ്**

മസ്ജിദ് അഖ്സായുടെ അങ്കണത്തിലാണ് മിനാരത്തുൽ മസീഹ് നിലകൊള്ളുന്നത്. 1903 മാർച്ച് 13-ാം തിയ്യതി വെള്ളിയാഴ്ച ഹസ്റത്ത് മഹ്ദി മസീഹ്(അ) ഇതിന് തറക്കല്ലിട്ടു. ഇതിന്റെ നിർമ്മാണം പൂർത്തിയായത് 1916 ഡിസംബറിലാണ്. ഈ മനോഹരമായ മിനാരത്തിന്റെ ഉയരം 105 അടിയാണ്. ഇതിന്റെ മുകളിൽ കയറുന്നതിന് 92 പടികളുണ്ട്. ഈ മിനാരനിർമ്മാണത്തിന് നൂറുരൂപ വീതം ചന്ദ നല്കിയവരുടെ പേരുകൾ അതിൽ കൊത്തിവെച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണോദ്ദേശ്യം വിവരിച്ചുകൊണ്ട് ഹസ്റത്ത് മഹ്ദി മസീഹ്(അ) പറയുന്നു.

1. ഇതിന്റെ മുകളിൽ കയറി അഞ്ചുനേരവും മുഅദ്ദിൻ ബാങ്കുവിളിക്കുകയും ***ലാ ഇലാഹ ഇല്ലല്ലാഹ്*** എന്ന ശബ്ദം ഓരോ ചെവിയിലും മാറ്റൊലി കൊള്ളുകയും വേണം.

2. ആകാശത്തുനിന്ന് പ്രകാശം ഇറങ്ങേണ്ട കാലമാണിതെന്ന് ജനങ്ങൾ മനസ്സിലാക്കാൻ ഇതിന്റെ മുകളിൽ ഒരു വിളക്ക് തെളിക്കണം.

3. സമയമറിയിക്കുന്നതിനുള്ള ഘടികാരം ഇതിന്റെ മുകളിൽ സ്ഥാപിക്കണം. ഇതുമൂലം ജനങ്ങൾ അവരുടെ സമയമറിയുകയും സമയത്തിന്റെ വില മനസ്സിലാക്കുകയും വേണം.

**ബിഹിശ്തി മഖ്ബറ**

ഖാദിയാനിലെ പുണ്യസ്ഥലങ്ങളിലൊന്ന് ബിഹിശ്തി മഖ്ബറയാണ്. ഇവിടെയാണ് 1908 മെയ് 27-ാം തിയ്യതി മുതൽ ഹസ്റത്ത് മഹ്ദി മസീഹ്(അ) അന്ത്യവിശ്രമം കൊള്ളുന്നത്. 'അൽവസിയ്യത്ത്' എന്ന ഗ്രന്ഥത്തിൽ ഈ ഖബർസ്ഥാനിനെക്കുറിച്ച് ഹസ്റത്ത് മഹ്ദി മസീഹ്(അ) വിവരിക്കുന്നുണ്ട്. ഹസ്റത്ത് മഹ്ദി മസീഹ്(അ)ന്റെ ഖബറിങ്കൽവന്ന് വിശ്വാസികൾ സിയാറത്ത് ചെയ്യാറുണ്ട്. ദുആ ചെയ്യേണ്ടരൂപം താഴെ വിവരിക്കാം.

ദുആ ചെയ്യുമ്പോൾ ഇരുകൈകളുമുയർത്തി ആദ്യം സൂറഃഫാത്തിഹ ഓതുകയും സ്വലാത്ത് ചൊല്ലുകയും വേണം. തുടർന്ന് സ്വന്തം ഭാഷയിൽ ഇപ്രകാരം ദുആ ചെയ്യാവുന്നതാണ്. "ഞാനിന്ന് ഹസ്റത്ത് മഹ്ദി മസീഹ്(അ)ന്റെ ഖബറിന്നടുത്താണ് നില്ക്കുന്നത്. ഞങ്ങളുടെ ഭാഗത്തുനിന്ന് തിരുനബിയുടെ സലാം നീ അദ്ദേഹത്തിന് എത്തിക്കേണമേ. അല്ലാഹുവേ, ഇസ്ലാമിന്റെ പുനർജനനത്തിനായി അവിടന്ന് രൂപീകരിച്ച ഈ ജമാഅത്തും അദ്ദേഹം ലോകത്തിന് സമർപ്പിച്ച വിശുദ്ധഖുർആന്റേയും ഹദീസുകളുടേയും അദ്ധ്യാപനങ്ങളും ജനങ്ങൾ സ്വീകരിക്കുവാൻ അനുഗ്രഹിക്കേണമേ. എനിക്കും എന്റെ മക്കൾക്കും ജമാഅത്തിലെ മുഴുവൻ അംഗങ്ങൾക്കും ഈ അദ്ധ്യാപനമനുസരിച്ച് ജീവിക്കുവാനുള്ള തൗഫീഖ് നീ നല്കേണമേ. ഖിലാഫത്തെ അഹ്മദിയ്യായെ പൂർണ്ണമായ രീതിയിൽ അനുസരിക്കാനുള്ള സൗഭാഗ്യവും എനിക്കു നീ നല്കേണമേ. ഖലീഫത്തുൽ മസീഹിനെ റൂഹുൽ ഖുദ്സുകൊണ്ട് നീ സഹായിക്കേണമേ. ഈ ഖബർസ്ഥാനിൽ മറവു ചെയ്യപ്പെട്ടവർക്കും ലോകത്തുള്ള എല്ലാ മൂസിമാർക്കും നിന്റെ കാരുണ്യം നീ പ്രദാനം ചെയ്യുകയും ഈ അനുഗൃഹീതപദ്ധതിയിൽ ഞങ്ങളേയും അംഗങ്ങളാക്കേണമേ.'' ഇതിനുശേഷം സ്വന്തക്കാർക്കു വേണ്ടിയും ബന്ധുക്കൾക്കുവേണ്ടിയും ദുആ ചെയ്യുക.

**ബിഹിശ്തി മഖ്ബറയിലുള്ള പ്രധാന സ്ഥലങ്ങൾ**

ബിഹിശ്തി മഖ്ബറ 17 ഏക്കർ സ്ഥലമാണ്. ഇത് ഹസ്റത്ത് മഹ്ദി മസീഹ്(അ)ന്റെ കുടുംബസ്വത്തായ ഒരു തോട്ടമായിരുന്നു. പിന്നീട് കുറച്ചുകൂടി സ്ഥലം വാങ്ങി ഇതിനെ വിപുലീകരിക്കുകയുണ്ടായി. ആദ്യമായി ഇവിടെ ഖബറടക്കിയത് ഹസ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി(റ)യെയാണ്. 1905 ഒക്ടോബർ 11-ന് ളുഹ്ർ നിസ്കാരത്തിനുശേഷമാണ് മൗലവി സാഹിബ് ഖാദിയാനിൽ വഫാത്തായത്. അന്നുതന്നെ വൈകുന്നേരം ഹസ്റത്ത് മഹ്ദി മസീഹ്(അ) അദ്ദേഹത്തിന്റെ ജനാസ നിസ്കരിപ്പിക്കുകയും മറ്റൊരു ഖബ്ർസ്ഥാനിൽ അമാനത്തായി അടക്കുകയും ചെയ്തു. ഡിസംബർ 26-ന് ളുഹ്ർ അസ്ർ നിസ്കാരത്തിനുശേഷം അദ്ദേഹത്തിന്റെ താബൂത്ത് പുറത്തെടുക്കുകയും ഡിസംബർ 27-ന് 10 മണിക്ക് ഒരു വലിയ ജനാവലിയുടെ സാന്നി

ദ്ധ്യത്തിൽ ഹസ്റത്ത് മഹ്ദി മസീഹ്(അ) ജനാസ നിസ്കരിക്കുകയും ബിഹിശ്തി മഖ്ബറയിൽ ഖബറട ക്കുകയും ചെയ്തു. ഇവിടെത്തെ ആദ്യത്തെ ഖബ്ർ അദ്ദേഹത്തിന്റേതാണ്.

ഹസ്റത്ത് മഹ്ദി മസീഹ്(അ)ന്റെ ഖബ്റിന് വല തുവശത്ത് ഹസ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് (റ)ന്റെ ഖബറാണ്. ഇടതുവശത്ത് ആരേയും അടക്കി യിട്ടില്ല. ഈ സ്ഥലം ഹസ്റത്ത് ഉമ്മുൽ മുഅ്മിനീൻ സയ്യിദാ നുസ്റത്ത് ജഹാം ബീഗം സാഹിബ(റ)ക്ക് വേണ്ടി ഒഴിച്ചിട്ടിരിക്കുകയാണ്. 1952 ഏപ്രിൽ 20-നും 21നും ഇടയ്ക്കുള്ള രാത്രിയിലാണ് റബ്വയിൽവെച്ച് അവർ വഫാത്തായത്. അവരുടെ വസിയ്യത്ത് ഇപ്ര കാരമാണ്. “എന്നെ ഖാദിയാനിലെത്തിക്കണം. ഇവിടെ വെക്കരുത്.” ഇപ്പോൾ ഉമ്മുൽ മുഅ്മിനീന്റെ ജനാസ അമാനത്തായിട്ടാണ് റബ്വയിൽ മറവ് ചെയ്തിരിക്കു ന്നത്. എത്രയുവേഗം ഈ വസിയ്യത്ത് പൂർത്തിയാ ക്കാൻ സൗഭാഗ്യം കിട്ടുന്നതിനായി എല്ലാവരും പ്രാർത്ഥിക്കേണ്ടതാണ്.

ശത്രുക്കൾ ഖബ്റുകളെ അപമാനിക്കുന്നതിൽ നിന്നും തടയുന്നതിനായി 1925-ൽ ഇതിനുചുറ്റും മതിൽ കെട്ടുകയുണ്ടായി. ബിഹിശ്തി മഖ്ബറയിലെ പ്രധാന ഖബ്റുകൾ എല്ലാവരും സന്ദർശിക്കുന്നത് നല്ല താണ്. അതിലെഴുതിയ പേരുകളും അവരുടെ ഹ്രസ്വ ചരിത്രവും വായിച്ച് മുൻതലമുറയെ സ്മരിക്കാൻ ഇതു മുഖേന സാധിക്കും.

### ഹസ്റത്ത് അമ്മാജാൻ(റ)യുടെ വീട്

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മസാറിന് പടി ഞ്ഞാറ് വശത്ത് ഒരു വീട് നമുക്ക് കാണാൻ സാധി ക്കും. ഇതിനെ ഹസ്റത്ത് അമ്മാജാന്റെ വീട് എന്നാണ് പറയാറ്. 1908 മെയ് 27-ാം തിയ്യതി ലാഹോറിൽനിന്ന് ഹസ്റത്ത് മഹ്ദി മസീഹ്(അ)ന്റെ ജനാസ ഖാദിയാ നിൽ എത്തിയപ്പോൾ ഈ വീടിന്റെ നടുവിലത്തെ മുറി യിലാണ് വെച്ചിരുന്നത്. തങ്ങളുടെ പ്രിയ മഹ്ദീ മസീ ഹിനെ അവസാനമായി സഹാബത്ത് കണ്ടത് ഈ മുറി യിൽവെച്ചാണ്.

### ശഹ്നശീൻ

ഇത് ബിഹിശ്തി മഖ്ബറയിൽ തന്നെയുള്ള ഒരു സ്ഥലമാണ്. ആദ്യകാലത്ത് ഹസ്റത്ത് മഹ്ദി മസീഹ് (അ) സഹാബാക്കളുമൊത്ത് ഇവിടെ വരുമ്പോൾ ഇവിടെയുണ്ടായിരുന്ന മരത്തിൻകീഴിലാണ് ഇരിക്കാ റുണ്ടായിരുന്നത്. വിജ്ഞാനസദസ്സ് നടന്നിരുന്ന സ്ഥല മാണിത്. 1972-ലാണ് ഒരു കെട്ടിടത്തിന്റെ രൂപത്തിൽ ഇത് നിർമ്മിച്ചത്.

### ജനാസാഗാഹ്

1908 മെയ് 27-ാം തിയ്യതി ഹസ്റത്ത് ഹക്കീം നൂറു ദ്ദീൻ സാഹിബ്(റ)ന്റെ നേതൃത്വത്തിൽ ഹസ്റത്ത് മഹ്ദി മസീഹ്(അ)ന്റെ ജനാസ നിസ്കരിച്ച ചരിത്ര പ്രാധാന്യമുള്ള സ്ഥലമാണ് ഈ ജനാസാഗാഹ്.

### ഖലീഫയെ തിരഞ്ഞെടുത്ത സ്ഥലം

മഖാമെ സഹൂറെ ഖുദ്റത്തെ സാനിയ എന്നറിയ പ്പെടുന്ന രണ്ടാം ശക്തിപ്രഭാവമായ ഖിലാഫത്തിന്റെ സ്ഥാപനം തുടങ്ങിയ സ്ഥലം ജനാസാഗാഹിന് തൊട്ടു തന്നെയാണ്. ഇവിടെ അഞ്ചുമരങ്ങൾക്കിടയിൽ വെ ച്ചാണ് ജമാഅത്തിലെ എല്ലാവരും ഏകകണ്ഠമായി ഹസ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ)നെ ഒന്നാ മത്തെ ഖലീഫയായി തിരഞ്ഞെടുത്തത്.

### ദാറുൽ മസീഹ്

മസ്ജിദ് മുബാറക്കിനോട് ചേർന്നിട്ടുള്ള ഹസ്റത്ത് മഹ്ദി മസീഹ്(അ)ന്റെ വീടിനാണ് ദാറുൽ മസീഹ് എന്നുപറയുന്നത്. അവിടെ ഗോൾകമര (വൃത്താകൃ തിയിലുള്ളമുറി)യുണ്ട്. ഈ മുറിയിൽവെച്ചാണ് അതി ഥികളെ ഹസ്റത്ത് മഹ്ദി മസീഹ്(അ) കണ്ടിരുന്നത്.

### പള്ളികൾ

മസ്ജിദ് മുബാറക്ക്, മസ്ജിദ് അഖ്സാ എന്നിവ കൂടാതെ മറ്റു പള്ളികളും ഖാദിയാനിലുണ്ട്. മസ്ജിദ് നാസിറാ ബാദ്, ദാറുൽ അൻവാർ, ദാറുൽ ബർക്കാത്ത്, ദാറുർ റഹ്മ ത്ത്, കോഠി ദാറുസ്സലാം (സിക്ക് നാഷണൽ കോളേ ജിനു പിൻവശം), മസ്ജിദ് നൂർ എന്നിവയാണിത്.

1910 മാർച്ച് 5-ന് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ആണ് മസ്ജിദ് നൂറിന്റെ തറക്കല്ലിട്ടത്. 3000 രൂപയാണ് ഇതിന്റെ നിർമ്മാണത്തിന്നായി ചെലവായ ത്. ഹസ്റത്ത് നാസിർ നവാബ് സാഹിബാണ് ഈ സംഖ്യ അന്ന് നൽകിയത്. തഅ്ലീമുൽ ഇസ്ലാം സ്കൂളിന്റേയും കോളേജിന്റേയും അടുത്താണ് ഈ പള്ളിയുള്ളത്. 1914 മാർച്ച് 14-ന് ഈ പള്ളിയിൽ വെച്ചാണ് രണ്ടാം ഖലീഫയെ തിരഞ്ഞെടുത്തത്. ചിലർ ഖിലാഫത്തിൽനിന്ന് അന്ന് വിട്ടുനിന്നെങ്കിലും ഏക ദേശം രണ്ടായിരത്തോളം പേർ അപ്പോൾതന്നെ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ന്റെ കയ്യിൽ ബൈഅത്ത് ചെയ്യുകയുണ്ടായി.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാതാവ് ഹസ്റത്ത് ചിറാഗ്ബീബി സാഹിബയുടെ ഖബർ ഖാദിയാന്റെ പടിഞ്ഞാറ് വശത്തുള്ള പുരാതന ഖബ ർസ്ഥാനിൽ ഇപ്പോഴുമുണ്ട്. 1868-ലാണ് അവർ വഫാ ത്തായത്. ഹസ്റത്ത് മഹ്ദി മസീഹ്(അ) അവിടെ ദുആക്ക് പോയതായി നിവേദനത്തിൽ കാണുന്നുണ്ട്.

●

---

*5ാം പേജിൽ നിന്ന് ........*

ക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിനുവേണ്ടി മാത്രം ബുദ്ധിമുട്ട് സഹിച്ച് ഈ ജൽസയിൽ സന്നിഹിതരായിരിക്കുന്ന എല്ലാ സഹോദരങ്ങൾക്കും അല്ലാഹു നല്ല പ്രതിഫലം നല്കുമാറാകട്ടെ. ഈ വഴിയിലെ അവരുടെ ഓരോ ചുവടിനും സൽഫലം പ്രദാനം ചെയ്യട്ടെ. ആമീൻ സുമ്മ ആമീൻ.*

* 1891 ഡിസംബർ 27-ന് മസ്ജിദ് അഖ്സായിൽ ആദ്യത്തെ ജൽസ ഉദ്ഘാടനം ചെയ്യപ്പെട്ടു. 75 അംഗങ്ങ ളാണ് അതിൽ പങ്കെടുത്തിരുന്നത്. ‘ആസ്മാനീ ഫയ്സല’ എന്ന പ്രബന്ധം വായിച്ചുകേൾപ്പിച്ചത് ഈ ജൽസ യിലാണ്. ഇതിനുശേഷം വരുന്ന ഓരോ വർഷവും ഡിസംബർ 27, 28, 29 തിയ്യതികളിൽ ഖാദിയാനിൽ ജൽസ നടക്കുന്നതാണെന്ന തീരുമാനം അവിടെ വിളംബരപ്പെടുത്തുകയുമുണ്ടായി. (സ:പ)

●

എ.ക്യു. മഹ്ദി കൊല്ലം

ലേഖനം

# യൂസുഫ്നബി(അ)ന്റെ ഐതിഹാസികമായ ജീവിതകഥ

പരിശുദ്ധഖുർആൻ. ദൈവികവചനങ്ങളുടെ അത്ഭുതകരവും അത്യന്തം മഹനീയവുമായ ഒരു സമ്പൂർണ്ണ സമാഹാരം. പ്രായോഗികമായ ഒട്ടേറെ തത്ത്വചിന്തകളുടെയും സാന്ദർഭികമായ ഒരായിരം സാരോപദേശങ്ങളുടേയും അക്ഷയഖനി. മുഹമ്മദ്നബി(സ)ന്റെ സത്യസാക്ഷ്യത്തിന്റെ മഹത്തായ ഒരു തെളിവുകൂടിയാണിത്. സർവ്വശക്തനായ അല്ലാഹു സർവലോകത്തിനുമായി സമർപ്പിച്ച ഈ ഉത്തമോപഹാരം, കാലാവസാനംവരെയുള്ള മനുഷ്യകുലത്തിന്റെ ആജീവാനന്ത നന്മയ്ക്കും ആത്മീയോൽക്കർഷത്തിനും ഉതകുന്ന ഉദാത്തമായ ഉപദേശനിർദ്ദേശങ്ങൾകൊണ്ട് സമ്പുഷ്ടമാണ്.

തന്റെ നാല്പതാംവയസ്സിൽ പ്രവാചകത്വകിരീടം നൽകപ്പെട്ടപ്പോൾ കേവലം പ്രാഥമികവിദ്യാഭ്യാസം പോലും നേടിയ ഒരാളായിരുന്നില്ല മുഹമ്മദ്നബി(സ). എഴുത്തും വായനയും അറിയാത്ത ഒരു വ്യക്തിയിലൂടെ സർവശക്തൻ ഇത്ര മഹത്തായ ഒരു ഗ്രന്ഥം മനുഷ്യകുലത്തിനാകമാനമായി അവസാനകാലത്തോളം നിലനിൽക്കുന്നതരത്തിൽ അവതരിപ്പിക്കുകയായിരുന്നു.

നൂറ്റിപ്പതിനാല് അദ്ധ്യായങ്ങളുള്ള ഈ മഹൽഗ്രന്ഥത്തിൽ ഒട്ടാകെ ആറായിരത്തിഅറുന്നൂറിലധികം വചനങ്ങളാണുള്ളത്. മനുഷ്യജീവിതത്തിന്റെ സമസ്തവശങ്ങളെപ്പറ്റിയും ആധികാരികമായി അറിവുപകരുന്ന ഇസ്‌ലാമിന്റെ ഈ നിയമസംഹിതാസമാഹാരത്തിന് തത്തുല്യമായി ലോകത്ത് ഇന്നോളം മറ്റൊരു ഗ്രന്ഥവും രചിക്കപ്പെട്ടിട്ടില്ല. കാരണം, ഈ ഗ്രന്ഥത്തിലെ ഓരോ താളിലും, ഓരോ അക്ഷരത്തിലും സർവ്വശക്തനായ അല്ലാഹുവിന്റെ പ്രകടമായ കൈയൊപ്പ് പതിഞ്ഞുകിടപ്പുണ്ട്.

ഒരുലക്ഷത്തിലധികം പ്രവാചകന്മാർ വിവിധ കാലഘട്ടങ്ങളിലായി ഭൂമിയിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവരിൽ ഏറ്റവും പ്രമുഖരായ 25 പേരെ പറ്റി മാത്രമേ ഖുർആൻ പറയുന്നുള്ളൂ.

ഒരു കഥാഗ്രന്ഥമല്ല പരിശുദ്ധഖുർആൻ. എന്നാൽ മനുഷ്യജീവിതത്തിന്റെ വ്യത്യസ്ത ഭാവങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ സ്വാഭാവികമായ അനുഭവതന്തുക്കളാൽ കോർത്തിണക്കപ്പെട്ട കഥാസന്ദർഭങ്ങളുടെ സജീവസാന്നിദ്ധ്യം ഖുർആനിലെ വിവിധയിടങ്ങളിൽ വ്യത്യസ്ത ഭാവങ്ങളിൽ നിറഞ്ഞുനിൽക്കുന്നതു കാണാം. തികഞ്ഞ ഔചിത്യബോധത്തോടെയാണാ കഥാസന്ദർഭങ്ങൾ ഖുർആനിൽ ലയിച്ചുചേർന്നിട്ടുള്ളതും. അത്തരം ചില അനുഭവമുഹൂർത്തങ്ങളെ അവയുടെ ഭംഗി തെല്ലും ചോർന്നുപോകാതെ കഥാരൂപത്തിൽ അവതരിപ്പിക്കാനുള്ള ശ്രമത്തിലാണ് ഞാൻ. പരിശുദ്ധഖുർആനിലെ ഈ കഥാവിഷ്കാരത്തിന്റെ സോദ്ദേശ്യപരമായ രൂപഘടനതന്നെ ആരേയും അത്ഭുതപ്പെടുത്തുംവിധം സാന്ദർഭികവും എന്നാൽ, യുക്തിസഹവുമാണെന്ന് ഞാൻ കണ്ടു. മാന്ത്രികതയുടെ തൂവൽസ്പർശമോ, അത്ഭുതങ്ങളുടെ അതിപ്രസരമോ, അസാധാരണത്വത്തിന്റെ അനാദൃശപരിവേഷമോ തെല്ലുപോലും സ്വാധീനിക്കാത്ത രീതിയിലാണ് ഓരോ സംഭവങ്ങളും കഥാരൂപത്തിൽ ഖുർആൻ പറയുന്നത്.

പരിശുദ്ധഖുർആനിലെ പല കഥാനുഭവ വിവരണങ്ങളിൽ എന്നെ ഏറ്റവും ആകർഷിച്ച ഒന്നാണ്, യൂസുഫ് നബി(അ)ന്റെ ജീവിതകഥ. കഥ പറയാൻ തുടങ്ങുന്നതിനു മുമ്പ് ചെറിയൊരു ആമുഖം.

ഒരേ കാലഘട്ടത്തിൽ ഒരേ ദേശത്ത് ഒരു കുടുംബത്തിൽതന്നെയും, അടുത്തടുത്ത തലമുറകളിലും പ്രവാചകന്മാർ അവതരിക്കപ്പെട്ടിട്ടുള്ളതായി ഖുർആനിൽനിന്നും ഹദീസുകളിൽനിന്നും മനസ്സിലാകുന്നുണ്ട്. പ്രപിതാമഹനും, പിതാമഹനും, പിതാവും, മകനും തൊട്ടടുത്ത സഹോദരന്മാർതന്നെയും പ്രവാചകന്മാരായിത്തീർന്ന ചരിത്രവും രേഖകളിലുണ്ട്. പ്രായേണ ചെറിയൊരു കാലയളവിനുള്ളിൽ, ആ പ്രാചീനകാലത്ത് ഒരേസമയത്തുതന്നെ അവതരിപ്പിക്കപ്പെട്ട ഒന്നിലധികം പ്രവാചകന്മാരെപ്പറ്റിയും വിവരിക്കപ്പെട്ടിട്ടുണ്ട്. ഇതേപ്പറ്റി ഓർക്കുമ്പോൾ, ഈ വർത്തമാനകാലത്ത് നമുക്ക് വിസ്മയം തോന്നാം; എന്നാൽ ദൈവികചരിത്രം അതാണ്.

ഇന്നത്തെപ്പോലെ യാത്രാസൗകര്യങ്ങളില്ലാതെ ഒട്ടകപ്പുറത്ത് ഇഴഞ്ഞുനീങ്ങിയിരുന്ന കാലം. അന്ന് വാർത്താവിനിമയ സമ്പ്രദായങ്ങളും തീരെ ദുർബലമായിരുന്നു. ആ അതിപുരാതനകാലത്ത്, പ്രാദേശികമായി അവതരിപ്പിക്കപ്പെട്ട പ്രവാചകന്മാരുടെ അനിർവാര്യതക്ക് പ്രസക്തിയുണ്ടായിരുന്നു. തൊട്ടയൽദേശമായിരുന്നാൽപോലും ഒരു നാട് അടുത്തനാട്ടിൽനിന്ന് എത്രയോ അകലെയുള്ള ഒരു ലോകം പോലെ വ്യത്യസ്തമായി തോന്നപ്പെട്ടിരുന്നു. വാർത്താവിനിമയങ്ങളുടെ പ്രാകൃതഭാവം കാരണം ഒരു സന്ദേശവാഹകന്റെ ശബ്ദം തൊട്ടടുത്ത ദേശത്തുള്ള ജനങ്ങളിലേക്കുപോലും എത്തിക്കാൻ കഴിയാത്തതരത്തിലുള്ള പരിമിതികൾ. സമീപകാലത്താണ് ഏകദേശം യാത്രാവിനിമയരംഗങ്ങളിൽ പുരോഗതിയുടെ തുടക്ക

മെങ്കിലും പടിപടിയായി ലോകം കണ്ടുതുടങ്ങിയത്. ഇന്നിതാ നാം ആ സൗകര്യങ്ങളുടെ പാരമ്യതയിൽ എത്തിനിൽക്കയാണ്. ആ നേട്ടങ്ങൾ ഇനിയും അനുസ്യൂതം വളർന്നുകൊണ്ടുമിരിക്കുന്നു.

പതിനായിരക്കണക്കിനു കിലോമീറ്റർ അകലെ, യൂറോപ്പിലിരിക്കുന്ന നമ്മുടെ ഇമാമിനെ കണ്മുമ്പിൽ കാണുവാനും, ആ ധന്യശബ്ദം കേൾക്കുവാനും നമുക്കിന്ന് കഴിയുന്നു. എത്ര നൊടിയിടയ്ക്കുള്ളിലാണ് ഹുസൂറിന്റെ സന്ദേശം ലോകമൊട്ടാകെ എത്തിക്കാൻ നമ്മുടെ എം.ടി.എ തയ്യാറായി നിൽക്കുന്നത്. ഇവയൊക്കെ അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്തിന്റെ സാക്ഷിപത്രങ്ങളല്ലെങ്കിൽ മറ്റെന്താണ്?

നബിമാരുടെ പിൽക്കാലചരിത്രം നോക്കിയാൽ ഈസാനബി(അ)ക്ക് അറുനൂറ് ആണ്ടുകൾക്കു ശേഷമാണ് മുഹമ്മദ് നബി(സ)ന്റെ അവതാരകാലം. വീണ്ടുമൊരു പതിനാലു നൂറ്റാണ്ടുകൾകൂടി പിന്നിട്ടതിനുശേഷമാണ് വാഗ്ദത്ത മഹ്ദി മസീഹിന്റെ ജനനം.

ഇവിടെ, ഞാൻ നിങ്ങളെ മുഹമ്മദ് നബി(സ)ന് മുമ്പുള്ള ഒരു കാലഘട്ടത്തിലേക്ക് കൂട്ടിക്കൊണ്ടുപോവുകയാണ്. ആ പ്രാചീനകാലത്ത് അവതരിപ്പിക്കപ്പെട്ട ഒരു പ്രവാചകനായിരുന്നു യഅ്ഖൂബ് നബി(അ). അദ്ദേഹം ജീവിച്ചിരുന്നത് ഫലസ്തീന്റെ സമീപസ്ഥലമായ കൻആൻ ദേശത്തായിരുന്നു. അറബിനാട്ടിൽ തന്നെയുള്ള കാടും മലകളും നിറഞ്ഞ ഒരു പ്രദേശം. ആ മലഞ്ചെരുവിലെ ജനങ്ങൾക്ക് സത്യമാർഗ്ഗം കാട്ടിക്കൊടുക്കാനും അവരെ നേർവഴിക്ക് നയിക്കാനുമുള്ള മഹത്തായ ദൗത്യമാണ് അല്ലാഹു യഅ്ഖൂബ് നബി (അ)ന് നൽകിയത്. നോക്കുക, ഇവിടെ കേവലം ചെറിയൊരു ദേശത്തിനു മാത്രമായി ഒരു പ്രവാചകനെ അല്ലാഹു അയച്ചിരിക്കുന്നു.

യൂസുഫ് നബി(അ)ന്റെ ഉദ്വേഗജനമായ ജീവിതകഥ വിവരിച്ചുതുടങ്ങുമ്പോൾ, ഖുർആനിലുള്ള സംഭവമെന്നതിനാൽ അതിനായി ഞാൻ പ്രധാനമായും ആശ്രയിച്ചത് നമ്മുടെ വിശുദ്ധഗ്രന്ഥത്തിന്റെ പരിഭാഷയെതന്നെയാണ്. അതാകട്ടെ, നമ്മുടെ ജമാഅത്ത് തന്നെ പ്രസിദ്ധീകരിച്ച, മർഹൂം മൗലവി അബുൽ വഫാ സാഹിബ് നിർവഹിച്ച പരിഭാഷയായിരുന്നു. ഈ സംഭവകഥ തയ്യാറാക്കും മുമ്പ് നമ്മുടേയും മറ്റു പലരുടേയും ഖുർആൻ പരിഭാഷകളിലൂടെ കടന്നുപോയി ഞാൻ. ഒരു താരതമ്യപഠനം നടത്താനും എനിക്കവസരം ലഭിച്ചു. നമ്മുടെ പരിഭാഷ, തീർച്ചയായും മറ്റു പല ഖുർആൻ വിവർത്തനങ്ങളെക്കാളും എത്രയോ അധികം യുക്തിസഹവും മനോഹരവുമായാണ് തയ്യാറാക്കപ്പെട്ടിരിക്കുന്നതെന്ന് ഞാൻ കണ്ടു. മൗലവി അബുൽവഫാ സാഹിബ്, തന്റെ പരിഭാഷയിലുടനീളം ഉപയോഗിച്ച ഭാഷതന്നെ, കാലാനുസൃതമായ മാറ്റങ്ങളിലൂടെ രൂപപ്പെട്ട ഭംഗിയുള്ള ശൈലിയിലൂടെയുള്ളതാണെന്നത് ഇതിന്റെ മാറ്റ് ഒരളവുകൂടി വർദ്ധിപ്പിക്കുന്നതായി ഞാൻ കണ്ടു.

എന്റെയീ രചനയ്ക്ക് പ്രധാനമായും ഖുർആൻ പരിഭാഷയെതന്നെ ആശ്രയിച്ചതു കാരണം, ഈ സംഭവകഥയുടെ ആധികാരികത ഒട്ടും ചോർന്നുപോകാൻ തരമില്ല. ഖുർആനിലെ പല ഉദ്ധരണികളും സംഭാഷണരംഗങ്ങളും ഖണ്ഡികകളും കഴിയുന്നതും അതുപോലെതന്നെ നൽകാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. വളരെ അപൂർവ്വസന്ദർഭങ്ങളിലൊഴികെ, എന്റെ സ്വന്തം ഭാവനയെ ചിറകുവിടർത്താൻ ഞാൻ അനുവദിച്ചിട്ടുമില്ല. ഒരു നബിയുടെ ചരിത്രമാവുമ്പോൾ, പ്രത്യേകിച്ച് അത് പരിശുദ്ധ ഖുർആൻതന്നെ വിവരിക്കുമ്പോൾ, ആ സംഭവകഥയിൽ ഒരു പരധിക്കപ്പുറം സ്വന്തം ഭാവനകൾക്കു പ്രസക്തിയില്ലെന്നും ഞാൻ കരുതുന്നു. അതിനൊരുദാഹരണംകൂടി പറഞ്ഞുകൊണ്ട് കഥയിലേക്ക് കടക്കാം.

പരിശുദ്ധഖുർആൻ സൂചിപ്പിക്കുന്ന ഈ സംഭവത്തിൽ യൂസുഫ് നബി(അ) യുവാവായിരുന്ന കാലത്ത്, അദ്ദേഹത്തിന്റെ സൗന്ദര്യത്തിലും അസാധാരണ ശാരീരികഭംഗിയിലും ഭ്രമിച്ചുപോയ സുന്ദരിയും യുവതിയുമായ ഒരു സ്ത്രീയുടെ കഥ വിവരിക്കുന്നുണ്ട്. ഈജിപ്തിലെ ചക്രവർത്തിയായിരുന്ന റയ്യാന്റെ മന്ത്രിയായ അസീസിന്റെ ഭാര്യ സുലൈഖയാണാ സ്ത്രീ കഥാപാത്രം. നിമിഷനേരത്തേക്കെങ്കിലും യൂസുഫ്നബി(അ)നെ ശാരീരികമായി സ്വന്തമാക്കാൻ അവർ നടത്തിയ വിഫലശ്രമത്തെപ്പറ്റി ഖുർആനിൽ വ്യക്തമായ പരാമർശമുണ്ട്. ആ സ്ത്രീയാൽ യൂസുഫ് നബി(അ) തന്റെ തിളങ്ങുന്ന യൗവ്വനകാലത്ത് ബലാൽക്കാരശ്രമമെന്ന നിലയിൽ ആക്രമിക്കപ്പെടുകയും നിരപരാധിയായ അദ്ദേഹം സ്ത്രീയുടെ ഭർത്താവായ തന്റെ യജമാനന്റെ മുമ്പിൽ തെറ്റിദ്ധരിക്കപ്പെടുകയും ചെയ്യുന്നതായിട്ടാണ് ഖുർആനിലത് വിവരിച്ചിരിക്കുന്നത്. ഒടുവിൽ അദ്ദേഹത്തിന്റെ നിരപരാധിത്വം പൂർണ്ണമായും തെളിയിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

സ്ത്രീകളുടെ മേലുള്ള കയ്യേറ്റങ്ങളുടേയും ബലപ്രയോഗങ്ങളുടേയും പീഡനകഥകൾ സർവസാധാരണമായ ഇക്കാലത്ത്, സ്ത്രീകളുടെ ഭാഗത്തുനിന്നുള്ള പുരുഷപീഡനങ്ങളും അരങ്ങേറാറുണ്ടെന്ന് വളരെ അപൂർവ്വമായി നാം കേൾക്കാറുണ്ട്. സമീപകാലത്ത് നടത്തപ്പെട്ട ഒരു ആധുനികസർവ്വേയിലൂടെ വെളിപ്പെട്ടത്, പുരുഷപീഡനങ്ങളെപ്പറ്റി പുറംലോകമറിഞ്ഞാൽ അതിന് കാരണക്കാരിയായ സ്ത്രീയെപ്പറ്റി മറ്റുള്ളവരിൽ അവിശ്വസനീയത ജനിക്കുമെന്ന ആശങ്കയാലോ, ഇതിൽ ബന്ധപ്പെട്ട സ്ത്രീയുടെ അഭിമാനം സംരക്ഷിക്കാനോ, സംഭവത്തെപ്പറ്റി അധികമാരും പുറത്തുപറയാറില്ല എന്നാണ്. അങ്ങനെ സംഭവം വെളിപ്പെടുത്തപ്പെടാത്തതിനാൽ ഇത്തരം അനുഭവങ്ങൾക്കുള്ള വാർത്താപ്രാധാന്യവും നഷ്ടപ്പെടുന്നുണ്ടത്രെ. എന്നാൽ, എത്രയോ നൂറ്റാണ്ടുകൾക്കു മുമ്പ്, ഇത്തരമൊരു സംഭവം നടന്നതായി ഖുർആനിൽ വിവരിക്കുന്നത്, തികച്ചും സാന്ദർഭികമാണെന്നത്, അത്ഭുതത്തോടെ നമുക്കിവിടെ വായിക്കാം. അതെ, എക്കാലത്തേയും സാമൂഹികജീവിതഘടനയിലെ ഓരോ

തന്മാത്രയുടേയും സൂക്ഷ്മമായ ഒരു പരിഛേദം, പരിശുദ്ധഖുർആന്റെ ഓരോ ഭാഗത്തും നിറഞ്ഞുനിൽക്കുന്നുവെന്ന യാഥാർത്ഥ്യത്തിലേക്ക് ഈ സംഭവവും വിരൽചൂണ്ടുന്നു.

ഈയൊരു പുരുഷപീഡനത്തെപ്പറ്റി, അതും ഒരു നബിയുടെ യൗവ്വനകാലവുമായി ബന്ധപ്പെട്ടു നടന്നുവെന്ന് ഞാനീ സംഭവകഥയിലൂടെ പറയുമ്പോൾ അങ്ങനെയൊന്നുണ്ടായതായി ഖുർആനിലെ പൂർവകഥയിൽ വിവരിച്ചിട്ടുണ്ടാവുമോ എന്നുപോലും വായനക്കാർ സംശയിച്ചുപോയേക്കാം. എന്നാൽ സംശയലേശമില്ലാതെ, അത്രകണ്ട് നാടകീയമായ അവതരണ ഭംഗിയോടെയാണ് ഈ സംഭവത്തിനു ഖുർആൻ വിശദീകരണം നൽകുന്നത്. അത്തരം സന്ദർഭങ്ങളിൽ ഉണ്ടാകാനിടയുള്ള സംശയങ്ങളും സന്ദേഹങ്ങളും അവ വായനക്കാരിൽ സൃഷ്ടിച്ചേക്കാവുന്ന തെറ്റുധാരണകളും തീർത്തും ഒഴിവാക്കാനാണ്, ഞാൻ, അധികവും ഖുർആൻ സൂക്തങ്ങളുടെ, പരിഭാഷയിൽ നൽകപ്പെട്ടിട്ടുള്ള ഭാഗങ്ങൾതന്നെ അതേപടി കഥയിലെ ഓരോ ഭാഗത്തും സൂചനയായി ചേർത്തിട്ടുള്ളതും. നമുക്കിനി തുടങ്ങാം.

യഅ്ഖൂബ്നബി(അ)ന് രണ്ട് ഭാര്യമാരുണ്ടായിരുന്നു, റാഹില, ലയ്യ എന്നിവർ. റാഹിലയിൽ ജനിച്ചവരായിരുന്നു യൂസുഫും, ബിൻയാമിനും. ലയ്യയിൽ ആറുമക്കളും. മറ്റ് രണ്ട് അടിമസ്ത്രീകളിൽ നാല് പുത്രന്മാർ വേറെയുമുണ്ടായിരുന്നു. ആകെ പന്ത്രണ്ടുപേർ. ഒക്കെയും ആൺമക്കൾ. അവരിൽ ഏറ്റവും ഇളയവരായിരുന്നു യൂസുഫും, ബിൻയാമിനും.

പിതാവിന് യൂസുഫിനോടും ബിൻയാമിനോടും അതിയായ വാത്സല്യവും സ്നേഹവുമുണ്ടായിരുന്നു. മറ്റ് പത്തുമക്കളും പിതാവിന്റെ സ്നേഹാദരവ് പിടിച്ചുപറ്റാൻ കഴിയാത്തവിധത്തിൽ നിഷേധികളായാണ് വളർന്നത്.

യൂസുഫ് സുന്ദരനും സുശീലനും അതീവബുദ്ധിമാനുമായിരുന്നു. അവന്റെ സാത്വികഭാവത്തിലുള്ള ജീവിതചര്യകളാണ് പിതാവായ യഅ്ഖൂബ് നബി(അ)ന്റെ പ്രത്യേക സ്നേഹവാത്സല്യങ്ങൾക്ക് പാത്രീഭൂതനാവാൻ കാരണമായിത്തീർന്നത്. ബിൻയാമിനും ജ്യേഷ്ഠന്റെ പാതതന്നെ തുടർന്നുപോന്നു.

യൂസുഫിനോടും ബിൻയാമിനോടും മറ്റ് പത്ത് സഹോദരന്മാർക്കും അസൂയനിറഞ്ഞ വിദ്വേഷഭാവമുണ്ടായിരുന്നു. ഇത് ആ വൃദ്ധപിതാവ് മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. യഅ്ഖൂബ്നബി(അ)ന്റെ വിശ്വാസപ്രമാണങ്ങളോടും ഏകദൈവവിശ്വാസത്തോടും ആ പത്തുമക്കൾക്കും തീരെ അഭികാമ്യമുണ്ടായിരുന്നില്ല. എന്നാൽ, ആ ദൈവനിഷേധം പുറത്തുകാട്ടാതെ മനസ്സിന്റെ ഉള്ളറയിൽ തീർത്തും പൈശാചികഭാവത്തോടെ അവർ കാത്തുസൂക്ഷിച്ചിരുന്നു. യൂസുഫിനെതിരെ, ഓരോ നിമിഷവും ചതിവിന്റെ കരുക്കൾ അവർ നീക്കിക്കൊണ്ടുമിരുന്നു. യൂസുഫിനപ്പോൾ കൗമാരപ്രായമായിരുന്നു.

ഇതിനിടെ യൂസുഫ് ഒരു ദിവ്യസ്വപ്നം കണ്ടു. അവൻ തന്റെ സ്വപ്നത്തെപ്പറ്റി പിതാവിനോടു പറയുകയും ചെയ്തു. ഖുർആനിലത് ഇപ്രകാരമാണ്. "എന്റെ പിതാവേ, പതിനൊന്നു നക്ഷത്രങ്ങളേയും സൂര്യനേയും ചന്ദ്രനേയും ഞാനൊരു സ്വപ്നത്തിൽ കണ്ടു. അവ എന്റെ മുമ്പിൽ പ്രണമിക്കുന്നതായി ഞാൻ കണ്ടു."

ഈ സ്വപ്നം തീർത്തും ദൈവികമായ ഒരറിയിപ്പാണെന്ന് യഅ്ഖൂബ് നബി(അ) മനസ്സിലാക്കിക്കഴിഞ്ഞിരുന്നു.

ഈ ദിവ്യസ്വപ്നവിവരം ആ പിതാവിന്റെ മനസ്സിൽ വല്ലാത്തൊരു ആശങ്ക സൃഷ്ടിക്കയുണ്ടായി. ആ ദർശനത്തെപ്പറ്റി ശത്രുക്കളറിഞ്ഞാൽ, അതിലെ ദൈവിക ദൃഷ്ടാന്തഭാവത്തെ മനസ്സിലാക്കി, അവർ യൂസുഫിനെ അപായപ്പെടുത്താൻപോലും മടിക്കില്ലെന്ന് അദ്ദേഹം ഭയപ്പെട്ടു. തന്റെ മറ്റു പത്തുമക്കളും ശത്രുപാളയത്തിലായിരുന്നതിനാൽ, അവരെയൊന്നടങ്കം അദ്ദേഹം ആശങ്കയോടെയാണ് വീക്ഷിച്ചിരുന്നത്. മകനായ യൂസുഫിനോട് അദ്ദേഹം പറഞ്ഞതായി ഖുർആനിൽ ഇങ്ങനെ സൂചനയുണ്ട്.

"എന്റെ പ്രിയപ്പെട്ട മകനേ, നിന്റെ സ്വപ്നം സഹോദരന്മാരെ ഒരിക്കലും അറിയിക്കരുത്. അറിയിച്ചാൽ അവർ നിനക്കെതിരിൽ വലിയ തന്ത്രം ആസൂത്രണം ചെയ്യും. തീർച്ചയായും പിശാച് മനുഷ്യന്റെ പ്രത്യക്ഷ ശത്രുവാകുന്നു."

ഇതിനിടെ ആ മക്കൾ യൂസുഫിനെതിരെ, രഹസ്യമായ ഒരു ഗൂഢാലോചനാപദ്ധതിക്ക് കരുക്കൾ നീക്കിക്കഴിഞ്ഞിരുന്നു.

തങ്ങൾ ആടിനെമേയ്ക്കാൻ പോകുമ്പോൾ, യൂസുഫിനെകൂടി ഒപ്പം കൂട്ടാൻ അനുവദിക്കണമെന്നും ആ മക്കൾ പിതാവിനോടപേക്ഷിച്ചു. ആദ്യം അതിനദ്ദേഹം വഴങ്ങാൻ കൂട്ടാക്കിയില്ല. ആ പിതാവിന്റെ മനസ്സിൽ മക്കളുടെ ഈ നീക്കങ്ങളിൽ എന്തോ ഒരു ദുരൂഹതയുണ്ടെന്ന തോന്നലാണുണ്ടായത്.

പരിശുദ്ധഖുർആനിൽ, പിതാവായ യഅ്ഖൂബ് നബി(അ)നോട് യൂസുഫിനെ തങ്ങളോടൊപ്പമയക്കാൻ ആ മക്കൾ സമ്മർദ്ദം ചെലുത്തുന്ന ഒരു ഭാഗമുണ്ട്.

"ഞങ്ങളുടെ പിതാവേ, യൂസുഫിന്റെ കാര്യത്തിൽ ഞങ്ങളെ വിശ്വസിക്കാതിരിക്കാൻ താങ്കൾക്കെന്തുണ്ട്. ഞങ്ങളാവട്ടെ, അവനോട് ആത്മാർത്ഥതയുള്ളവരും ഗുണകാംക്ഷികളുമാണ്." അവർ തുടർന്നു. "നാളെ അവനെ ഞങ്ങളോടൊപ്പം അയച്ചുതരിക. അവൻ ആനന്ദിച്ചുനടക്കുകയും, കളിക്കുകയും ചെയ്തുകൊള്ളട്ടെ. തീർച്ചയായും ഞങ്ങൾ അവനെ കാത്തുരക്ഷിക്കുന്നവരാണ്."

ഇത്രയൊക്കെ കേട്ടപ്പോൾ പൂർണ്ണമനസ്സോടെയല്ലാതെതന്നെ അദ്ദേഹം യൂസുഫിനെ അവരോടൊപ്പം അയക്കാൻ തയ്യാറായി. അപ്പോഴും ആ വൃദ്ധമനസ്സിൽ വല്ലാത്തൊരാശങ്ക നിലനിന്നിരുന്നു. അദ്ദേഹം ഇങ്ങനെ പറഞ്ഞതായി ഖുർആനിൽ സൂചനയുണ്ട്. "നിങ്ങൾ

അവനെ കൊണ്ടുപോകുന്നത് തീർച്ചയായും എന്നെ ദുഃഖിപ്പിക്കുന്നു. നിങ്ങൾ അവനെക്കുറിച്ച് അശ്രദ്ധരായിരിക്കെ, ചെന്നായ് അവനെ പിടിച്ചുതിന്നുകളയുമെന്ന് ഞാൻ ഭയപ്പെടുന്നു."

ചെന്നായ്ക്കളും വന്യമൃഗങ്ങളുമുള്ള ഒരു കാടിന്റെ പരിസരത്തേക്കാണ് യൂസുഫിനെ അയക്കേണ്ടിവരുന്നതെന്നത് അദ്ദേഹത്തെ തീർത്തും ആശങ്കാകുലനാക്കിയിരുന്നുവെന്ന് ഈ വരികൾ സൂചന നൽകുന്നു. മാത്രമല്ല, തന്റെ മറ്റു പത്തുമക്കളേയും അദ്ദേഹത്തിന് വിശ്വാസമുണ്ടായിരുന്നുമില്ല.

അവർ തങ്ങളുടെ നിഗൂഢത മനസ്സിൽ ഒളിപ്പിച്ചുവെച്ച് പിതാവിനോട് പറഞ്ഞത് ഇപ്രകാരമാണെന്ന് ഖുർആനിലുണ്ട്. "ഞങ്ങളിത്ര ശക്തരായ സംഘമായിരിക്കെ, ചെന്നായ് അവനെ തിന്നുമെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടപ്പെട്ടവരായിരിക്കും."

ഒടുവിൽ അർദ്ധമനസ്സോടെ, എല്ലാം സർവ്വസ്ഥനായ അല്ലാഹുവിൽ സമർപ്പിച്ച്, യൂസുഫിനെ അദ്ദേഹം അവരോടൊപ്പം അയക്കാൻ തീരുമാനിച്ചു. കൗമാരപ്രായക്കാരനായ യൂസുഫിനേയുംകൂട്ടി ആ ഗൂഢാലോചനക്കാർ കാട്ടിലേക്കുപോയി. കാട്ടിൽനിന്നും മടങ്ങിവരുമ്പോൾ, വൈകിപ്പോയാൽ ധരിക്കാനായി ഒരു കുപ്പായംകൂടി യൂസുഫ് തന്റെ ഭാണ്ഡത്തിൽ കരുതിയിരുന്നു.

എങ്ങനെയെങ്കിലും യൂസുഫിനെ അപായപ്പെടുത്തണമെന്ന പൈശാചികചിന്ത മാത്രമാണ് ആ സഹോദരന്മാർക്കുണ്ടായിരുന്നത്. അവർ കാട്ടിലെത്തി. ജീവിതത്തിലാദ്യമായാണ് യൂസുഫ് പിതാവിനെ വിട്ട് ഇത്തരം വ്യത്യസ്തമായ ഒരന്തരീക്ഷത്തിൽ എത്തുന്നത്. കാട്ടിനുള്ളിലെ പുതിയലോകം അവനെ ഹരം പിടിപ്പിച്ചു. എത്ര മനോഹരമായ കാഴ്ചകൾ. പ്രകൃതി അതിന്റെ ഭംഗി മുഴുവൻ ആ വനപ്രദേശമാകെ വാരിവിതറിയതുപോലെ തോന്നി അവന്. ചുറ്റുപാടും തലയുയർത്തി നിൽക്കുന്ന വൃക്ഷക്കൂട്ടങ്ങൾ. കാടിന്റെ വന്യതയിൽ ഒളിഞ്ഞിരുന്ന നിഗൂഢനിശബ്ദതയിൽ ഇളംകാറ്റിന്റെ മർമ്മരശബ്ദംപോലും ലയിച്ചുപോയതുപോലെ അവനുതോന്നി. കാട്ടുപക്ഷികളുടെ കളകൂജനം മറ്റേതോ അദൃശ്യലോകത്തേക്ക് തന്നെ കൂട്ടിക്കൊണ്ടുപോയത് അവനറിഞ്ഞു. സ്വന്തം സഹോദരന്മാരോടൊപ്പം എല്ലാം മറന്ന് യൂസുഫ് അവിടെയൊക്കെ ഓടിക്കളിച്ചു.

തന്ത്രശാലികളായ ആ സഹോദരന്മാർ യൂസുഫിനെ അപായപ്പെടുത്താൻ തക്കംപാർത്തിരിക്കയായിരുന്നല്ലൊ. അവർക്കതിനുള്ള സന്ദർഭവും ഒത്തുകിട്ടി.

കാട്ടിലൂടെ പോകുന്ന യാത്രാസംഘങ്ങൾ സഞ്ചരിക്കുന്ന ഒരു പാതയ്ക്കരികിലായിരുന്നു അവർ ആടിനെ മേയ്ച്ചുകൊണ്ടിരുന്നത്. അതിനരികെ ഒരു വഴിക്കിണറുമുണ്ടായിരുന്നു. അധികം ഉപയോഗിക്കപ്പെടാത്ത ഒരു പൊട്ടക്കിണർ. അവർ അവനെ വെള്ളം കോരുന്ന വലിയൊരു പാത്രത്തിലിരുത്തി കിണറ്റിലേക്കിറക്കി കയർ മുറിച്ചുവിട്ടു.

ഇനി എന്താണ് ചെയ്യേണ്ടത്, യൂസുഫിനെ കൂടാതെ എങ്ങനെ വീട്ടിൽ മടങ്ങിപ്പോവും, പിതാവിനോടെന്തു പറയും; ഗൂഢാലോചനക്കാർ ഒന്നടങ്കം വട്ടംകൂടിയിരുന്ന് ആലോചിച്ചു. ഒടുവിൽ അവർ ഒരുപായം കണ്ടെത്തി. "ആടിനെമേയ്ക്കുന്നതിനിടയിൽ ഭാണ്ഡങ്ങൾക്ക് യൂസുഫിനെ കാവലിരുത്തി തങ്ങൾക്ക് അല്പം ദൂരെ പോകാനിടവന്നു, തിരികെ വന്നപ്പോഴേക്കും യൂസുഫിനെ ഏതോ ചെന്നായ് പിടിക്കുകയും അവൻ കാട്ടിൽവെച്ച് മരണപ്പെടുകയും ചെയ്തു." ഇങ്ങനെയൊരു നുണക്കഥ പിതാവിനോടു പറയാം, ഇതായിരുന്നു ആ ദുഷ്ടന്മാരുടെ തീരുമാനം. ഖുർആനിൽ അതിപ്രകാരമാണ്.

"അവർ കരഞ്ഞുകൊണ്ട് സന്ധ്യാസമയത്ത് തങ്ങളുടെ പിതാവിന്റെ അടുക്കൽ ചെന്നു.... അവർ പറഞ്ഞു, ഞങ്ങളുടെ പിതാവേ, ഞങ്ങൾ പോയി മത്സരിച്ചുഓടിക്കൊണ്ടിരുന്നു. യൂസുഫിനെ ഞങ്ങളുടെ സാധനങ്ങളുടെ അടുത്ത് വിട്ടിരിക്കയുമായിരുന്നു. അപ്പോൾ ചെന്നായ് അവനെ പിടിച്ചുതിന്നു. പക്ഷേ, ഞങ്ങൾ സത്യവാന്മാരാണെങ്കിലും താങ്കൾ ഞങ്ങളെ വിശ്വസിക്കുന്ന ആളല്ലല്ലോ..."

യൂസുഫിന്റെ ഭാണ്ഡത്തിൽവെച്ചിരുന്ന കുപ്പായത്തിന്മേൽ അല്പം കൃത്രിമരക്തം പുരട്ടി, അതൊരു തെളിവായി അവർ പിതാവിന്റെ മുമ്പിൽ ഹാജരാക്കി. പക്ഷേ, പിതാവത് വിശ്വസിക്കാൻ കൂട്ടാക്കിയില്ല. മകനെ ചെന്നായ് പിടിച്ചതായിരുന്നെങ്കിൽ അവൻ ധരിച്ചിരുന്ന കുപ്പായവും കീറുമായിരുന്നല്ലോ.

അദ്ദേഹം, യഅ്ഖൂബ് നബി(അ), ഹൃദയംനൊന്ത് ദൈവത്തോടു പ്രാർത്ഥിക്കമാത്രം ചെയ്തു. ആ ദുഃഖസംഭവവുമായി പൊരുത്തപ്പെടാൻ മാനസികമായി തനിക്ക് ശക്തിയും ക്ഷമയും നൽകണേയെന്ന് ഹൃദയവേദനയോടെ അദ്ദേഹം ദുആ ചെയ്തു.

ഒരു കച്ചവടസംഘം കടന്നുപോകുംവഴി, കാട്ടുപാതയ്ക്കരികിലെ ആ കിണറിനടുത്ത് ഒരു താൽക്കാലിക വിശ്രമകേന്ദ്രം ഒരുക്കുകയുണ്ടായി. അവർക്ക് വെള്ളം പകരാനായി അവരിലൊരാൾ കിണറ്റിൽ തൊട്ടിയിറക്കിയപ്പോൾ, രക്ഷയുടെ ഒരു പിടിവള്ളിയെന്നപോലെ ഒരു കയറും, അതിനറ്റത്തൊരു പാത്രവും താഴ്ന്നുവരുന്നത് യൂസുഫ് കണ്ടു. അവനതിൽ മുറുകെ കയറിപ്പിടിച്ചു. കയറിറക്കിയ ആൾ ഒരു ഞെട്ടലോടെയാണത് കണ്ടത്. അയാൾ തന്റെ കൂട്ടരോട് വിളിച്ചുപറഞ്ഞതായി ഖുർആൻ പറയുന്നു.

'ഹാ, ഒരു സന്തോഷവാർത്ത. ഇതാ ഇവിടെയൊരു ബാലൻ!' ദൈവത്തിന്റെ അദൃശ്യകരങ്ങൾ ആ കിണറിനുള്ളിൽനിന്നും യൂസുഫിനെ രക്ഷിക്കാനായി പ്രവർത്തിച്ചതായിരുന്നു. അവൻ കയറിൽതൂങ്ങി, സുരക്ഷിതനായി പുറത്തിറങ്ങി.

അടിമസമ്പ്രദായം നിലവിലുണ്ടായിരുന്ന ഒരു കാലമായിരുന്നു അത്. കച്ചവടസംഘത്തിന് നല്ലൊരു ഇരയെ കിട്ടിയ സന്തോഷമായിരുന്നു. കൗമാരത്തിന്റെ പടിവാതിൽക്കലെത്തി നിൽക്കുന്ന, അഴകും ആരോഗ്യവും തികഞ്ഞ ഒരു ബാലൻ. തീർച്ചയായും അവന് നല്ലൊരു

വില കിട്ടും, അവർ മനസ്സിൽ കരുതി.

കച്ചവടസംഘം യൂസുഫുമായി തങ്ങളുടെ രാജ്യമായ ഈജിപ്തിലേക്ക് മടങ്ങിപ്പോയി. അന്ന് ഈജിപ്ത് ഭരിച്ചിരുന്നത് റയ്യാൻ ചക്രവർത്തിയായിരുന്നു. അദ്ദേഹത്തിനൊരു മന്ത്രിയുണ്ടായിരുന്നു, അസീസ്.

കച്ചവടസംഘത്തോടൊപ്പമെത്തിയ അതിസുന്ദരനായ ബാലനെക്കുറിച്ച് മന്ത്രി അസീസ് കേട്ടറിഞ്ഞു. അദ്ദേഹത്തിന് കുട്ടികളുമില്ലായിരുന്നു. ആ ബാലനെ തന്റെ മുമ്പിൽ ഹാജരാക്കാൻ മന്ത്രി കല്പിച്ചു. യൂസുഫ് മന്ത്രിസന്നിധിയിൽ ഹാജരാക്കപ്പെട്ടു.

മന്ത്രി അസീസ് അത്ഭുതപൂർവ്വം, യൗവ്വനത്തോടടുത്തു നിൽക്കുന്ന ആ ബാലനെ നോക്കിനിന്നുപോയി. എത്ര സുന്ദരനായ കുട്ടി. അഴകും ആരോഗ്യവും ചൈതന്യം തുളുമ്പുന്ന മുഖഭാവവുമുള്ള യൂസുഫിനെ നല്ലൊരു തുകകൊടുത്ത് കച്ചവടസംഘത്തിൽ നിന്നും അദ്ദേഹം വിലയ്ക്കുവാങ്ങി.

അസീസിന്റെ ഭാര്യ സുന്ദരിയായ ഒരു യുവതിയായിരുന്നു. തനിക്കൊരു കുഞ്ഞ്പിറക്കാത്തതിൽ അവൾ നിരാശയോടെ കഴിയുകയായിരുന്നു.

യൂസുഫിനെ വിലയ്ക്കുവാങ്ങിക്കഴിഞ്ഞപ്പോൾ, അദ്ദേഹം ഭാര്യയോടു പറഞ്ഞതായി പരിശുദ്ധഖുർആനിൽ ഇപ്രകാരമുണ്ട്. "ഇവന്റെ താമസത്തെ നീ മാന്യമാക്കുക. ഒരുപക്ഷേ ഇവൻ നമുക്ക് ഭാവിയിൽ പ്രയോജനപ്പെട്ടേക്കാം. അല്ലെങ്കിൽ നമുക്കവനെ ദത്തുപുത്രനായി സ്വീകരിക്കാം....."

യൂസുഫിനെ ഒരു പരിചാരകനാക്കാം, അതല്ലെങ്കിൽ വളർത്തുപുത്രനായി ദത്തെടുക്കാം; ഇതായിരുന്നു കുട്ടികളില്ലാത്ത അസീസിന്റെ ആഗ്രഹവും തീരുമാനവും.

കാലം കടന്നുപൊയ്ക്കൊണ്ടിരുന്നു. യൂസുഫ് മന്ത്രിമന്ദിരത്തിൽ വളർന്നു. അസീസിന്റെ യുവതിയായ ഭാര്യ സുലൈഖയ്ക്ക് യൂസുഫിനുമേൽ ഇതിനകം ഒരു പ്രത്യേക താല്പര്യം ഉടലെടുത്തിരുന്നു. അതൊരു വളർത്തുപുത്രനോടുള്ള വാത്സല്യഭാവമായിരുന്നില്ല.

ഒരിക്കൽ അസീസ് സ്വഗൃഹത്തിൽ ഇല്ലാത്ത ഒരു സമയത്താണത് സംഭവിച്ചത്. യാദൃശ്ചികമായി മുറിക്കുള്ളിൽ വച്ച് കണ്ടുമുട്ടിയ യൂസുഫിനെ, മുറിയുടെ വാതിലുകൾ ബന്ധിച്ച് സുലൈഖ കടന്നുപിടിക്കാൻ ശ്രമിച്ചു.

ഖുർആനിൽ അതിപ്രകാരമാണ്. "അദ്ദേഹം ഏതൊരുത്തിയുടെ വീട്ടിലാണോ, അവൾ അദ്ദേഹത്തിനെതിരായി വശീകരിക്കുവാൻ ശ്രമിച്ചു. വീടിന്റെ എല്ലാ വാതിലുകളും അവൾ അടച്ചു. എന്നിട്ടവൾ പറഞ്ഞു, "എന്നിലേക്ക് വരിക...."

യൂസുഫ് പറഞ്ഞു. ''ഞാൻ അല്ലാഹുവിനെ അഭയം പ്രാപിക്കുന്നു. തീർച്ചയായും അവൻ എന്റെ നാഥനാണ്. അവൻ തന്നെയാണ് എന്റെ താമസസ്ഥലം നല്ലതാക്കിയിട്ടുള്ളത്. തീർച്ചയായും അക്രമികൾ വിജയിക്കുകയില്ല."

തന്റെ പിന്നാലെ പാഞ്ഞുവരുന്ന സുലൈഖയിൽ നിന്നും യൂസുഫ് കുതറിമാറി രക്ഷപ്പെടാൻ ശ്രമിച്ചു. തന്റെ യജമാനനെ വഞ്ചിക്കാൻ താനൊരിക്കലും തയ്യാറല്ലെന്ന് അവളെ അറിയിക്കുകയും ചെയ്തു.

ശാരീരികേച്ഛയുടെ വികാരാവേശം കത്തിജ്വലിച്ചു നിൽക്കുന്ന ആ സ്ത്രീയിൽനിന്നും ഒരുനിമിഷം മുമ്പെങ്കിലും മോചിതനാവാൻ യൂസുഫ് വാതിൽക്കലേക്ക് പാഞ്ഞുചെന്നപ്പോൾ അവളും പിന്നാലെ ഒപ്പം ഓടിയെത്തുകയായിരുന്നു. യൂസുഫിന്റെ കുപ്പായത്തിന്റെ പിന്നിൽ പിടിച്ചുവലിച്ച് തന്റെ ഇംഗിതത്തിന് വഴിപ്പെടുത്താൻ അവൾ ഒരു വിഫലശ്രമം നടത്തി. ആ ബലപ്രയോഗത്തിൽ അവന്റെ കുപ്പായത്തിന്റെ പിൻഭാഗം കീറിപ്പോവുകയും ചെയ്തു. അപ്പോഴാണ് അസീസ് വളരെ യാദൃശ്ചികമായി വാതിൽക്കൽ പ്രത്യക്ഷപ്പെട്ടത്. ആ കാഴ്ചകണ്ട് അദ്ദേഹം ഞെട്ടിത്തരിച്ചു നിന്നുപോയി. സംഭവത്തിന്റെ അവസാനരംഗത്തിന് മാത്രമാണ് അദ്ദേഹം സാക്ഷിയായത്.

യൂസുഫിനെ പ്രതിക്കൂട്ടിലാക്കാനുള്ള ഒരു തന്ത്രം സുലൈഖ പെട്ടെന്ന് മെനഞ്ഞെടുത്തു. തന്നെ, ഈ ചെറുപ്പക്കാരൻ ഒരു ദുരുദ്ദേശ്യത്തോടെ കടന്നുപിടിക്കയാണുണ്ടായതെന്ന് ഭർത്താവിനോടവൾ പരാതിപ്പെടുക മാത്രമല്ല, ഇങ്ങനെയൊരു നീചപ്രവൃത്തിക്ക് തുനിഞ്ഞ ഇവനെ തുറുങ്കിലടയ്ക്കാൻ വേണ്ടത് ചെയ്യണമെന്നുകൂടി ആവശ്യപ്പെട്ടു.

ആ സ്ത്രീയുടെ ഹീനമായ പ്രവൃത്തിയും അതു കഴിഞ്ഞ് താൻ സ്വയം നിരപരാധിയാണെന്ന മട്ടിലുള്ള അവതരണവും നിഷ്കളങ്കനായ യൂസുഫിനെ ഞെട്ടിക്കുകതന്നെ ചെയ്തു. അദ്ദേഹം അമ്പരപ്പോടെ തന്റെ യജമാനനോട് ഇങ്ങനെ പറഞ്ഞതായി ഖുർആനിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. "ഞാൻ നിരപരാധിയാണ്. എന്റെ ഹിതത്തിനെതിരായി എന്നെ വശീകരിക്കുവാൻ ശ്രമിച്ചത് അവളാണ്."

ഇതൊരു തർക്കവിഷയമായിതന്നെ നിലനിന്നു. ആരാണീ നീചപ്രവർത്തിക്ക് മുൻകൈ എടുത്തതെന്നതായിരുന്നു പ്രധാനവിഷയം. തന്റെ നിരപരാധിത്തം യജമാനന്റെ മുമ്പിൽ തെളിയിക്കപ്പെടാൻ കഴിയില്ലേയെന്ന് യൂസുഫ് ആശങ്കാകുലനായി. ദൈവികസഹായം ഇവിടെയും യൂസുഫിന്റെ രക്ഷയ്ക്കെത്തി.

അസീസിന്റെതന്നെ കുടുംബത്തിലെ ഒരാൾ, ഈ വിഷയത്തിൽ സ്വമനസ്സാലെ ഇടപെടാൻ തയ്യാറായി. അയാൾ പറഞ്ഞു, "യൂസുഫിന്റെ കുപ്പായം നമുക്കു പരിശോധിക്കാം, അത് മുമ്പിൽനിന്നോ പിന്നിൽനിന്നോ കീറപ്പെട്ടതെന്ന് നമുക്കുനോക്കാം."

പരിശോധനയിൽ അത് പിന്നിൽനിന്നും കീറപ്പെട്ട നിലയിൽ കണ്ടപ്പോൾ, തീർച്ചയായും തന്റെ ഭാര്യതന്നെയാണ് തെറ്റുകാരിയെന്ന് അസീസിന് ബോധ്യമായി. അദ്ദേഹം ഇങ്ങനെ പറഞ്ഞതായി ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു.

"തീർച്ചയായും ഇത് സ്ത്രീകളായ നിങ്ങളുടെ കുത

ന്ത്രങ്ങളിൽപെട്ടതാണ്. നിങ്ങളുടെ കുതന്ത്രം ഭയങ്കരം തന്നെ....."

ഈ വിഷയം പുറംലോകമറിഞ്ഞാൽ താനും കുടുംബവും പൊതുമദ്ധ്യത്തിൽ അപമാനിതരാവുമെന്ന് അസീസിന് ബോധ്യമുണ്ടായിരുന്നു. അതുകൊണ്ട് ഇത് തൽക്കാലം മറന്നുകളയാനും പ്രശ്നങ്ങളെ അവഗണിക്കാനുമായിരുന്നു യൂസുഫിനോടുള്ള അസീസിന്റെ നിർദ്ദേശം. ഈ സംഭവം അസീസിനെ മാനസികമായി തളർത്തിക്കളഞ്ഞുവെങ്കിലും ബോധപൂർവ്വം സ്വയമത് മറക്കുവാനാണ് അദ്ദേഹം ശ്രമിച്ചത്. അദ്ദേഹം ഭാര്യയോട് പറഞ്ഞതായി ഖുർആനിലുണ്ട്.

"സ്ത്രീയേ നിന്റെ പാപപ്പൊറുതിയ്ക്കായി നീ പ്രാർത്ഥിക്കുക. തീർച്ചയായും കുറ്റക്കാരി നീ തന്നെയാണ്."

ഈ സംഭവം എങ്ങനെയോ ചോർന്ന്, നാട്ടിലാകെ പരന്നൊഴുകി. മന്ത്രിമന്ദിരത്തിനു പുറത്ത് ഇതൊരു പരസ്യമായ രഹസ്യവാർത്തയായി ഒഴുകിനടന്നു. മന്ത്രി അസീസിന്റെ ഭാര്യ അവളുടെ അടിമച്ചെക്കനെ അവന്റെ ഹിതത്തിനെതിരായി ദുർവൃത്തിയ്ക്കുവേണ്ടി വശീകരിക്കുവാൻ ശ്രമിക്കയാണെന്നും, ആ യുവാവിനോട് അർഹിക്കാത്ത പ്രേമം അവൾക്കിപ്പോഴുമുണ്ടെന്നുമൊക്കെ ഗൃഹസദസ്സുകളിലിരുന്ന് നാട്ടിലെ പ്രാമാണികസ്ത്രീകൾ അടക്കംപറയാൻ തുടങ്ങി. അത് കേട്ടറിഞ്ഞപ്പോൾ മന്ത്രിപത്നിക്ക് അതിയായ വിഷമം തോന്നി. താൻ അപമാനിതയാവുന്നെന്ന് സുലൈഖ അറിഞ്ഞു. തന്നെ സംബന്ധിച്ചുള്ള തീർത്തും മോശമായ ഈ പരാമർശത്തെ എങ്ങനെയും നേരിടണമെന്ന ചിന്തയിലായി സുലൈഖ, അതിനൊരു തന്ത്രവും അവൾ മെനഞ്ഞെടുത്തു.

ഈ അനാശാസ്യസംഭവത്തിന്റെ പുറംപ്രചാരണം ഏറ്റെടുത്ത്, ഗൂഢമായി അതിൽ ആനന്ദം കണ്ടെത്തി രസിച്ചിരുന്ന നാട്ടിലെ ആ പ്രമുഖവനിതകളെ സുലൈഖ ഒരിക്കൽ തന്റെ വസതിയിലേക്ക് ക്ഷണിച്ചു വരുത്തുകയുണ്ടായി. ഒരു വിരുന്നുസൽക്കാരം. മന്ത്രിമന്ദിരത്തിന്റെ പ്രധാന ഹാളിൽ അവർക്കൊക്കെ പ്രത്യേക ഇരിപ്പിടങ്ങളും ഒരുക്കിയിരുന്നു.

ക്ഷണിക്കപ്പെടുന്ന അതിഥികൾക്ക്, വിരുന്നുസൽക്കാരത്തിന്റെ ആദ്യഭാഗമെന്നനിലയിൽ കഴിക്കുവാൻ ഏതെങ്കിലും പഴങ്ങൾ നൽകുന്ന സമ്പ്രദായം അന്ന് നിലവിലുണ്ടായിരുന്നു. അതിഥികളായെത്തിയ ആ പ്രാമാണികസ്ത്രീകൾ പഴങ്ങളോരോന്നായി എടുത്തു കഴിക്കുവാൻ തുടങ്ങി.

അതിനിടയിലാണ്, ആതിഥേയയുടെ പ്രത്യേക നിർദ്ദേശപ്രകാരം യൂസുഫ് ആ ഹാളിലേക്ക് കടന്നു വന്നത്. ആ സ്ത്രീകൾക്ക് മുമ്പിലൂടെ നടന്നുനീങ്ങാൻ യൂസുഫിനോട് യജമാന കൽപ്പിച്ചു. അതിഥികൾക്കു മുമ്പിലൂടെ അവൻ മെല്ലെ നടന്നു. സുലൈഖയുടെ ആജ്ഞപ്രകാരം ഒരു നിമിഷം ആ യുവാവ് അവർക്കു മുമ്പിൽ നിലയുറപ്പിക്കയും ചെയ്തു.

യൂസുഫിനെ നേരിൽകണ്ടപ്പോൾ ആ സ്ത്രീകളൊട്ടാകെ സ്തബ്ധരായിപ്പോയി. എല്ലാം മറന്ന് അവർ അവനെതന്നെ നോക്കിയിരുന്നു. എത്ര സുന്ദരനായ യുവാവ്. എത്ര ഭംഗിയുള്ള വടിവൊത്ത ശരീരം. ആ മുഖത്ത് തെളിഞ്ഞുകണ്ട തേജസ്സ്, ചൈതന്യം, അവരെ വിസ്മയിപ്പിച്ചു. അവരോരോരുത്തരും കണ്ണിമപൂട്ടാതെ യൂസുഫിനെതന്നെ നോക്കിയിരുന്നുപോയി. സ്വയം വിസ്മരിച്ച് പരിസരബോധംപോലും നഷ്ടപ്പെട്ട് അവരിൽ പലരും പഴം കഴിക്കുന്നതിനിടെ തങ്ങളുടെ കൈവിരൽ കടിച്ചുപോവുകകൂടി ചെയ്തു. എല്ലാം മറന്ന്, സ്വയമറിയാതെ കടിച്ചപ്പോൾ ചിലരുടെ കൈവിരൽ കടിപ്പാടുകൊണ്ട് മുറിയുകപോലും ചെയ്തു. അവർ അത്രകണ്ട് ആ സുന്ദരരൂപത്തിൽ ലയിച്ചിരുന്നുപോവുകയായിരുന്നു. ആ സ്ത്രീകൾ സ്വയമറിയാതെ ഉരുവിട്ടുപോയി എന്ന് ഖുർആൻ പറയുന്നു. "അല്ലാഹു പരിശുദ്ധൻ. ഇതാ ഇതൊരു മനുഷ്യനല്ല, ഇത് ബഹുമാന്യനായ ഒരു മാലാഖ തന്നെയാണ്....."

മന്ത്രിപത്നിക്കിപ്പോൾ താൻ കാത്തിരുന്ന അവസരം സമാഗതമായെന്നപോലെ തോന്നി. അവളാ സ്ത്രീകളോട് പറഞ്ഞു, "നോക്കൂ, നിങ്ങൾ ഏതൊരുവന്റെ കാര്യത്തിൽ എന്നെ കുറ്റപ്പെടുത്തിയോ അവനാണിത്. ഞാനിവനെ അവന്റെ ഹിതത്തിനെതിരായി സ്വാധീനിക്കുവാൻ തീർച്ചയായും ശ്രമിച്ചിട്ടുണ്ട്. അത് സമ്മതിക്കുകയും ചെയ്യുന്നു. ആ സന്ദർഭത്തിൽ ഇവൻ എന്നിൽനിന്നും വഴുതിരക്ഷപ്പെടാൻ ശ്രമിക്കയും ചെയ്തു. എന്റെ ആഗ്രഹത്തിനും അഭീഷ്ടത്തിനും അനുസരിച്ച് ഇവനെനിക്ക് വഴങ്ങിയില്ലെങ്കിൽ, ഞാനിതാ ഇവനെ തുറുങ്കിലടയ്ക്കാൻ ഏർപ്പാട് ചെയ്യുന്നു. അതിലൂടെ യൂസുഫ് തീർച്ചയായും നിന്ദ്യനായിത്തീരുകയും ചെയ്യും...."

സുലേഖ തുടർന്നു. "നിങ്ങൾക്കുതന്നെ ഇപ്പോഴിവന്റെ സൗന്ദര്യത്തെപ്പറ്റി ബോധ്യമായില്ലേ. അവനിൽ ആകൃഷ്ടരായി എല്ലാം വിസ്മരിച്ച്, പരിസരബോധം കൂടി നഷ്ടപ്പെട്ട് നിങ്ങളിരുന്നുപോയില്ലേ. ഈ യുവാവിന്റെ സുന്ദരരൂപത്തിന്റെ പ്രഥമദർശനത്തിൽതന്നെ ആശ്ചര്യഭാവത്താൽ സ്വയമറിയാതെ കടിച്ചുപോയ സ്വന്തം കൈവിരലുകൾ മുറിഞ്ഞ് രക്തം പൊടിക്കുന്നത് നിങ്ങൾ കാണുന്നില്ലേ. അതുതന്നെ തെളിവല്ലേ നിങ്ങളും അതീവസുന്ദരനായ ഈ യുവാവിൽ ആകൃഷ്ടരായി എന്ന്.....?"

"പിന്നെ നിങ്ങൾ എന്തിനെന്നെ കുറ്റപ്പെടുത്തണം. ഇത്ര ഭംഗിയുള്ള ഒരു ചെറുപ്പക്കാരനെ ഏതു സ്ത്രീയാണ് മോഹിച്ചുപോവാത്തത്- സ്വന്തമാക്കാൻ ആഗ്രഹിക്കാത്തത്?"

ആ മഹിളാസദസ്സിൽവെച്ച് യൂസുഫ് ഉറക്കെ പ്രഖ്യാപിച്ചു, 'താനിതിനേക്കാൾ ഇഷ്ടപ്പെടുന്നത് കൽത്തുറുങ്കുതന്നെയാണ്' എന്ന്. ഇത്തരം ഒരു പാപപ്രവൃത്തിക്ക് വഴങ്ങി, താൻ തന്റെ യജമാനനെ വഞ്ചിക്കാൻ ഒരിക്കലും തയ്യാറല്ലെന്ന് അവൻ തീർത്തുപറഞ്ഞു.

പരിശുദ്ധഖുർആനിൽ, യൂസുഫ് അല്ലാഹുവിനോട് ഇങ്ങനെ പറഞ്ഞതായുണ്ട്. "എന്റെ നാഥാ.... അവർ, ആ സ്ത്രീകൾ, എന്നെ ഏതൊന്നിലേക്ക് ക്ഷണിയ്ക്കുന്നുവോ അതിനെക്കാളുമെനിക്കിഷ്ടം തുറുങ്കാണ്. നീ അവരുടെ കുതന്ത്രത്തെ എന്നിൽനിന്നും തിരിച്ചുവിട്ടില്ലെങ്കിൽ ഞാൻ അവരിലേക്ക് ചാഞ്ഞുപോവുകയും അങ്ങനെ അനർത്ഥം പ്രവർത്തിക്കുന്നവരിൽ പെട്ടവനായിത്തീരുകയും ചെയ്യും."

മന്ത്രിപത്നി, യൂസുഫിനെ ജയിലിലടയ്ക്കാൻതന്നെ ഏർപ്പാടുകൾ ചെയ്തു. അസീസിന്, സ്വന്തം ഭാര്യയുടെ തീരുമാനത്തിനു നിസ്സഹായപൂർവ്വം വഴങ്ങേണ്ടിയും വന്നു.

ജയിലിലെ ദുസ്സഹമായ ജീവിതത്തിനിടയിലും തടവറയ്ക്കുള്ളിൽവെച്ച് യൂസുഫ് തന്റെ നാഥനോടുള്ള പ്രാർത്ഥനകളിൽ മുഴുകി. സഹതടവുകാർക്കിടയിൽ അദ്ദേഹം സുവിശേഷം നടത്തി അവർക്കുവേണ്ട തത്വോപദേശങ്ങൾ നൽകി; ഏകദൈവവിശ്വാസത്തെപ്പറ്റി അവരെ ഉൽബോധിപ്പിച്ചു. സത്യവിശ്വാസം കൈക്കൊള്ളുവാൻ അദ്ദേഹമവർക്ക് പ്രബോധനം നൽകി. ആ ഉപദേശങ്ങളിലൂടെ ഒട്ടനവധി കുറ്റവാളികൾക്ക് മാനസാന്തരം ഉണ്ടാവുകപോലും ചെയ്തു.

യൂസുഫ് ഒരു ജ്ഞാനിയാണെന്നും ദൈവനിയോഗിതൻ തന്നെയാണെന്നും ജയിലിനുള്ളിൽ പരക്കെ വിശ്വസിക്കപ്പെട്ടു. ജയിലധികൃതർപോലും അദ്ദേഹത്തിന്റെ തത്വോപദേശങ്ങൾക്കായി കാതോർത്തു നിൽക്കുക പതിവായിരുന്നു.

അദ്ദേഹത്തോടൊപ്പം ഒരേ തടവറയിൽ കഴിഞ്ഞിരുന്ന രണ്ടുപേർ, മുമ്പവർ ഈജിപ്തിലെ ചക്രവർത്തിയായ റയ്യാന്റെ കൊട്ടാരം പരിചാരകരായിരുന്നു, ഒരിക്കലവർ തങ്ങൾകണ്ട ഒരു സ്വപ്നത്തെപ്പറ്റി യൂസുഫിനോടു പറയുകയും അതിന്റെ വ്യാഖ്യാനം പറഞ്ഞുതരാൻ അപേക്ഷിക്കയും ചെയ്തു.

ഒരുവൻ, താൻ വീഞ്ഞു പിഴിഞ്ഞെടുത്ത് ഒരു പാത്രത്തിൽ ഒഴിക്കുന്നതായിട്ടാണ് കണ്ടതെങ്കിൽ, അപരൻ താൻ തലയിൽ റൊട്ടി ചുമക്കുന്നതായും പക്ഷികൾവന്ന് ആ റൊട്ടികൾ കൊത്തിത്തിന്നുന്നതായും ആണ് സ്വപ്നത്തിൽ കണ്ടത്.

യൂസുഫ് അവർ രണ്ടുപേർക്കും തങ്ങൾ കണ്ട സ്വപ്നത്തിന്റെ അർത്ഥം വ്യാഖ്യാനിച്ചുകൊടുത്തു.

താൻ വീഞ്ഞ് പിഴിഞ്ഞെടുക്കുന്നതായി കണ്ടയാൾ ജയിലിൽനിന്നും തന്റെ നിരപരാധിത്തം തെളിഞ്ഞ് മോചിപ്പിക്കപ്പെട്ട് രാജാവിന്റെ കൊട്ടാരത്തിൽതന്നെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കപ്പെടും. അപരൻ, തലയിൽനിന്നും റൊട്ടി പക്ഷികൾ കൊത്തിത്തിന്നുന്നതായ ദർശനത്തിൽ കണ്ടയാൾ, തന്റെ കുറ്റകൃത്യം തെളിയിക്കപ്പെട്ട് വധശിക്ഷയ്ക്കു വിധേയനാകും.

*(തുടരും)*

## അഗതികളോടൊത്ത് ഈദ് ദിനത്തിൽ......

കണ്ണൂർ ടൗൺ-കൂടാളി ഖുദ്ദാമുൽ അഹ്മദിയ്യാ മജ്‌ലിസുകൾ സംയുക്തമായി ഇക്കഴിഞ്ഞ പെരുന്നാൾ ദിനത്തിൽ ഖിദ്മത്തെ ഖൽഖ് പരിപാടി സംഘടിപ്പിച്ചു. ആതുരസേവനത്തിന്റെ ഉദാത്തമായ ചിത്രങ്ങൾ അഹ്മദീയുവാക്കൾ ജീവിതത്തിലേക്ക് പകർത്തിയതിന്റെ തെളിവായിരുന്നു ഇത്. ഇത്തവണ ഇരുമജ്‌ലിസുകളിലേയും യുവാക്കൾ സാന്ത്വനസന്ദർശനം നടത്തിയത് കണ്ണൂരിലെ പ്രത്യാശാഭവൻ അഗതിമന്ദിരത്തിലും അമലാഭവൻ സ്ത്രീസംരക്ഷണകേന്ദ്രത്തിലും ആയിരുന്നു. ഉപേക്ഷിക്കപ്പെട്ടവരും സർവ്വവും നഷ്ടപ്പെട്ടവരുമായ ഒരുപാട് പേരുടെ ആവാസകേന്ദ്രങ്ങളാണിവ. രോഗവും അനാഥത്വവും ദയനീയമാക്കിത്തീർത്ത ജീവിതം പരിതാപകരമായരീതിയിൽ മുന്നോട്ടുനയിക്കുന്ന ഈ മനുഷ്യജീവികൾ അഹ്മദീ യുവാക്കളുടെ സന്ദർശനത്തിൽ എല്ലാം മറന്നു. ഇക്കൂട്ടത്തിൽ എയ്ഡ്സ് രോഗികളും ബുദ്ധിമാന്ദ്യമുള്ളവരുമുണ്ട്. ഇവിടെ എച്ച്.ഐ.വി പോസിറ്റീവായ ഒരു പിഞ്ചുബാലൻ ആരിലും നൊമ്പരമുണർത്തുന്ന കാഴ്ചയാണ്. മാതാപിതാക്കൾ നേരത്തെ മരിച്ച ഈ കുട്ടി അനുനിമിഷം അവനറിയാതെ മരണത്തിലേക്ക് പിച്ചവെക്കുകയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ യുവജനവിഭാഗമായ ഖുദ്ദാമുൽ അഹ്മദിയ്യായിലെ അംഗങ്ങൾ അരി, ആഹാരസാധനങ്ങൾ തുടങ്ങിയവ അന്തേവാസികൾക്ക് വിതരണം ചെയ്തു. സന്ദർശനത്തിനു മുന്നോടിയായി ഖാദിം-അത്ഫാൽ അംഗങ്ങളെ മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് സംബോധന ചെയ്തു. ആതുരസേവനത്തിന്റെ വഴി, ദൈവത്തിന്റെ വഴിയാണെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. പെരുന്നാൾ ദിനത്തിലെ ഈ പരിപാടികൾക്ക് കണ്ണൂർ ടൗൺ ഖായിദ് പി. ഉമർ, കൂടാളി ഖായിദ് സാജിദ് എന്നിവർ നേതൃത്വം നല്കി. കൂടാതെ റിയാസ്, അൻവർ, ഷാജിർ.ടി, ഫഹീം, നിശിൻ, ശിബിൻ തുടങ്ങിയ യുവാക്കളും പരിപാടിക്ക് ചുക്കാൻപിടിച്ചു.

അന്നേദിവസംതന്നെ വൈകുന്നേരം ഖാദിംകൾ കൂടാളിയിലെ 'അൻപകം' അഗതിമന്ദിരവും സന്ദർശിച്ചു. ഇവിടേയും നിരാലംബരായ ഒത്തിരിപേർ കഴിയുന്നുണ്ട്. എളിയരീതിയിലുള്ള എന്നാൽ, ഹൃദയസ്പൃക്കായ ഒരു സംരംഭമാണ് അൻപകം. ഇതിന് നേതൃത്വം കൊടുക്കുന്നത് കൂടാളി ജമാഅത്തംഗമായ ഡോക്ടർ ഉമർ സാഹിബാണ്. അദ്ദേഹം ഖിദ്മത്തെ ഖൽഖിനായെത്തിയ സഹോദരങ്ങളുമായി ചേർന്ന് പെരുന്നാൾ സായാഹ്നത്തെ നിരാലംബർക്കുവേണ്ടി ചെലവഴിച്ചു.

*നിശാദ് അസീസ്, കണ്ണൂർ*

ലേഖനം

എൻ. അബ്ദുർറഹിം

# ദൈവവും അവന്റെ 'സിഫത്തു'കളും

## (God and His Attributes)

ദൈവം സർവ്വശക്തനും (Omnipotent) സർവ്വജ്ഞനും (Omniscient) സർവ്വവ്യാപിയും (Omnipresent) ആണെന്ന് ദൈവത്തെ സംബന്ധിച്ച എന്തെങ്കിലും ധാരണ പുലർത്തുന്ന എല്ലാവരും പൊതുവെ വിശ്വസിക്കുന്നു. ദൈവം സഗുണനനാണ്. ദൈവത്തിന്റെ ഗുണങ്ങളിലൂടെയാണ് അവനെ അറിയുന്നത്. "ഏതെങ്കിലുമൊന്നിന്റെ ഉണ്മയെ സംബന്ധിച്ച നിർണ്ണയനം അതിന്റെ ഗുണങ്ങളെക്കുറിച്ചുള്ള നിർണ്ണയനം കൂടാതെ സാദ്ധ്യമല്ല"[1] എന്ന് വാഗ്ദത്ത മഹ്ദീ മസീഹ് (അ) പറയുന്നു. നിർഗുണനനായ ഒരു ദൈവത്തെ സങ്കല്പ്പിക്കുവാനാവില്ല. അങ്ങനെയൊരു ശക്തിയുണ്ടെങ്കിൽ അത് അശക്തിയാണ്. അഥവാ നാസ്തിയാണ്. നിർഗുണനായ ദൈവത്തെക്കൊണ്ട് ആർക്കും ഒരാവശ്യവുമില്ലതാനും. അതുകൊണ്ട് ഇസ്ലാമിലെ ദൈവം സഗുണനാണ്.

ദൈവം കേൾക്കുകയും കാണുകയും സൃഷ്ടിക്കുകയും സംഹരിക്കുകയും ജനിപ്പിക്കുകയും മരിപ്പിക്കുകയും ശിക്ഷിക്കുകയും രക്ഷിക്കുകയും ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുന്നു. അവൻ അവന്റെ ദാസരോട് സംസാരിക്കുകയും അവരെ അനുഗ്രഹിക്കുകയും ചെയ്യുന്നവനാകുന്നു. നന്മയും തിന്മയും വസ്തുവും അവസ്തുവും സ്ഥൂലവും സൂക്ഷ്മവും സ്ഥലവും കാലവും ഇരുട്ടും വെളിച്ചവും നല്ലതും ചീത്തയും സുഗന്ധവും ദുർഗന്ധവും സൗന്ദര്യവും വൈരൂപ്യവും പദാർത്ഥവും ശൂന്യതയും ജീവനും ജഡവും എല്ലാം ദൈവത്തിന്റെ സൃഷ്ടിയാകുന്നു. നിറങ്ങളും ശബ്ദങ്ങളും രുചികളും മണങ്ങളും അവൻ സൃഷ്ടിച്ചവയാണ്. ദൈവം ഏകനും നിസ്തുലനുമാകുന്നു. അവൻ ഏകത്വവും മൂലകാരണവുമാകുന്നു. അവൻ ഒറ്റയാകുന്നുവെങ്കിലും എല്ലാ എണ്ണങ്ങളുടേയും അറ്റവുമാകുന്നു. അവൻ അമൂർത്തഭാവനയാണെങ്കിലും എല്ലാ ഭാവനകൾക്കുമതീതനായിട്ടുള്ളവനും അവയ്ക്കെല്ലാം അപ്പുറത്തിന്റെ അപ്പുറത്തുള്ളവനും ആകുന്നു.

ദൈവത്തെപ്പറ്റി വാഗ്ദത്ത മഹ്ദീ മസീഹ് (അ) ഇപ്രകാരം പറയുന്നു.

"അവന്റെ ഗുണവിശേഷങ്ങളെല്ലാം അനാദ്യവും അനന്തവുമാണ്. ഒരു ഗുണവും നിഷ്ക്രിയമായിട്ടില്ല. ഒരിക്കലും നിഷ്ക്രിയമാകുന്നതുമല്ല. അവൻ ഏകനും കൂട്ടുകാരൻ ഇല്ലാത്തവനുമായിത്തന്നെയിരിക്കുന്നു. അവന് പുത്രനില്ല, കളത്രവുമില്ല. അവൻ നിസ്തുലനുമാകുന്നു. അവനെപ്പോലെ ഒരുത്തനും എന്തെങ്കിലും സവിശേഷഗുണങ്ങളാൽ പ്രത്യേകപ്പെടുത്തപ്പെട്ടിട്ടില്ല. അവനോട് സാമ്യനായി ആരുമില്ല. അവന് അനുഗുണനായും ആരുമില്ല. അവന്റെ ഒരു ശക്തിക്കും കുറവുപറ്റുകയില്ല. അവൻ അകലത്തുള്ളവനാണെങ്കിലും അടുത്തുള്ളവനുമാകുന്നു. അടുത്തുള്ളവനാണെങ്കിലും അവൻ അകലത്തുള്ളവനുമാകുന്നു. അവൻ പ്രതിബിംബാത്മകമായി 'കശ്ഫ്' കാർക്ക്* സ്വയം വെളിപ്പെടുത്തുന്നുവെങ്കിലും അവന് ശരീരമില്ല. അവൻ എല്ലാത്തിലും മേലെയാകുന്നു. എന്നാൽ, അവന്റെ കീഴെ മറ്റെന്തെങ്കിലും ഉണ്ടെന്ന് പറഞ്ഞുകൂടാ. അവൻ 'അർശി'ലാണെങ്കിലും ഭൂമിയിലില്ലെന്ന് പറയാവതല്ല. എല്ലാ പരിപൂർണ്ണ ഗുണങ്ങളുടേയും സമവായമാണവൻ. എല്ലാ യഥാർത്ഥഗുണങ്ങളുടേയും ഉറവിടമാണവൻ. എല്ലാ ശക്തികളുടേയും കേന്ദ്രസ്ഥാനമാണവൻ. എല്ലാ അനുഗ്രഹങ്ങളുടെയും നിർഗ്ഗമസ്ഥാനവും അവൻതന്നെ. എല്ലാ ഓരോ വസ്തുവിന്റേയും മടക്കവും അവനിലേക്കാകുന്നു. എല്ലാ ഓരോ രാജ്യത്തിന്റേയും ഉടമസ്ഥൻ അവനാകുന്നു. അവൻ എല്ലാ പരിപൂർണ്ണ ഗുണങ്ങളുടേയും സമന്വയമാകുന്നു. അവൻ എല്ലാ കുറവുകളിൽനിന്നും ബലഹീനതകളിൽനിന്നും അതീതനുമാകുന്നു."[2]

ദൈവം കോപിക്കുകയും പ്രസാദിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു. എങ്കിലും അവൻ മനുഷ്യനെപ്പോലെ വികാരിയാണെന്ന് പറഞ്ഞുകൂടാ. മാനുഷികമായ ഗുണങ്ങൾ അവനിൽ സദൃശ്യാത്മകമായി മാത്രം വിലസുന്നു എന്നല്ലാതെ ആ ഗുണങ്ങളൊന്നും മാനുഷികഗുണങ്ങളുമായി ഒട്ടും താരതമ്യപ്പെടുത്താവുന്നവയല്ല. അവന്റെ അവസ്ഥ മനുഷ്യർക്ക് അനുഭവപ്പെടുന്നതിനും അറിയുന്നതിനുമായി ആ ഗുണങ്ങൾ ദൈവത്തിൽ അപൂർണ്ണരൂപത്തിൽ അദ്ധ്യാരോപം ചെയ്യുന്നു എന്നുമാത്രം. ദൈവം കോപിക്കുന്നുവെന്ന് പറയുമ്പോൾ മനുഷ്യരിൽ കോപത്തിന്റെ വികാരമുണ്ടാകുന്നതുപോലെ ദൈവത്തിൽ വികാരമുണ്ടാകുന്നു എന്നർത്ഥം നല്കാവുന്നതല്ല. കടൽ കോപിക്കുന്നു എന്നു പറയുമ്പോൾ കടലിന് വികാരമുണ്ടാകുന്നു എന്നും മനുഷ്യനെപോലെ ഒരു ഹൃദയം അതിനുണ്ടെന്നും ആരും അർത്ഥമാക്കാറില്ല. മറിച്ച്, കടലിന്റെ അവസ്ഥ മനുഷ്യന് അനുഭവപ്പെടുകയും അറിയു

1. ചശ്മയെ മഅ്രിഫത്ത്- ഹസ്റത്ത് അഹ്മദ്(അ) പേ-197. * ജാഗ്രതാവസ്ഥയിലുണ്ടാകുന്ന ആത്മദർശനാനുഭൂതിയാണ് കശ്ഫ്- ലേ. (2) അൽവസിയ്യത്ത്, പേ-11,12. 'വാഗ്ദത്ത മസീഹിന്റെ ലിഖിത ശകലങ്ങൾ.' (മലയാളം വിവ: എൻ. അബ്ദുർറഹിം, ലേ. അഹ്മദിയ്യാ ശതാബ്ദി പ്രസിദ്ധീകരണം- Islam International Publication Ltd. Printed by Raqeem Press, Islamabad, Surrey (UK)

കയും ചെയ്യുമാറാകുന്നതിന് ഒരു സങ്കേതം ഉപയോഗിക്കുന്നുവെന്ന് മാത്രം. ഈ സാദൃശ്യം പക്ഷേ, ദൈവത്തെ സംബന്ധിച്ചിടത്തോളം അനുചിതവും അപൂർണ്ണവും ആണുതാനും. കാരണം ദൈവം അനുപമനും അപരിമേയനും അനാശ്രയിയും ആയതിനാൽ അവന്റെ സത്തയേയോ ഗുണങ്ങളേയോ അവന്റെ സൃഷ്ടിയായ മറ്റൊന്നിനോടും താരതമ്യപ്പെടുത്തിക്കൂടാ. പരിമിതമായ മനുഷ്യബുദ്ധിക്ക് ആ അപരിമേയ ഭാവത്തെ ഉൾക്കൊള്ളാനും മനസ്സിലാക്കാനും ആകാത്തതിനാൽ, ഏറ്റവും അടുത്തൊരു സങ്കേതത്തെ ആശ്രയിക്കുന്നു എന്നുമാത്രമേയുള്ളൂ. അതാണ് ഖുർആൻ പറയുന്നത് '***ലയ്സാ കമിഥിലിഹീ ശയ്ഉൻ***' അവൻ ഒന്നിനോടും സാദൃശ്യമുള്ളവനല്ല (*42:12*) എന്ന്.

ദൈവത്തിന്റെ 103-ൽപരം ഗുണങ്ങൾ ഖുർആനിൽ പറയപ്പെട്ടിട്ടുണ്ട്. അവയ്ക്കൊത്ത് അത്രതന്നെ പേരുകളും അവനുണ്ട്. എന്നാൽ, അവന്റെ ഗുണങ്ങൾ അവ മാത്രമല്ല. അവയെണ്ണിക്കണക്കാക്കാവതല്ല. 'സഹസ്രനാമൻ' എന്ന് ഹൈന്ദവഗ്രന്ഥങ്ങളിൽ പറയപ്പെട്ടിട്ടുണ്ടല്ലോ. ഓരോ നാളിലും ദൈവം ഓരോ പ്രഭാവം കൈക്കൊള്ളുന്നുവെന്നും ഖുർആൻ പറയുന്നു. '***കുല്ല യൗമിൻ ഹുവാ ഫീ ശഅ്നിൻ***' ഓരോ നാളിലും- ഈ നാളിന്റെ അളവ് അല്ലാഹു മാത്രം അറിയുന്നു- അവൻ ഓരോ പ്രഭാവം കൈക്കൊള്ളുന്നു. (*55:30*)

ആകയാൽ അവന്റെ ഗുണങ്ങൾ എണ്ണിക്കണക്കാക്കാവുന്നതല്ല. എന്നാൽ, അവയൊന്നുംതന്നെ പരസ്പര വിരുദ്ധങ്ങളുമല്ല.[3]

എന്നാൽ, അടിസ്ഥാനപരമായ നാല് ഗുണങ്ങൾ 'സൂറഃഫാത്തിഹാ'യിൽ പറയുന്നു. അവൻ സകലലോകങ്ങളുടേയും നാഥനാണ്. '***റബ്ബുൽ ആലമീൻ***' എന്നതാണ് ആദ്യത്തെ 'സിഫത്ത്'. അതുകൊണ്ടുതന്നെ അവന്റെ പ്രഭാവം ആ എല്ലാ ലോകങ്ങളിലും വ്യാപിച്ചുകിടക്കുന്നു. അവശ്യമായും വ്യാപിച്ചിരിക്കണം. അവന്റെ ഗുണങ്ങളും അവന്റെ സത്തയും അഭിന്നമാകയാൽ ഗുണങ്ങൾ ഉള്ളയിടത്ത് സത്തയും സത്തയുള്ളിടത്ത് ഗുണങ്ങളും വ്യാപരിക്കണം. അവന്റെ അമൂർത്തങ്ങളായ ഗുണങ്ങൾപോലെതന്നെ അമൂർത്തമായ സത്തയും അദൃശ്യമാകുന്നു. '***കാനല്ലാഹുബികുല്ലിശയ്ൻ മുഹീത്വാ***' അല്ലാഹു സകലവസ്തുക്കളേയും വലയം ചെയ്തിരിക്കുന്നുവെന്ന് ഖുർആൻ പറയുന്നു. (*4:127*) വാഗ്ദത്ത മഹ്ദീ മസീഹ്(അ) പറയുന്നു. 'അവൻ എല്ലാ വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നുവെങ്കിലും ആ വലയം എങ്ങനെയുള്ളതാണെന്ന് പറയാവതല്ല.'[4].

'***കുല്ലു ശയ്യിൻ***' എന്നതിൽ പരമാണുക്കളും (Atoms) സൂക്ഷ്മകണങ്ങളും (Sub-atomec Particles) ഉൾപ്പെടുന്നു. അത് ഊർജ്ജമായി മാറുമ്പോൾ ആ ഊർജ്ജവും ഉൾപ്പെടുന്നു. അതുപോലെതന്നെ ബ്രഹ്മാണ്ഠകടാഹത്തേയും അല്ലാഹു വലയം ചെയ്യുന്നു. എങ്ങനെയാണ് വലയം ചെയ്തിരിക്കുന്നതെന്നത് അല്ലാഹുവിന്റെ ജ്ഞാനത്തിൽമാത്രം ഉൾപ്പെട്ടതത്രെ. മനുഷ്യന് ചുറ്റും പ്രവർത്തിക്കുന്ന റേഡിയേഷനെപ്പറ്റിത്തന്നെ അതെങ്ങനെ പ്രവർത്തിക്കുന്നുവെന്ന് നമുക്കറിയില്ലല്ലോ.

ദൈവം സർവ്വശക്തനായിരിക്കയാൽ (***അലാ കുല്ലി ശയ്യിൻ ഖദീർ***) ദൈവമെല്ലായിടത്തും ഉണ്ടായിരിക്കാൻ കഴിവുള്ളവനായിരിക്കണം. ദൈവം ഇല്ലാത്ത ഒരിടത്തെക്കുറിച്ചും അവന് കഴിവില്ലാത്ത ഒരു കാര്യത്തെക്കുറിച്ചും സങ്കല്പിച്ചുകൂടാ. അപ്പോൾ അവൻ സർവ്വവ്യാപിയല്ലാതിരിക്കാൻ ആവില്ല. അവനിൽ യാതൊരു പോരായ്മയും കഴിവുകേടും അപൂർണ്ണതയും ആരോപിച്ചുകൂടാ. വാഗ്ദത്ത മഹ്ദി മസീഹ്(അ) പറയുന്നു: "ഒരു സിഫത്തിൽ ദൈവം അപൂർണ്ണനും കുറവുള്ളവനുമാണെന്ന് വന്നാൽ അവൻ എല്ലാ സിഫത്തുകളിലും അന്യാദൃശനും തുല്യതയില്ലാത്തവനും ആയിരിക്കാവതല്ല."[5]

അല്ലാഹു സർവ്വവ്യാപിയാണ്. എന്നുവെച്ചാൽ എല്ലായിടത്തുമുള്ളവൻ. സർവ്വവ്യാപിയെന്നത് ഒരു സംസ്കൃതപദമാണ്. എല്ലായിടത്തുമുള്ളവൻ (Omnipresent) എന്നുതന്നെയാണ് അതുകൊണ്ട് അർത്ഥമാക്കപ്പെടുന്നത്. അല്ലാഹു വിശാലൻ (വാസിഅ്) ആണെന്നും സർവ്വസാക്ഷി (ശാഹിദ്) ആണെന്നും പറയപ്പെട്ടിട്ടുള്ളതിന്റെ സൂചനയും അതുതന്നെ. അല്ലാഹുവിനെപ്പറ്റി കേൾക്കുന്നവൻ (സമീഅ്) എന്നും കാണുന്നവൻ (ബസ്വീർ) എന്നും സാക്ഷി (ശാഹിദ്) എന്നും സ്രഷ്ടാവ് (ഖാലിഖ്) എന്നും മറ്റും പറയുമ്പോൾ അവയുടെ അർത്ഥത്തിൽ നാം സാർവ്വികത്വം ആരോപിക്കുന്നത് ആ ഗുണങ്ങളുടെ പരമമായ രൂപഭാവങ്ങൾ ദൈവത്തിൽമാത്രമേ വെളിപ്പെടുത്തുകയുള്ളൂ എന്നുള്ളതുകൊണ്ടത്രെ. ദൈവത്തെ ഭാഷയിൽ ഒതുക്കാനാവില്ല. ആകാവുന്നിടത്തോളം അവനെ അവതരിപ്പിക്കുന്നുവെന്നുമാത്രം. ഭാഷയുടെ, ആശയത്തിന്റെ അപൂർണ്ണത ദൈവത്തിന്റെ പൂർണ്ണഭാവത്തെ അവതരിപ്പിക്കുവാൻ മനുഷ്യനെ അശക്തനാക്കുന്നു. അതുകൊണ്ട് അറിയാവുന്ന വാക്കുകളിൽ സാദ്ധ്യമാകുന്നിടത്തോളം അവനെ വിവരിച്ചുകാട്ടുകയാണ് ചെയ്യുന്നത്. ദൈവത്തിന്റെ ഗുണങ്ങൾ വിവരിക്കുവാൻ താരതമ്യേന ഏറ്റവും പ്രാപ്തമായ ഭാഷ അറബിയാണെന്ന് വാഗ്ദത്ത മഹ്ദീ മസീഹ്(അ) പറഞ്ഞിട്ടുള്ളതും അതുകൊണ്ടാണ്.[6].

'***റബ്ബുൽ ആലമീൻ***' എന്ന പദത്തിൽ ഉൾക്കൊള്ളുന്ന എല്ലാ അർത്ഥങ്ങളും ആശയങ്ങളും മറ്റൊരു ഭാഷയിൽ മറ്റൊരു പദം മുഖേന വ്യവച്ഛേദിക്കാൻ സാദ്ധ്യമല്ല. 'റബ്ബ്' എന്ന പദത്തിനുതന്നെ എത്രയോ അർത്ഥങ്ങളുണ്ട്. ആ എല്ലാ അർത്ഥങ്ങളും ദൈവത്തിന്റെ സിഫത്തുകളിൽപെടുന്നു. അത്തരം ഒരു പദം ലോകത്ത് മറ്റൊരു ഭാഷയിലും ഇല്ല. അതുകൊണ്ട് ദൈവം സർവ്വവ്യാപി എന്നു പറയുമ്പോൾ ആ വാക്കിന്റെ ആശയപരമായ അപൂർണ്ണത ദൈവത്തിന്റെ

(3) Introduction to the Study of the Holy Qur-an. (4) ലക്ചർ ലാഹോർ- ഹസ്റത്ത് അഹ്മദ്(അ), പേ-7. (5) ലക്ചർ ലാഹോർ- ഹസ്റത്ത് അഹ്മദ്(അ), പേ-9. (6) മിനനുർ റഹ്മാൻ, ഹസ്റത്ത് അഹ്മദ്(അ) - Favours of the beneficient, P-39.

ഭാവസാഗരികങ്ങളെ വെളിപ്പെടുത്താൻ പ്രയോജനപ്പെടുന്നില്ലെങ്കിൽ അത് ഭാഷയുടെ ന്യൂനത മാത്രമല്ലാതെ ദൈവികഗുണത്തിന്റെ നിഷേധമായിരിക്കുന്നില്ല.*

ശൂന്യതയിലുള്ള ഒരു ഗോളത്തിന് മുകളും താഴെയും പിന്നും മുന്നും ഇടത്തും വലത്തുമില്ല. ആപേക്ഷികമായി സമീക്ഷകന് അത് മുന്നിലോ പിന്നിലോ മേലേയോ കീഴെയോ ആണെന്ന് പറയാം. പ്രപഞ്ചം (Universe) ഗോളാത്മകമാണെങ്കിൽ അതിന്റെ പിന്നിലെന്നത് എങ്ങനെ സങ്കല്പിക്കും? പിന്നിൽനിന്ന് എന്നു പറയുന്നതുതന്നെ മുന്നിലും താഴെയും മീതെയും ഇടത്തും വലത്തും ചുറ്റിലുമെല്ലാമാണ്. ഈ എല്ലാ ദിശകളേയും അതോടൊപ്പം അകവും പുറവും ഉൾപ്പെടുത്തിക്കൊണ്ട് അവിടങ്ങളിലെല്ലാം ഒരേഅവസരത്തിലും ഒരുപോലെയും ഒരു ശക്തി അഥവാ ഒരു വസ്തു പ്രതിഭാസിക്കുന്നതിനെ ദ്യോതിപ്പിക്കാനുള്ള ഒരു വാക്ക് ഒരു ഭാഷയിലുമില്ല. അതുകൊണ്ട് പ്രപഞ്ചത്തിനുപിന്നിലെന്നും അതീതമെന്നും മറ്റും പറയുമ്പോൾ അതുകൊണ്ട് അർത്ഥമാക്കപ്പെടുന്നത് എല്ലാ ദിശകളേയും ഉൾപ്പെടുത്തിക്കൊണ്ടുതന്നെയാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. ഈ എല്ലാ ദിശകളേയും ഒരേ അവസരത്തിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സ്ഥാനം സർവ്വവ്യാപകം തന്നെയാണെന്നത് യുക്തിവാദിയായ ഏത് കൊലക്കൊമ്പനും സമ്മതിക്കാതിരിക്കാൻ സാദ്ധ്യമല്ല. എന്തെന്നാൽ യുക്തിപരമായ വിചിന്തനത്തിന്റെ അനിവാര്യ നിഗമനം (Inference) ആണത്. അതുകൊണ്ട് പ്രപഞ്ചത്തിനു പിന്നിലുള്ള ശക്തിയാണ് ദൈവമെന്ന് ഒരു ആസ്തികൻ പറയുമ്പോഴും 'പ്രപഞ്ചത്തിനു പിന്നിലുള്ള സബോധചിത്തം' (Conscious Intelligent being behind the Universe) എന്ന് ഒരു ഭൗതികശാസ്ത്രജ്ഞൻ പറയുമ്പോഴും, പ്രപഞ്ചത്തിൽ പ്രതിഭാസിക്കാത്ത, ശൂന്യതയിൽ അങ്ങെവിടെയോ അന്യമായി വിന്യസിക്കുന്ന എന്തോ ഒന്നാണെന്ന് അർത്ഥമാക്കപ്പെടുന്നേയില്ല. ഇവിടെ behind എന്ന പദത്തിന് അടിവരയിട്ടതുകൊണ്ടൊന്നും ബുദ്ധിയുള്ളവർ കാടുകയറുകയില്ല.

അല്ലാഹു സർവ്വവ്യാപിയാണ്. അവൻ എല്ലായിടത്തുമുള്ളവനല്ലെങ്കിൽപിന്നെ ഒരിടത്ത് ഒരു പ്രത്യേകസ്ഥാനത്ത് ഉപസ്ഥിതനും സീമിതനുമാണെന്ന് പറയേണ്ടിവരും.

സർവ്വവ്യാപി എന്ന പദം കേവലമായി അതിന്റെ എല്ലാ അർത്ഥത്തിലും ദൈവത്തിനുമാത്രമേ ഉപയോഗിച്ചുകൂടൂ എന്നതാണ് സത്യം. മറ്റൊന്നിനെക്കുറിച്ചായാലും അത് ആപേക്ഷിക വ്യാപകത്വം മാത്രമായിരിക്കും. പ്രപഞ്ചം അവശ്യമായും പരിമിതമാണ്. സ്ഥലകാലങ്ങൾ അനന്തമായി അനുഭവപ്പെടുന്നുവെങ്കിലും അവശ്യമായും താത്വികമായും സാന്തമാകുന്നു. സ്ഥലം എവിടെ അവസാനിക്കുന്നു? കാലം എപ്പോൾ അവസാനിക്കുന്നു? സ്ഥലവും കാലവും ആപേക്ഷികങ്ങളാണ്. സ്ഥലവും കാലവും അനന്തമാണോ? ആയിരിക്കാൻ സാദ്ധ്യമല്ല. അതെവിടെ അവസാനിക്കുന്നു എന്നു പറയാൻ സാധിക്കാത്തതുകൊണ്ടുമാത്രം അവസാനിക്കുന്നില്ല എന്നു പറഞ്ഞുകൂടാ. ഏത് യുക്തിവാദിയും ഇവിടെ കൊമ്പുകുത്തുന്നു. കാരണം യുക്തിപരമായ ഒരു ദുർഗ്ഗമസന്ധി (logical impasse) ആണിത്. കാലവും സ്ഥലവും എവിടെ അവസാനിക്കുന്നു എന്നത് പ്രകൃതിയുടെ മൂലകാരണമായ ദൈവത്തിന്റെ ജ്ഞാനത്തിൽമാത്രം ഉൾപ്പെടുന്ന കാര്യമാണ് എന്ന വിശ്വാസത്തിൽ– ഇത് പരോക്ഷജ്ഞാനങ്ങളിൽ അഥവാ 'ഗയ്ബി'ൽപെട്ട വിശ്വാസമാണ്– ഒരു ആസ്തികൻ ആശ്വാസം കണ്ടെത്തുന്നു.[7] ചിന്ത അവിടെ അവശ്യമായും അവസാനിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ, അവസാനിക്കുന്നില്ല എന്നു പറയുന്നവർ അവസാനിക്കായ്കയുടെ രൂപം വിവരിച്ചുതരാൻ ബാദ്ധ്യസ്ഥരാണ്. കാരണമെന്തെന്നാൽ നമ്മുടെ ബുദ്ധിയുടെ അന്വേഷണത്വര അവിടെ അവസാനിക്കുന്നില്ല. ഇവിടെ മനുഷ്യന്റെ ബുദ്ധി വീർപ്പുമുട്ടുന്നതുകൊണ്ടാണ് ഭൗതികതത്വജ്ഞർ അപ്പുറം ചിന്തിക്കാനാവാതെ അജ്ഞേയവാദത്തിൽ (Agnosticism) രക്ഷതേടുകയുണ്ടായത്.

പ്രപഞ്ചത്തിലെ ഓരോ വസ്തുവും സാന്തമാണ്. പരമാണുവിലെ സൂക്ഷ്മകണങ്ങൾ തൊട്ട് അഖിലാണ്ഡകോടിബ്രഹ്മാണ്ഡങ്ങൾവരേയും അവയെല്ലാം ഉൾക്കൊള്ളുന്ന വിശ്വകടാഹവും സാന്തമാകുന്നു. സാന്തങ്ങളുടെ സമവായവും സാന്തമാകാതെ തരമില്ലായെന്നതുകൊണ്ട് പ്രപഞ്ചം അഥവാ പ്രകൃതി അവശ്യമായും സാന്തമാണ്. വിസ്തൃതിയുടെ അവസാനമാണ് അനന്തതയുടെ ആരംഭം. എല്ലാ ആപേക്ഷികമായ അനന്തതകളുടേയും അപ്പുറത്തുള്ളവനാണ് അനന്തതയുടെ ഉടമസ്ഥനായ ദൈവം. അതാണ് ഖുർആൻ പറയുന്നത് '***വ അന്ന ഇലാ റബ്ബിക്കൽ മുൻതഹാ***' എല്ലാ ആത്യന്തികതകളും (തുടക്കവും ഒടുക്കവും) നിന്റെ റബ്ബിൽചെന്നവസാനിക്കുന്നു (*53:43*) എന്ന്. വ്യാപകത്വത്തിന്റെ ആത്യന്തികതയും ദൈവത്തിൽ മാത്രമായിരിക്കണം. അതിനാൽ ദൈവം സർവ്വവ്യാപിതന്നെയാണ്. പ്രപഞ്ചത്തിൽ എല്ലായിടത്തും അല്ലാഹു ഉണ്ടെന്നുപറഞ്ഞാൽ അഥവാ അവൻ സർവ്വവ്യാപിയാണെന്ന് പറഞ്ഞാൽ, അത് '***വഹ്ദത്തുൽ വുജൂദ്***' വാദമോ അദ്വൈതവാദമോ അല്ല. ഇസ്‌ലാം അദ്വൈതവാദത്തെ അംഗീകരിക്കുന്നില്ല.[8] മുസ്‌ലിംകൾ ദ്വൈതികളാണ്. എന്നുവെച്ചാൽ ഇസ്‌ലാമിക ദൃഷ്ട്യാ സ്രഷ്ടാവും സൃഷ്ടിയും രണ്ടും രണ്ടാണ്. പ്രപഞ്ചം വേറെ, പ്രപഞ്ചകർത്താവ് വേറെ. 'അഹം ബ്രഹ്മാസ്മി' (ഞാൻതന്നെയാണ് ദൈവം) എന്ന് അഥവാ '***അനൽഹഖ്***' എന്നു പറയുന്നതിന് സൃഷ്ടിയും സ്രഷ്ടാവും ഭിന്നമല്ലെന്നാണ്

---

* ദൈവം Omnipresent ആണെന്ന് പറയുന്നതിന്റെ അർത്ഥം അല്ലാഹു ഹാളിറും നാളിറും ആണെന്നാണ്. ഭാഷയിൽ ഇതിന് സർവ്വവ്യാപിയെന്നല്ലാതെ മറ്റൊരു വാക്കുമില്ല. ഇംഗ്ലീഷിൽ Pervade എന്ന വാക്കുപയോഗിക്കുമ്പോഴും ശരിയായ അർത്ഥപ്രതീതി ഉണ്ടാകുന്നില്ല. പക്ഷേ, ഭാഷകൾ അപൂർണ്ണങ്ങളായതുകൊണ്ട് അത്തരം ഏതെങ്കിലും പദം ഉപയോഗിക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ലതാനും. (7) തഫ്സീറെ കബീർ– ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ). (8) അദ്വൈതദർശനവും ഇസ്‌ലാമത തത്വങ്ങളും മനസ്സിലാക്കുന്നതിന് 'ഇസ്‌ലാമും അദ്വൈതദർശനവും' എന്ന പുസ്തകം വായിക്കുക. ഗ്രന്ഥകർത്താവ് എൻ. ഹാമിദ്– ക്രസന്റ് പബ്ലിക്കേഷൻ.

അർത്ഥമെങ്കിൽ അത് അനിസ്‌ലാമികമായ ഒരു ചിന്തയാകുന്നു. അൽഹാജ് മൻസൂറിന്റെ 'അനൽഹഖിന്' അത്തരമൊരർത്ഥമല്ല ഉള്ളതെന്ന് വാഗ്ദത്ത മഹ്ദി മസീഹ്(അ) ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

അല്ലാഹു ഏകനാണ്. (അഹദ്) അതേ അവസരത്തിൽതന്നെ ഏകമാത്രനും (വാഹിദ്) ആണ്. സൃഷ്ടികളൊന്നും തന്നെയില്ലാത്ത ഈ ഏകമാത്രാവസ്ഥ ദൈവത്തിൽ വെളിപ്പെടുകയും അപ്രത്യക്ഷമാകുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു ഗുണമാണ്. എന്നാൽ, അത് നഷ്ടപ്പെടുകയോ നിഷ്ക്രിയമാവുകയോ ചെയ്യുന്നില്ല. അല്ലാഹു വിശ്വത്തെ സൃഷ്ടിക്കുകയും അതിനെ പൂർണ്ണമായും നശിപ്പിക്കുകയും വീണ്ടും ശൂന്യതയിൽ നിന്ന് വിശ്വത്തെ സൃഷ്ടിക്കുകയും ചെയ്യുന്നവനാകുന്നു. ദൈവത്തിന്റെ ഈ ഏകമാത്രാവസ്ഥ അഥവാ '***വഹ്ദാനിയത്ത്***' എത്രതവണ പുനരാവർത്തിക്കപ്പെട്ടിട്ടുണ്ടെന്നത് അല്ലാഹു മാത്രമേ അറിയുകയുള്ളൂ. വാഗ്ദത്ത മഹ്ദി മസീഹ്(അ) ഇപ്രകാരം പറയുന്നു.

"ദൈവം ഒരു രഹസ്യനിധിപോലെയായിരുന്നു. അവൻ അറിയപ്പെടുന്നതിന് ഇച്ഛിച്ചു. അങ്ങനെയവൻ അറിയപ്പെടുന്നതിനുവേണ്ടി മനുഷ്യനെ സൃഷ്ടിച്ചു. എന്നാൽ, ദൈവത്തിന്റെ ഈ ഏകമാത്രാവസ്ഥ (വഹ്ദത്തെ ഇലാഹി)യുടെ കാലഘട്ടം എത്രതവണ ഉണ്ടായിട്ടുണ്ടെന്ന് നമുക്കറിയില്ല. അതിന്റെ അറിവ് ദൈവത്തിനു മാത്രമേയുള്ളൂ. എന്നാൽ, മറ്റു സിഫത്തുകൾ എന്നെന്നേക്കുമായി നിഷ്ക്രിയം ആയിരിക്കാവതല്ലാത്തതുപോലെ ഏകമാത്രൻ എന്ന സിഫത്തും എന്നെന്നേക്കുമായി നിഷ്ക്രിയം ആയിരിക്കുന്നില്ല. ചിലപ്പോൾ അതിന്റെ ആവർത്തനം സംഭവിക്കുന്നു. ചിലപ്പോൾ ദൈവികമായസത്ത പ്രപഞ്ചത്തെ സംഹരിക്കുവാൻ ഇച്ഛിക്കുകയും ചിലപ്പോൾ സൃഷ്ടിക്കുകയും ചെയ്യുന്നു. എന്തെന്നാൽ, ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുക എന്ന രണ്ട് സിഫത്തുകളും അവന്റേതാണ്. ആകയാൽ സകല ജീവവസ്തുക്കളേയും ദൈവം സംഹരിക്കുന്നു. എത്രത്തോളമെന്നാൽ, ആകാശഭൂമികൾ ഒരു കടലാസ് അപ്പുറവും ഇപ്പുറവും മറിക്കുന്നതുപോലെ അടിമേൽ മറിക്കുന്ന ഒരു കാലം വരുന്നതാണ്. ആ അവസ്ഥയിൽ ദൈവത്തിന്റെ ഗുണങ്ങൾ നിഷ്ക്രിയമാകേണ്ടത് ആവശ്യമായിവരുന്നില്ല. എന്തുകൊണ്ടെന്നാൽ ചില സിഫത്തുകൾ വെളിപ്പെടുമ്പോൾ അതിന്നെതിരിലുള്ളതും അതോടൊപ്പം ചേരാത്തതുമായ മറ്റു ചില സിഫത്തുകൾ മറ്റൊരവസരത്തിൽ വെളിപ്പെടുമാറാകയും അതുവരെ വെളിപ്പെടാതെ കാത്തുകിടക്കുകയും ചെയ്യും. ഇത് അത്ഭുത ശക്തിപ്രകടനത്തിന്റെ ഒരു പരമ്പരയാകുന്നു. അതുമുഖേന സംഹരിക്കലിനുശേഷം ജീവിപ്പിക്കൽ അനിവാര്യമായിത്തീരുന്നു. ഇതേ അർത്ഥത്തിലാണ് ദൈവത്തിന്റെ ഒരു സിഫത്തുംതന്നെ നിഷ്ക്രിയമാകയില്ലെന്ന് നാം പറയുന്നത്. അവൻ അനാദിയിലെ ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനുമാകുന്നു. മുമ്പുണ്ടായിരുന്നെങ്കിലും ഇപ്പോഴില്ല അഥവാ ഇപ്പോഴുണ്ടെങ്കിലും പണ്ടുണ്ടായിരുന്നില്ല എന്ന് പറയാവുന്ന ഒരു ഗുണവും ഒരു സിഫത്തും അവന്നില്ല. ചുരുക്കത്തിൽ നമ്മുടെ വിശ്വാസം ഇതാണ്: യാതൊരു വസ്തുവും ദൈവത്തിന്റെ ഏകതയ്ക്ക് തടസ്സം സൃഷ്ടിക്കുന്നില്ല. അവന്റെ സത്ത സ്വയം സ്ഥിതിതവും (ഖായിം ബിന്നഫ്സിഹി) അനാദിയും അനന്തവുമാകുന്നു. ബാക്കി മുഴുവൻ വസ്തുക്കളും നശ്വരസത്തകളും (ഹാലിക്കത്തുസ്സാത്ത്) യാഥാർത്ഥ്യമില്ലാത്തവയും (ബാത്തിലത്തുൽഹഖീഖത്ത്) ആകുന്നു.[9]

ചുരുക്കത്തിൽ യാതൊരു സൃഷ്ടിയും ഇല്ലാത്തപ്പോൾതന്നെ അല്ലാഹുവിന്റെ എല്ലാ ഗുണങ്ങളും അവനിൽ സ്ഥിതിചെയ്യുന്നുണ്ടായിരുന്നുവെന്നും ഒന്നും നിഷ്ക്രിയമാകയോ നഷ്ടപ്പെടുകയോ ചെയ്യുന്നില്ലെന്നും അവ അതാത് ഘട്ടത്തിൽ ആവശ്യമുള്ളപ്പോൾ വെളിപ്പെടുകയാണെന്നുമാണ് ഇസ്‌ലാമിക ദൈവദർശനത്തിലെ കാഴ്ചപ്പാട്. അതിനാൽ ദൈവത്തിന്റെ സർവ്വവ്യാപിത്തവും അവനിൽ ആദിയിലേ നിലനില്ക്കുന്നുവെങ്കിലും സൃഷ്ടിയുടെ ഉത്ഭവത്തോടെമാത്രം വെളിപ്പെടുന്ന ഗുണമാണതെന്ന് മനസ്സിലാകുന്നു. സൃഷ്ടിക്ക് മുമ്പ് അവനിൽ സ്വായത്തമായ ഗുണം സൃഷ്ടിക്കുശേഷവും തുടരുമെങ്കിൽ സൃഷ്ടിയിൽ കൂടിച്ചേരാതെ തന്നെ ആ ഗുണം വെളിപ്പെടുകയും നിലകൊള്ളുകയും ചെയ്യും. അതിനാൽ ദൈവം സർവ്വവ്യാപിയാണെങ്കിൽ പദാർത്ഥത്തിൽ അഥവാ സൃഷ്ടിയുമായി കൂടിച്ചേർന്നിരിക്കേണമല്ലോ എന്നും സ്ഥലമില്ലാതെ വ്യാപിച്ചിരിക്കുന്നതെങ്ങനെ എന്നുമുള്ള ചോദ്യങ്ങൾ അപ്രസക്തങ്ങളാണ്. എല്ലായിടത്തും ദൈവത്തിന്റെ സൽഭാവം വിരാജിക്കുന്നുവെന്ന് പറയുമ്പോൾ അത് സത്താപരമായിട്ടായാലും സൃഷ്ടിയുമായി കൂടിച്ചേരേണ്ടതില്ല. അല്ലാഹു സകലവസ്തുക്കളേയും (Matter) വലയം ചെയ്തിരിക്കുന്നുവെന്നാണ് ഖുർആൻ പറയുന്നത്. അവയിൽ ലയിച്ചുകിടക്കുന്നുവെന്നല്ല. ആ വലയം എങ്ങനെയുള്ളതാണെന്ന് അല്ലാഹു മാത്രമേ അറിയുന്നുള്ളൂ എന്നാണ് വാഗ്ദത്ത മഹ്ദി മസീഹ്(അ) പഠിപ്പിച്ചുതന്നിട്ടുള്ളത്. '***കുല്ലു ശയ്യിൻ***' സകലവസ്തുക്കളും എന്നതിൽ ഊർജ്ജകണങ്ങൾ തൊട്ട് വിശ്വകടാഹം മുഴുവനും ഉൾപ്പെടുന്നു.

അല്ലാഹുവിന്റെ '***വഹ്ദാനിയത്ത്***' എന്ന ഗുണത്തിന്റെ വികൃതസങ്കല്പമാണ് ***വഹ്ദത്തുൽ വുജൂദി***ന്ന് രൂപം നല്കിയത്. സൃഷ്ടിഗുണം സ്രഷ്ടാവിനോടൊപ്പമുള്ളതാകയാൽ സ്രഷ്ടാവിനോടൊപ്പംതന്നെ സൃഷ്ടിയും ഉണ്ടായിരിക്കണമെന്ന് ഈ ചിന്താഗതിക്കാർ സങ്കല്പിച്ചു. ഇതുതന്നെയാണ് അദ്വൈതവാദികളും ചിന്തിച്ചത്. സൃഷ്ടിയും സ്രഷ്ടാവും അഭിന്നമാണെന്നും സ്രഷ്ടാവല്ലാതെ മറ്റൊന്നും ഇല്ലെന്നുമുള്ള നിഗമനത്തിൽ അവരെത്തുകയും ചെയ്തു. ഇസ്‌ലാമിലെ ദൈവസങ്കല്പം ഇതല്ല. സ്രഷ്ടാവ് സൃഷ്ടിയിൽനിന്ന് തികച്ചും ഭിന്നനും അതീതനും പരിശുദ്ധനുമായി വേർതിരിഞ്ഞ് നിലകൊള്ളുന്നു എന്നാണത് പറയുന്നത്. അനാദിയിലും അവൻ ഏകനാകുന്നു. (***വഹദത്തുഫിൽഅസല്ല്***) അനന്തതയിലും അവൻ ഏകനാകുന്നു ('***വഹദത്തു ഫിൽ അയ്ദ്***'). ഈ നിലയിൽ മാത്രമാണ് '***വഹ്ദഹു ലാ ശരീക്കലഹു***' എന്ന

(9) ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസായിൻ, വാള്യം 23, പേ-186.

അവന്റെ സിഫത്ത് പൂർണ്ണനിലയിൽ സാർത്ഥകമായി ത്തീരുന്നതെന്ന് വാഗ്ദത്ത മഹ്ദി മസീഹ്(അ) വിശ ദീകരിച്ചിരിക്കുന്നു.

1907 ഡിസംബറിൽ ലാഹോറിൽ ചേർന്ന മതമഹാ സമ്മേളനത്തിൽ ആര്യസമാജികൾ അവതരിപ്പിച്ച പ്രബന്ധത്തിൽ ഉന്നയിച്ച ആക്ഷേപങ്ങൾക്ക് മറുപടി യായി വാഗ്ദത്ത മഹ്ദി മസീഹ്(അ) രചിച്ച ഗ്രന്ഥമാണ് 'ചശ്മയെ മഅ്രിഫത്ത്' അഥവാ ആത്മീയജ്ഞാന നിർഝരി. ഇതിൽ ചേർത്ത പണ്ഡിറ്റ് ലേഖ്റാമിന്റെ മുബാഹല ലേഖനത്തിൽ, 'മുസ്‌ലിംകൾ വിശ്വസിക്കു ന്നതുപോലെ ദൈവം ആകാശത്തിലോ അർശിലോ അല്ല ഉള്ളത്, അവൻ സർവ്വവ്യാപിയാകുന്നു' എന്ന് പറഞ്ഞിടത്ത് അടിക്കുറിപ്പിൽ വാഗ്ദത്ത മഹ്ദി മസീ ഹ്(അ) ഇപ്രകാരം എഴുതി. "അല്ലാഹു എല്ലായിടത്തും ഇല്ലെന്നാരു പറയുന്നു. മറിച്ച്, അവൻ എല്ലായിടത്തു മാണ്. അവൻ അർശ് ഉടയവനും (ദുൽഅർശ്) തന്നെ. ഈ വിഷയമർമ്മം അറിവില്ലാത്ത ഒരാൾക്ക് ഗ്രഹിക്കു വാനാവില്ല"[10]. വാഗ്ദത്ത മഹ്ദി മസീഹ്(അ) ഇപ്ര കാരം വിശദീകരിക്കുന്നു.

"ദൈവം മനുഷ്യന്റെ രീതിയിൽ ആകാശത്തിരിക്കു കയാണെന്നതാണ് ഇസ്‌ലാമിലെ വിശ്വാസമെന്ന് പ്രബ ന്ധകർത്താവ് പറയുന്നു........വിശുദ്ധഖുർആന്റെ പാഠ മനുസരിച്ച് ദൈവം ആകാശത്തിലേതുപോലെ ഭൂമി യിലും ഉണ്ട്. അവൻ പറയുന്നു: '***ഹുവല്ലദീ ഫിസ്സമായി ഇലാഹുൻ വ ഫിൽഅർളി ഇലാഹുൻ***' ആകാശത്തിലും അവൻതന്നെയാണ് ദൈവം. ഭൂമിയിലും അവൻതന്നെ യാണ് ദൈവം."(*43:85*) വീണ്ടും പറയുന്നു. "യാതൊരു രഹസ്യചർച്ചയിലും മൂന്നുപേർ ഒന്നിച്ചുചേരുന്നില്ല, നാലാമനായി ദൈവവുമില്ലാതെ." പിന്നെയും പറയു ന്നു. '***ലാ തുദ്‌രിക്കുഹുൽ അബ്സാറു വഹുവ യുദ്‌രി ക്കുൽ അബ്സാറു***' കണ്ണുകൾക്ക് അവന്റെ അത്യന്ത സീമയെ പ്രാപിക്കാനാവില്ല. എന്നാൽ അവൻ കണ്ണു കളുടെ അത്യന്തസീമകളിലെത്തുന്നു.(*6:104*) വീണ്ടും പറയുന്നു: "***നഹ്നു അഖ്റബു ഇലയ്ഹി മിൻഹ ബ്ലിൽ വരീദ്***" നാം മനുഷ്യന്റെ ജീവനാഡിയേക്കാൾ അവന്റെ അടുത്തുള്ളവനാകുന്നു.(*50:17*) പിന്നെ ദൈവം എല്ലാ വസ്തുക്കളേയും വലയം ചെയ്തവൻ (മുഹീത്) ആണെന്നും ഒരിടത്ത് പറഞ്ഞിരിക്കുന്നു. മറ്റൊരിടത്ത് അല്ലാഹു പറഞ്ഞിരിക്കുന്നു. '***ഇന്നല്ലാഹ യഹൂലു ബൈനൽമറഇ വഖൽബിഹി***' നിശ്ചയ മായും അല്ലാഹു മനുഷ്യനും അവന്റെ ഹൃദയത്തി നുമിടയിൽ ഒരു മറ അഥവാ തടസ്സമായിരിക്കുന്നു. (*8:25*) പിന്നെയും പറയുന്നു. '***അല്ലാഹു നൂറുസ്സമാ വാത്തി വൽഅർള്***' ആകാശഭൂമികളിൽ ഏതൊരു വന്റെ മുഖത്തിന്റെ പ്രഭയാണോ ഉള്ളത് അവനത്രെ അല്ലാഹു. അവനെകൂടാതെയുള്ളതെല്ലാം അന്ധകാ രമാകുന്നു. (*24:36*) വീണ്ടും പറയുന്നു. '***കുല്ലുമൻ അലയ്ഹാ ഫാനിൻ വയബ്ഖാ വജുഹു റബ്ബിക്ക ദുൽജലാലി വൽഇക്റാം***' എല്ലാ ഓരോ വസ്തുവും നശിച്ചുപോകുന്നതും പരിവർത്തനവിധേയവുമാകു ന്നു. എന്നാൽ, അവശേഷിക്കുന്നവൻ ആരോ അവ നത്രെ ദൈവം.[11] (*55:27,28*)

പ്രസ്തുതഗ്രന്ഥത്തിൽ മറ്റൊരിടത്ത് '***അർശി***' നെപറ്റി ഇപ്രകാരം വിശദീകരിക്കുന്നു: "രണ്ടാമത്തെ ആക്ഷേപം അർശിൽ ഉപവിഷ്ഠനായി (***ഇസ്തവാ അലൽ അർശി***) എന്ന വാചകമാണ്. 'ഇസ്തവാ' എന്ന പദത്തോടൊപ്പം 'അലാ' എന്ന അവ്യയം വന്നാൽ അതിന്റെ അർത്ഥം ഒരു വസ്തു ഉചിതമായ അവസ്ഥയിൽ സ്ഥാനം പിടിക്കുക എന്നത്രെ.... ഇവിടെ അല്ലാഹുവിനെപ്പറ്റി 'ഇസ്തവാ' എന്ന പദം പ്രയോഗിച്ചപ്പോൾ അതിന്റെ അർത്ഥം അല്ലാഹുവിന്റെ പരിശുദ്ധിയുടേയും ഉദാത്തതയുടെയും ഉചിതാവസ്ഥ യായ '***വറാവുൽ വറാ***' അഥവാ അപ്പുറത്തിനപ്പുറ മുള്ള സ്ഥാനം പിടിച്ചു എന്നത്രെ. ഉദാത്തവും പരമ പരിശുദ്ധവുമായ സ്ഥാനം അല്ലാഹുവിനെ കൂടാ ത്തതെല്ലാം വിനാശമടയുന്നതിന് നിർബന്ധിക്കുന്നു. ചിലപ്പോൾ ദൈവം സ്രഷ്ടാവ് എന്ന നാമത്തിന്റെ നിർബന്ധത്തിൽ സൃഷ്ടികളെ ഉണ്ടാക്കുകയും മറ്റു ചിലപ്പോൾ തന്റെ പരിശുദ്ധിയുടേയും ഏകമാത്രാവ സ്ഥയുടേയും നിർബന്ധത്താൽ അവയുടെയെല്ലാം ഉണ്മയെ സംഹരിച്ചുകളയുകയും ചെയ്യുന്നു. ചുരുക്ക ത്തിൽ, അർശിൽ സ്ഥാനംപിടിക്കുക എന്നു പറഞ്ഞു കൊണ്ട് സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ അന്യോന്യം കൂടിച്ചേർന്നതായി കരുതപ്പെടാത്തവിധത്തിലുള്ള പര മപരിശുദ്ധിയുടെ സ്ഥാനത്തിലേക്കാണ് വിരൽചൂണ്ടു ന്നത്. അങ്ങനെ വരുമ്പോൾ ദൈവം അർശിൽ അതാ യത് ആ അപ്പുറത്തിനപ്പുറത്തുള്ള (വറാഉൽ വറാ) ഒരു നിശ്ചിതസ്ഥാനത്ത് തളച്ചിടപ്പെട്ട നിലയിൽ സീമിതനാ ണെന്ന് എവിടെയാണ് പറഞ്ഞിട്ടുള്ളത്. അല്ലാഹു എല്ലായിടത്തും ഹാജറുള്ളവൻ (ഹാളിർ വ നാളിർ) ആണെന്ന് വിശുദ്ധഖുർആനിൽ പലയിടത്തും പറയ പ്പെട്ടിട്ടുണ്ട്. അവനാദ്യനും ആദ്യനായിരിക്കെത്തന്നെ ഏറ്റവും അന്ത്യനും, ഏറ്റവും പ്രത്യക്ഷനും ഏറ്റവും പ്രത്യക്ഷനായിരിക്കതന്നെ ഏറ്റവും പരോക്ഷനുമാകു ന്നു.... ഇത്തരത്തിൽ അനേകം വേറെയും ആയത്തു കളിൽ അടിക്കടിയായി പറഞ്ഞിരിക്കുന്നു, ദൈവം എല്ലായിടങ്ങളിലും ഹാജറുള്ളവനും കാണുന്നവനു മാണെന്ന്. എത്രത്തോളമെന്നാൽ അവനോരോ ജീവ ന്റേയും ജീവനാണ്. ദൈവം മഖ്‌ലൂഖിൽനിന്നും അഥവാ സൃഷ്ടിയിൽനിന്നും അകലത്തല്ല എന്നു മാത്രം പ്രസ്താവിച്ചുകൊണ്ട് അവൻ ദിവ്യജ്ഞാനത്തെ പറ ഞ്ഞവസാനിപ്പിച്ചുവെങ്കിൽ ഹിന്ദുക്കളെപ്പോലെ മുസ്‌ലിംകളിൽ സൃഷ്ടിപൂജ ആരംഭിച്ചുതുടങ്ങുമായി രുന്നു. എന്തെന്നാൽ അങ്ങനെ വരുമ്പോൾ ദൈവവും സൃഷ്ടിയും തമ്മിൽ യാതൊരു വിവേചനവ്യത്യാസവു മില്ലാതെ പോകുന്നതാണ്."[12].

ചുരുക്കത്തിൽ അതുകൊണ്ടാണ് അവൻ സകല ത്തിനും അതീതവും പരമപരിശുദ്ധവുമായ ഒരുയർന്ന

(10) ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസായിൻ, വാല്യം 23, പേ-181. (11) ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസായിൻ, വാല്യം 23, പേ-97-98. (12) ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസായിൻ, വാല്യം 23, പേ-119,120.

സ്ഥാനത്ത് അഥവാ അർശിൽ ആണെന്നും പറയപ്പെട്ടിരിക്കുന്നതെന്ന് സിദ്ധം.

വാഗ്ദത്ത മഹ്ദി മസീഹ്(അ) മറ്റൊരിടത്ത് പറയുന്നു: "വിശുദ്ധഖുർആനിൽ ഒരുഭാഗത്ത് ദൈവം തന്റെ സൃഷ്ടികളോട് ഗാഢമായ ബന്ധമുള്ളവനാണെന്നും അവൻ ഓരോ ജീവന്റെയും ജീവനാണെന്നും എല്ലാ വസ്തുവും അവന്റെ ആശ്രയത്തിലാണെന്ന് വിവരിച്ചപ്പോൾ മറ്റൊരു ഭാഗത്ത് മനുഷ്യനുമായി അവനുള്ള ബന്ധം മുൻനിർത്തി ആരുംതന്നെ വേദാന്തികൾ കരുതുന്നതുപോലെ മനുഷ്യനെ ദൈവം തന്നെയായി കരുതിക്കളയാതിരിക്കുന്നതിന്, ആ പിഴവിൽനിന്ന് സുരക്ഷിതനായിരിക്കുന്നതിന് അവനെല്ലാത്തിൽനിന്നും ഉയർന്നവനും സൃഷ്ടികളിൽനിന്ന് അപ്പുറത്തിന്നപ്പുറമുള്ള സ്ഥാനത്ത് ശരീഅത്തിന്റെ, സാങ്കേതികശബ്ദമനുസരിച്ച് 'അർശ്' എന്ന് പറയുന്ന സ്ഥാനത്ത് ഉള്ളവനാണെന്നും പ്രസ്താവിച്ചിരിക്കുന്നു. 'അർശ്' സൃഷ്ടവസ്തുവല്ല, അപ്പുറത്തിന്നപ്പുറമുള്ള ഒരു പദവി (മർത്തബ)യുടെ പേരാകുന്നു. അല്ലാഹു മനുഷ്യനെപോലെ ഇരുപ്പുറപ്പിച്ചതായി രൂപഭാവന ചെയ്യാവുന്ന ഒരു സിംഹാസനമല്ല അത്. മറിച്ച്, സൃഷ്ടികളിൽനിന്നും വളരെ അകന്ന ഉദാത്തതയുടേയും പരിശുദ്ധിയുടേയും സ്ഥാനമാകുന്നു. അതിനാണ് അർശ് എന്നു പറയുന്നത്. വിശുദ്ധഖുർആനിൽ എഴുതപ്പെട്ട പ്രകാരം ദൈവം എല്ലാത്തിനോടും സൃഷ്ടികർതൃത്വത്തിന്റെയും സൃഷ്ടിഭാവങ്ങളുടേയും ബന്ധം സ്ഥാപിച്ചശേഷം 'അർശിൽ' സ്ഥാനമുറപ്പിച്ചു. എന്നുവെച്ചാൽ സകലബന്ധങ്ങൾക്കുശേഷം അന്യത്തിൽനിന്ന് അന്യമായി നിലകൊള്ളുകയും മഖ്ലൂഖുമായി (സൃഷ്ടികളുമായി) 'മഖ്ലൂത്ത്' ആകാതെ അതായത് കൂടിച്ചേരാതെയിരിക്കുകയും ചെയ്തു.

"ചുരുക്കത്തിൽ, ദൈവം മനുഷ്യനോടൊപ്പമായിരിക്കുന്നതും എല്ലാ വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നതും ദൈവത്തിന്റെ സദൃശ്യാത്മകഗുണം (തശ്ബീഹി സിഫത്ത്) ആകുന്നു. വിശുദ്ധഖുർആനിൽ ഈ സിഫത്തിനെക്കുറിച്ച് പറഞ്ഞത്, മനുഷ്യനുമായുള്ള അടുപ്പം സ്ഥാപിച്ചുകാണിക്കുവാനാണ്. അതോടൊപ്പം ദൈവം സകലസൃഷ്ടികളിൽനിന്നും അപ്പുറത്തിന്നപ്പുറത്ത് സ്ഥിതിചെയ്യുന്നവനും എല്ലാത്തിൽനിന്നും അതീതനായിരിക്കുന്നവനും ഉന്നതനും അകന്നവനും സൃഷ്ടിഭാവങ്ങളിൽനിന്നും ദൂരപ്പെട്ടിരിക്കുന്ന ഉദാത്തതയുടേയും പരമപരിശുദ്ധിയുടേയും സ്ഥാനമായ അർശ് എന്ന് വിളിക്കപ്പെടുന്ന സ്ഥാനത്തുള്ളവനും ആണെന്ന് പറഞ്ഞു. ആ സിഫത്തിന്റെ പേർ '***തൻസീഹി***' സിഫത്ത് അതായത് പരിശുദ്ധിയുടെ സിഫത്ത് എന്നാകുന്നു. ഈ സിഫത്തിനെക്കുറിച്ച് ദൈവം ഖുർആനിൽ പരാമർശിച്ചത് അതുമുഖേന തന്റെ തൗഹീദിനേയും '***വഹ്ദഹൂ ലാ ശരീക്കലഹൂ***' എന്ന അവസ്ഥയേയും, തന്റെ സത്ത സൃഷ്ടികളുടെ ഗുണങ്ങളിൽനിന്നും അതീതമായും പരിശുദ്ധമായും വർത്തിക്കുന്നു എന്ന വസ്തുതയേയും സ്ഥാപിക്കുന്നതിനുവേണ്ടിയാകുന്നു. മറ്റു സമുദായങ്ങൾ അല്ലാഹുവിന്റെ സത്തയെ സംബന്ധിച്ചിടത്തോളം ഒന്നുകിൽ പരിശുദ്ധിയുടെ ഗുണത്തെ അവലംബമാക്കയോ അതായത് അവൻ നിർഗുണനാണെന്ന് പറയുകയോ അല്ലെങ്കിൽ, അവൻ സഗുണനാണെന്ന് പറഞ്ഞുകൊണ്ട് അവനെ സൃഷ്ടിതന്നെയെന്നപോലെ സദൃശ്യനായി കരുതുകയോയാണ് ചെയ്യുന്നത്; ഈ രണ്ട് സിഫത്തുകളേയും (ഗുണങ്ങളേയും) സംയോജിപ്പിക്കാതിരിക്കുകയും ചെയ്യുന്നു. വിശുദ്ധഖുർആനിൽ അല്ലാഹു ഈ രണ്ട് സിഫത്തുകളുടേയും ദർപ്പണത്തിൽ തന്റെ മുഖം കാണിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതുതന്നെയാണ് പരിപൂർണ്ണമായ തൗഹീദ്"[13]

വീണ്ടും പറയുന്നു: 'അർശ്' എന്നത് ഏതെങ്കിലും ഭൗതികമായ ഒരു വസ്തുവല്ല. അപ്പുറത്തിനപ്പുറത്തായിരിക്കുന്ന ഒരവസ്ഥ (ഹാലത്ത്)ആകുന്നു. അത് അല്ലാഹുവിന്റെ ഒരു സിഫത്ത് (ഗുണം) ആകുന്നു."[14]

പിന്നെയും പറയുന്നു: "ഉദാത്തതയുടേയും (തനസ്സുഹ്) പരമപരിശുദ്ധിയുടേയും (തഖദ്ദുസ്സ്) സ്ഥാനത്തിനുള്ള പേരാണ് 'അർശ്' എന്നത്. അതുകൊണ്ടാണത് അസൃഷ്ടമാണെന്ന് പറയപ്പെട്ടിരിക്കുന്നത്. ഒരു ജഡവസ്തുവാണെങ്കിൽ അല്ലാഹുവിന്റെ സൃഷ്ടികർതൃത്വത്തിൽനിന്ന് പുറത്തായിരിക്കുന്നതെങ്ങനെ? അർശിനെപ്പറ്റി വിവരിക്കപ്പെട്ടിട്ടുള്ളതെല്ലാം ആലങ്കാരികം മാത്രമാകുന്നു."15

അല്ലാഹു സിംഹാസനത്തിൽ ഉപവിഷ്ഠനായിരിക്കുന്നു എന്ന് ഖുർആനിൽ പറഞ്ഞതുകൊണ്ട് അവൻ എല്ലായിടത്തും ഉള്ളവനല്ല അഥവാ സർവ്വവ്യാപിയല്ല എന്ന് വല്ലവരും കരുതുകയാണെങ്കിൽ അത് ശരിയല്ല. ആയത്തുൽ കുർസിയെപ്പറ്റി വാഗ്ദത്ത മഹ്ദി മസീഹ്(അ) വിവരിച്ചുതരുന്നത് ഇപ്രകാരമാണ്:

"ദൈവത്തിന്റെ സിംഹാസനത്തെപ്പറ്റി '***വസിഅ കുർസിയുഹുസ്സമാവാത്തി വൽഅർളി വലാ യഊദഹു ഹിഫ്ളു ഹുമാ വഹുവ അലിയുൽ അളീം***' (*2:286*) അതായത് ദൈവത്തിന്റെ സിംഹാസനം ആകാശഭൂമികൾ മുഴുവനും ഉൾപ്പെട്ടുകിടക്കുന്നതാണെന്നും അവൻ അവയെല്ലാം ഉയർത്തിപ്പിടിച്ചിരിക്കുന്നുവെന്നും അത് ഉയർത്തിപ്പിടിച്ചതുകൊണ്ട് അവൻ തളരുന്നില്ലെന്നും അത് അത്യധികമായ ഉയരത്തിലാണെന്നും അതിന്റെ കേന്ദ്രവസ്തുതയിലോളം ഒരു ബുദ്ധിക്കും കടന്നെത്താനാവില്ലെന്നും അത് വളരെയധികം വലുതാണെന്നും അതിന്റെ മഹത്വത്തിന് മുമ്പിൽ സകലവസ്തുക്കളും നിസ്സാരമാണെന്നും അർത്ഥമാകുന്നു. ഇതാണ് സിംഹാസനത്തെക്കുറിച്ചുള്ള വിവരണം. ഇതൊരലങ്കാര വാക്കുമാത്രമാണ്. ആകാശഭൂമികൾ സർവ്വവും ദൈവത്തിന്റെ പ്രഭാവത്തിന്നധീനമാണെന്നും അതിൽനിന്നെല്ലാം അകന്നനിലയിൽ അത്യന്തദവിഷ്ഠമാണ് അവന്റെ സ്ഥാനമെന്നും അവന്റെ ഔന്നത്യം കരകാണാത്തതാണെന്നും ആണ് അതുമുഖേന സൂചിപ്പിക്കാനുദ്ദേശിച്ചിട്ടുള്ളത്."[16]

.... വാഗ്ദത്ത മഹ്ദി മസീഹ്(അ) ഇപ്രകാരം പറ

(13) ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസായിൻ, വാള്യം 23, പേ-97,98. (14) ചശ്മയെ മഅ്രിഫ, റൂഹാനീ ഖസായി, വാള്യം 23, പേ-277. (15) ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസായിൻ, വാള്യം 23, പേ-278; (16) ചശ്മയെ മഅ്രിഫ, പേ-110. അടിക്കുറിപ്പ്.

യുന്നു: അല്ലാഹുവിന്റെ സിഫത്തുകൾ രണ്ടുതരത്തി ലാണ്. ഒന്ന് സത്താപരം. (ദാത്തീ) രണ്ട് അനുബന്ധ പരം (ഇളാഫീ) സത്താപരമായ ഗുണങ്ങൾ അവന്റെ ഏകമാത്രത്വം (വഹ്ദാനിയത്ത്), സർവ്വജ്ഞത്വം (ഇൽമ്), പരിശുദ്ധി (തഖ്ദുസ്) എന്നിവപോലെ സൃഷ്ടി വെളിപ്പെടേണ്ട ആവശ്യമില്ലാതെതന്നെ അവനിൽ സ്ഥിതിചെയ്യുന്ന ഗുണങ്ങളാകുന്നു. അനുബന്ധഗുണ ങ്ങൾ അവന്റെ സൃഷ്ടികർത്രത്വം പരിപാലകത്വം, അനു ഗ്രഹം, പൊറുത്തുകൊടുക്കൽ, ഭാഷണാഭിമുഖീകര ണങ്ങൾ തുടങ്ങിയ ഗുണങ്ങൾപോലെ സൃഷ്ടികളുടെ ഉത്ഭവത്തിനുശേഷം സാക്ഷാൽക്കരിക്കപ്പെടുകയും വെളിപ്പെടുകയും ചെയ്യുന്ന ഗുണങ്ങളാകുന്നു."[17]

ദൈവവും പ്രപഞ്ചവും തമ്മിലുള്ള ബന്ധം ജീവനും ശരീരവും തമ്മിലുള്ള ബന്ധത്തോട് സദൃശ്യമാണ്. ശരീരത്തിൽ ജീവൻ വ്യാപിച്ചുകിടക്കുന്ന ഓരോ അണുവിലും ജീവൻ പ്രതിഭാസിക്കുന്നുവെങ്കിലും ജഡവും ജീവനും വ്യത്യസ്ത സ്വഭാവങ്ങളോടുകൂ ടിയതാണ്. ജീവൻ അല്ലെങ്കിൽ ആത്മാവ് ജഡശരീര ത്തിന് അതീതമായി, തമ്മിൽ കൂടിപ്പിരിഞ്ഞ് കിട ക്കാതെ വേർതിരിഞ്ഞുതന്നെ വ്യാപരിക്കുന്നു. ശരീരം കൊത്തിമുറിച്ച് അതിന്റെ അണുക്കൾ വിച്ഛേദിച്ച് വേർതിരിച്ചാൽ ജീവനെ കണ്ടെത്താമോ? കണ്ടെ ത്താൻ കഴിഞ്ഞില്ലെങ്കിൽ ജീവൻ എന്നൊന്നില്ലെന്ന് സമ്മതിക്കണമെന്നാണോ? ജീവനും ജഡവും തമ്മി ലുള്ള ബന്ധമല്ലാ ബന്ധത്തെക്കാളും സൂക്ഷ്മവും വിവരണാതീതവുമായ ഒരു ബന്ധമാണ് ദൈവവും പ്രപഞ്ചവും തമ്മിൽ അഥവാ സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ളത് എന്നിരിക്കെ ദൈവം സർവ്വവ്യാപിയാ ണെങ്കിൽ ഓരോ പദാർത്ഥസമൂഹത്തിലും ദൈവമു ണ്ടെന്ന് വരില്ലേ എന്ന് ചോദിക്കുന്നതിന് എന്താണർത്ഥം! വാഗ്ദത്ത മഹ്ദി മസീഹ്(അ) ഇപ്രകാരം പറയുന്നു: "യഥാർത്ഥ വസ്തുതയിതാണ്. പരിശുദ്ധനായ ദൈവ ത്തിന് അവന്റെ സൃഷ്ടിജാലങ്ങളും പ്രപഞ്ചസകല ങ്ങളും തമ്മിലുള്ള ബന്ധം ശരീരത്തിന് ജീവനുമാ യുള്ള ബന്ധത്തോട് സദൃശമാണ്. ശരീരത്തിലെ സക ലനാഡികളും ആത്മാവിന്റെ ഇച്ഛകൾക്ക് വിധേയമാ യിരിക്കുന്നു. ആത്മാവ് കുനിയുമ്പോൾ അതും കുനി യുമാറാകുന്നു. ഇതേ ബന്ധമാണ് ദൈവവും അവന്റെ സൃഷ്ടിജാലങ്ങളും തമ്മിലുള്ളത്."[18]

സൂഫികൾ മനുഷ്യശരീരത്തെ 'സൂക്ഷ്മപ്രപഞ്ചം' (Epitome of the World) എന്ന് വിളിച്ചിട്ടുള്ളത് ഈ നില യ്ക്കാണ്.

ശരീരത്തിൽ ആത്മാവ് വ്യാപിച്ചുകിടക്കുന്നു എന്ന് പറയുമ്പോൾ ശരീരത്തെ അംശീകരിച്ചു ജീവനെ തിര യുന്നതുപോലെയാണ് ദൈവം സർവ്വവ്യാപിയാ ണെന്ന് പറയുമ്പോൾ പ്രപഞ്ചത്തിലെ പദാർത്ഥസമൂ ഹങ്ങളേയും സൂക്ഷ്മകണങ്ങളേയും വിഭജിച്ചു നോക്കി ഓരോ സൂക്ഷ്മകണത്തിലും ദൈവമുണ്ടോ എന്ന് തിരഞ്ഞുനോക്കുകയും അവിടെ ദൈവത്തെ കാണാഞ്ഞ് അവനെവിടെയെന്ന് അന്ധാളിക്കുകയും ചെയ്യുന്നത്! ദൈവം സർവ്വവ്യാപിയാണെങ്കിൽ പ്രപ ഞ്ചംതന്നെ ദൈവമാണെന്ന് പറഞ്ഞുകൂടെ എന്ന് കുയുക്തിവാദം പുറപ്പെടുവിക്കുന്നത് ഈ യുക്ത്യാ ഭാസത്തിനു മുന്നിൽ ചിന്തകൻ ചമഞ്ഞുനില്ക്കു ന്നതും പരിഹാസ്യമായിരിക്കുന്നു! പ്രപഞ്ചം തന്നെ ദൈവമാണെന്ന് പറയാമെങ്കിൽ ശരീരം തന്നെയാണ് ജീവൻ എന്നും പറഞ്ഞുകൂടേ?

ദൈവം സർവ്വവ്യാപിയാണെങ്കിൽ അവൻ അവി ടെയുണ്ടോ, ഇവിടെയുണ്ടോ, ചെളിയിലുണ്ടോ, ചെന്താ മരയിലുണ്ടോ, അഗ്നിയിലുണ്ടോ, അമേദ്ധ്യത്തിലുണ്ടോ എന്നൊക്കെ ചോദിക്കുന്നതും ചിന്താപരമായ പാപ്പ രത്തം കൊണ്ടാണ്. അത്തരം ചോദ്യങ്ങൾ അസംബ ന്ധങ്ങളാണ്. ദൈവം സർവ്വശക്തനാണെങ്കിൽ ദൈവ ത്തെപ്പോലൊരു ദൈവത്തെ ദൈവത്തിന് സൃഷ്ടിക്കാ നാവുമോ! ദൈവത്തെ സംഹരിക്കാൻ കഴിയുമോ? എന്നൊക്കെ ചോദിക്കുന്നതും വിഡ്ഢിചോദ്യങ്ങൾ മാത്രമാണ്. ദൈവം എല്ലായിടത്തുമുണ്ടെന്ന് താത്ത്വി കമായി അംഗീകരിച്ചുകഴിഞ്ഞാൽ ഭാവനാപരമായ വിഡ്ഢിചോദ്യങ്ങൾ ബുദ്ധിമാന്മാരിൽനിന്ന് പുറപ്പെടുക യില്ല. അത്തരം ചോദ്യക്കാരുടെ മുമ്പിൽ അവരുടെ 'അപാരജ്ഞാനം' അംഗീകരിച്ചുകൊടുത്തുകൊണ്ട് പിന്മാറുവാനാണ് വിശുദ്ധഖുർആൻ നിർദ്ദേശിച്ചിട്ടു ള്ളത്: "വിവരംകെട്ടവർ വന്നടുക്കുമ്പോൾ അവർ അതായത് സത്യവിശ്വാസികൾ സലാം പറഞ്ഞ് ഒഴി ഞ്ഞുമാറും" എന്ന്! (*25:64*)

ഇസ്‌ലാമിൽ ഇരട്ടദൈവത്തെക്കുറിച്ചുള്ള സങ്കല്പ മില്ല. സൊറോസ്റ്റർ പഠിപ്പിച്ചതല്ലെങ്കിലും മസ്ദയാസി നിസത്തിൽ രണ്ട് ദൈവമുണ്ട്. നല്ലതിനേയും ചീത്ത യേയും നന്മയേയും തിന്മയേയും സുഗന്ധത്തേയും ദുർഗന്ധത്തേയും വെവ്വേറെ സൃഷ്ടിച്ച രണ്ട് ദൈവ ങ്ങൾ- 'അഹൂറമസ്ദ'യും (Ahura Mazda) അങ്ക്റമ ന്യുവും (Angra Manyu) നല്ലതല്ലാത്തതൊന്നും തിന്മ യായിട്ടുള്ളതൊന്നും 'അഹുറമസ്ദ' സൃഷ്ടിച്ചതല്ലെന്ന താണ് സൊറോസ്റ്റർ മതത്തിലെ ദർശനം. ഇസ്‌ലാമിലെ ദൈവം പക്ഷേ, സകലത്തിന്റേയും സ്രഷ്ടാവ് '***ഖാലിക്കു കുല്ലിശയ്യിൻ***' ആണ്. വൈവിധ്യസുന്ദരവും വൈരു ദ്ധ്യബന്ധുരവുമാണ് പ്രപഞ്ചം. ഈ വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളുമെല്ലാം ദൈവികമായ ഒരു ആസൂത്ര ണത്തിന്റെ (Divine Plan)ഭാഗമാകുന്നു. ഈ വൈരു ദ്ധ്യാത്മക പ്രപഞ്ചത്തിൽ അദൃശ്യനായ ദൈവത്തെ കണ്ടെത്തലാണ് മനുഷ്യജീവിതലക്ഷ്യം.

"ഒളിച്ചുവച്ച വൻനിധി
അതിനുതുല്യമിങ്ങഹോ
വസിപ്പു ദൈവമെങ്ങുമേ
ഖനിപ്പവന്നു കണ്ടിടാം"[19].

എന്നിങ്ങനെ അഹ്മദികളുടെ മഹാകവി എച്ച്. ഹുസൈൻ സാഹിബ് പാടിയത് അതാണ്. സകലത്തി ന്റേയും സ്രഷ്ടാവായ ഏകനും ഏകമാത്രനും സർവ്വ വ്യാപിയുമായ അല്ലാഹു തന്നെയാണ് ഏറ്റവും വലി യവൻ! ●

(17) ചശ്മയെ മഅ്രിഫ, പേ-184. (18) തൗസീയെ മറാം- ഹസ്റത്ത് അഹ്മദ്(അ), പേജ്- 73, റൂഹാനീ ഖസായി, വാല്യം 3, ഭാഗം 89. (19) 'സത്യദൂതൻ'- 10-ാം പുസ്തകം.

**അറിയിപ്പ്**

ഇന്റർനെറ്റ് പ്രയോജനപ്പെടുത്തുന്നതിനായി പ്രസിഡന്റുമാരും അമീർമാരും അവരവരുടെ ഈമെയിൽ വിലാസം എത്രയും വേഗം അയച്ചുതരിക. നാസിർ അഅ്‌ലായുടെ ഈമെയിൽ. uliaqadian@yahoo.com

*നാസിർ അഅ്‌ലാ, ഖാദിയാൻ*

**തിരഞ്ഞെടുപ്പ്**

മജ്‌ലിസ് അൻസാറുല്ലായുടെ 2006 ജനുവരി മുതൽ 2007 ഡിസംബർവരെയുള്ള രണ്ടുവർഷത്തേക്ക് സയീമിനെ തിരഞ്ഞെടുത്ത്, ജമാഅത്ത് സദ്ർ/അമീർ റിപ്പോർട്ട് മജ്‌ലിസ് അൻസാറുല്ലാഹ് കേന്ദ്രഓഫീസ്, ഖാദിയാനിലേക്ക് അയക്കുവാൻ താല്പര്യപ്പെടുന്നു.

*സദ്ർ,*
*അഖിലേന്ത്യാ മജ്‌ലിസ് അൻസാറുല്ലാഹ്*

**അഖിലേന്ത്യാ സദ്ർ തിരഞ്ഞെടുപ്പ്**

2005 ജൽസാ സാലാന അവസരത്തിൽ സംഘടിപ്പിക്കുന്ന മജ്‌ലിസെ ശൂറായിൽവെച്ച് ലജ്‌ന ഇമായില്ലായുടെ അഖിലേന്ത്യാ സദ്റിനെ തിരഞ്ഞെടുക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാണ് സദ്റിനെ തിരഞ്ഞെടുക്കുന്നത്. ലജ്‌നാ ഇമായില്ലായുടെ ഓരോ പ്രാദേശിക ഘടകവും തങ്ങളുടെ മജ്‌ലിസുകളിൽ യോഗം ചേർന്ന് പ്രതിനിധികളെ തിരഞ്ഞെടുക്കുക. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയുടെ പേര് വിവരം നവംബർ 25-നുള്ളിൽ കേന്ദ്ര ഓഫീസിൽ അറിയിക്കുക.

*ബുശ്റപാശാ,*
*അഖിലേന്ത്യാ സദ്ർ, ലജ്‌ന ഇമായില്ലാഹ്*

**അംഗീകാരം**

2006 ജനുവരി മുതൽ 2007 ഡിസംബർ 31 വരെയുള്ള 2 വർഷത്തേക്ക് മൗലാനാ മുനീർ അഹ്മദ് സാഹിബ് ഖാദിമിനെ സയ്യിദുനാ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് മജ്‌ലിസ് അൻസാറുല്ലായുടെ അഖിലേന്ത്യാ സദ്റായി അംഗീകരിച്ചിരിക്കുന്നു. ജനാബ് ഖാരി നവാബ് അഹ്മദ് സാഹിബാണ് നായിബ് സദ്ർ സഫ്ഫെ ദോം

*നാസിർ അഅ്‌ലാ*
*സദ്ർ അഞ്ചുമൻ അഹ്മദിയ്യാ, ഖാദിയാൻ*

**മർയം ശാദിഫണ്ട്**

സയ്യിദുനാ ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 2003 ഫിബ്രവരി 28-ന് ചെയ്ത ജുമുഅ ഖുത്ബയിൽ പറഞ്ഞു: "ഈ ഫണ്ടിന് മർയം ശാദിഫണ്ട്' എന്ന് പേരുവെക്കുകയാണ്. ഇതൊരിക്കലും നിലച്ചുപോകുകയില്ലെന്ന് കരുതുന്നു. ദരിദ്രരായ പെൺകുട്ടികളെ എപ്പോഴും അന്തസ്സോടുകൂടി വിവാഹം കഴിച്ചയക്കാൻ ഈ ഫണ്ടിൽനിന്ന് സഹായിക്കുന്നതാണ്."

ഹുസൂറിന്റെ ഈ പദ്ധതിയിൽ ജമാഅത്തിലെ സഹോദരങ്ങൾ കഴിവിനനുസരിച്ച് പങ്കെടുക്കേണ്ടതാണ്. തങ്ങളുടേയോ തങ്ങളുടെ കുട്ടികളുടെയോ വിവാഹങ്ങൾ നടക്കുന്ന അവസരങ്ങളിൽ ഈ ഫണ്ടിലേക്കും സംഭാവന ചെയ്യേണ്ടതാണ്. അർഹരും നിസ്സഹായരും യതീംകളുമായ പെൺകുട്ടികളെ അന്തസ്സോടുകൂടി വിവാഹം ചെയ്തയക്കാൻ ഇത് ഉപകരിക്കുന്നതാണ്. അതുകൊണ്ട് അല്ലാഹുവിന് ശുക്ർ എന്ന നിലയിൽ ഈ ഫണ്ടിൽ അധികമധികമായി പങ്കെടുക്കാൻ ശ്രമിക്കുക. ജസാക്കുമുല്ലാഹ്

**ദുആക്കപേക്ഷ**

നിരപരാധികളും മർദ്ദിതരുമായി പാക്കിസ്ഥാനിലെ ഇരുമ്പഴിക്കുള്ളിൽ കഴിയുന്ന അഹ്മദീസഹോദരങ്ങളുടെ മോചനത്തിനായി എല്ലാ സഹോദരങ്ങളും ഹൃദയംനൊന്ത് പ്രാർത്ഥിക്കാൻ അപേക്ഷിക്കുന്നു. അല്ലാഹു അവരെ എത്രയും വേഗം ആദരവോടും, മാന്യതയോടുംകൂടി മോചിപ്പിക്കുമാറാകട്ടെ. ***അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹീം വ നഊദുബിക്ക മിൻ ശുറൂരിഹിം.***

**ഹോമിയോ ഡോക്ടർമാർ ശ്രദ്ധിക്കുക**

ഈ വർഷം ജൽസാ സാലാനയിൽ സയ്യിദുനാ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുകൊണ്ട് ഇന്ത്യയിൽനിന്നും വിദേശത്തുനിന്നും പതിനായിരക്കണക്കിന് അതിഥികൾ വന്നെത്തുമെന്ന് കരുതുന്നു. ഈയവസരത്തിൽ സേവനം ചെയ്യാൻ ആഗ്രഹിക്കുന്ന ഡോക്ടർമാർ അവരുടെ പേരുവിവരം അറിയിക്കാൻ അഭ്യർത്ഥിക്കുന്നു.

*ഡോക്ടർ സയ്യിദ് സഊദഹ്മദ്,*
*ഇൻചാർജ് ഹോമിയോ ഡിസ്പൻസറി,*
*ഖാദിയാൻ*

---

*പേജ് 38-ൽനിന്ന്*

(1) മരണപ്പെട്ട വ്യക്തി പ്രധാനപ്പെട്ട ആളായിരിക്കണം. കേന്ദ്രത്തിൽനിന്ന് ജനാസാ ഗായിബ് നിസ്കരിക്കാൻ നിർദ്ദേശമുണ്ടാകണം.

(2) മരണപ്പെട്ട വ്യക്തിയുടെ സ്ഥലത്ത് ജനാസ നിസ്കരിക്കാൻ ആരുമില്ലാതിരിക്കുകയോ അല്ലെങ്കിൽ എന്തെങ്കിലും കാരണത്താൽ ജനാസ നിസ്കരിച്ചവർ എണ്ണത്തിൽ കുറഞ്ഞുപോകുകയോ ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശജമാഅത്ത് ഐകകണ്ഠ്യേന ജനാസ ഗായിബ് നിസ്കരിക്കാൻ തീരുമാനിക്കുകയോ ചെയ്യണം.

(3) കാലത്തിന്റെ ഇമാം എന്തെങ്കിലും പ്രത്യേക കാരണത്താൽ ഏതെങ്കിലും പരേതന്റെ ജനാസ ഗായിബ് നിസ്കരിക്കേണ്ടത് ഉചിതമായി കരുതുകയോ അല്ലെങ്കിൽ അതിന് നിർദ്ദേശം നല്കുകയോ വേണം. (*ഫിഖഃ അഹ്മദിയ്യാ, പേജ്- 251*)

●

**സത്യമിത്രത്തെക്കുറിച്ചുള്ള നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ ഞങ്ങളെ എഴുതിയറിയിക്കുക.**

**വരിസംഖ്യ അടച്ചുതീർക്കാനുള്ളവർ എത്രയും വേഗം അടച്ചുതീർക്കുക.**

*മാനേജർ, സത്യമിത്രം*

# ജനാസാ ഗായിബ് (മയ്യിത്ത് മുന്നിലില്ലാതെ) നിസ്കാരം

**ഏ**തെങ്കിലും ആരാധന അനുഷ്ഠിക്കാൻ ശരീഅത്ത്പരമായ പ്രമാണത്തിന്റെ ഒന്നിലധികം രേഖകൾ നിർബന്ധമില്ല. മതവും ആരാധനയുമായി ബന്ധപ്പെട്ട എന്തെങ്കിലും പ്രവൃത്തി നബി(സ) തിരുമേനി ഒരിക്കലെങ്കിലും ചെയ്തിട്ടുണ്ടെന്ന് സ്ഥാപിതമാകുകയും കാലത്തിന്റെ ഇമാം ആ പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ മതപരമായ ആ പ്രവർത്തിയെ നടപ്പിൽ വരുത്തുകയും അത് ഇടമുറിയാതെ കൃത്യമായി മുന്നോട്ടു കൊണ്ടുപോകുകയും ചെയ്താൽ ആ കർമ്മരീതി ശരീഅത്തുപരമായ നിയമവും കർമ്മപരമായ ചട്ടവും അനുസരിച്ചുതന്നെയായിരിക്കും.

ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ജനാസാ നിസ്കാരം ഗായിബ് നിസ്കരിക്കുന്നതിൽ വിശ്വസിക്കുന്നവരാണ്. നബി (സ) തിരുമേനി ഹബ്ശയിലെ രാജാവായിരുന്ന നജ്ജാശിക്കുവേണ്ടി (അദ്ദേഹം മുസ്ലിമായിരുന്നു) ജനാസ ഗായിബ് നിസ്കരിച്ചതായി തെളിവുകളുണ്ട്. നജ്ജാശയുടെ മയ്യിത്ത് പൊതുനിയമമനുസരിച്ച് ബാഹ്യമായ നിലയിൽ നബി(സ)തിരുമേനിയുടെ മുന്നിൽ ഉണ്ടായിരുന്നില്ല. മുസ്നദ് അഹ്മദിന്റെ നിവേദനം

نَعَى رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ النَّجَاشِيَّ لِأَصْحَابِهِ ثُمَّ قَالَ اسْتَغْفِرُوْا لَهُ ثُمَّ خَرَجَ بِأَصْحَابِهِ الْمُصَلَّى ثُمَّ قَامَ فَصَلَّى بِهِمْ كَمَا يُصَلَّى عَلَى الْجَنَازَةِ - ١

നബി (സ)തിരുമേനി നജ്ജാശി മരിച്ചവിവരം തന്റെ സഹാബത്തിനോട് പറഞ്ഞു. അദ്ദേഹത്തിന്റെ പാപപ്പൊറുതിക്കായി ദുആ ഇരക്കാനും ആവശ്യപ്പെട്ടു. പിന്നീട് അവിടന്ന് തന്റെ സഹാബത്തിനോടൊപ്പം മയ്യിത്ത് നിസ്കരിക്കുന്ന സ്ഥലത്തെത്തി. അതിനുശേഷം (മയ്യിത്ത് മുന്നിൽവെച്ച് ജനാസ നിസ്കരിക്കുന്നതുപോലെ) അവിടന്ന് നിസ്കരിച്ചു.

തിർമിദിയും ഈ വിഷയം നിവേദനം ചെയ്തിട്ടുണ്ട്. അദ്ദേഹം എഴുതുന്നു:

عَنْ عِمْرَانَ بْنِ حُصَيْنٍ قَالَ قَالَ لَنَا رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ إِنَّ أَخَاكُمُ النَّجَاشِي قَدْ مَاتَ فَقُوْمُوْا فَصَلُّوا عَلَيْهِ - ٢

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു

عَنْ سَعِيْدِ بْنِ الْمُسَيَّبِ أَنَّ أُمَّ سَعْدٍ مَاتَتْ وَالنَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ غَائِبٌ فَلَمَّا قَدِمَ صَلَّى عَلَيْهَا وَقَدْ مَضَى لِذَالِكَ شَهْرًا - ٣

ഉമ്മുസഅ്ദ് മരണപ്പെട്ടു. നബി (സ) തിരുമേനി സ്ഥലത്തില്ലായിരുന്നു. ഒരുമാസം കഴിഞ്ഞ് നബി(സ) തിരുമേനി മടങ്ങിവന്നു. അവിടന്ന് മരണവിവരം അറിഞ്ഞപ്പോൾ അവരുടെ ജനാസ നിസ്കരിപ്പിച്ചു. (*തിർമിദി, ബാബുസ്സ്വലാത്ത്*)

ഹദീസുകളുടെ സമാഹാരമായ കശ്ഫുൽ ഗുമ്മ എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ പറയുന്നു:

كَانَ صَلَّى اللهُ عَلَيْهِ وَسَلَّمَ يُصَلِّي عَلَى الْغَائِبِ عَنِ الْبَلَدِ - ٤

മദീനയിൽ നിന്ന് ദൂരത്തുള്ള സ്ഥലത്ത് മരണപ്പെട്ട വ്യക്തിയുടെ ജനാസയും നബി(സ) നിസ്കരിച്ചിരുന്നു.

ഈ വിഷയം സിഹാഹുസ്സിത്തയിലെ ഹദീസുകളിൽ ധാരാളമായിട്ട് പ്രതിപാദിച്ചുകാണാം. ഇതിന്റെ അടിസ്ഥാനത്തിൽ ***നയിലുൽ അവ്ത്വാർ*** എന്ന ഗ്രന്ഥത്തിന്റെ കർത്താവ് എഴുതുന്നു

بِذَالِكَ قَالَ الشَّافِعِيُّ وَأَحْمَدُ وَجُمْهُوْرُ السَّلَفِ حَتَّى قَالَ ابْنُ حَزْمٍ لَمْ يَأْتِ عَنْ أَحَدٍ مِنَ الصَّحَابَةِ مَنْعُهُ - قَالَ الشَّافِعِيُّ الصَّلٰوةُ عَلَى الْمَيِّتِ دُعَاءٌ لَهُ فَكَيْفَ لَا يُدْعَى لَهُ وَهِيَ غَائِبٌ أَوْ فِي الْقَبْرِ - ٥

വിശ്വപ്രസിദ്ധ കർമ്മശാസ്ത്ര പണ്ഡിതരായ ഹസ്റത്ത് ഇമാം ശാഫി (റഹ്)യും ഹസ്റത്ത് ഇമാം അഹ്മദ്ബിൻ ഹമ്പലും(റഹ്) കഴിഞ്ഞുകടന്ന മിക്ക മഹാത്മാക്കളും ജനാസ ഗായിബ് നിസ്കാരം അംഗീകരിക്കുന്നവരായിരുന്നു. ഹദീസുപണ്ഡിതനായ ഇബ്നു ഹസം പറയുന്നു: ഏതെങ്കിലും ഒരു സഹാബി ജനാസ ഗായിബ് നിസ്കാരം വിലക്കിയതായിട്ട് കാണുന്നില്ല. ഇമാം ശാഫി(റഹ്) പറയാറുണ്ടായിരുന്നു. "ജനാസ നിസ്കാരം ഒരു ദുആയാണ്. അപ്പോൾ മുന്നിലില്ലാത്ത മയ്യിത്തിനുവേണ്ടി എന്തുകൊണ്ട് ഈ ദുആ അനുവദനീയമാകുന്നില്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ജനാസ നിസ്കാരത്തിൽ പങ്കെടുക്കാൻ സാധിക്കാതെ വന്നാൽ സ്വന്തം നിലയിൽ ദുആ ചെയ്യുകയോ ജനാസ ഗായിബ് നിസ്കരിക്കുകയോ ചെയ്യുക." (*ബദ്ർ, 1907, മെയ് 19*)

ഇക്കാര്യത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പൊതുവെയുള്ള അംഗീകൃതപ്രവർത്തനരീതി താഴെ പറയുംവിധമാണ്.

*37-ാം പേജിൽ*

## മേഖല അമീറിന്റെ പ്രവർത്തനം

അഹ്മദിയ്യാ ജമാഅത്ത് ജർമ്മനിയുടെ ദേശീയ മജ്ലിസെ ആമിലയോടൊപ്പം ഹുസൂറിന്റെ മീറ്റിംഗ് 12.15 -ന് തുടങ്ങി. ഹുസൂർ അയ്യദഹുല്ലാഹ് ദുആയ്ക്ക് നേതൃത്വം നല്കി. ജമാഅത്തുകളിൽനിന്നും ലഭിക്കുന്ന മാസന്തോറുമുള്ള റിപ്പോർട്ടുകളെ സംബന്ധിച്ച് ഹുസൂർ ജനറൽ സെക്രട്ടറിയോടു ചോദിച്ചു. അപ്പോൾ ജനറൽ സെക്രട്ടറി പറഞ്ഞു: മേഖല അമീർമാർ അവരവരുടെ മേഖലയിലെ ജമാഅത്തുകളുടെ റിപ്പോർട്ടുകൾ ശേഖരിച്ച് അയക്കാറുണ്ട്.

ഇതുകേട്ടപ്പോൾ ഹുസൂർ പറഞ്ഞു: റിപ്പോർട്ടുകൾ ശേഖരിക്കുകയല്ല മേഖലാ അമീർമാരുടെ ജോലി. അവരുടെ ജോലി ജമാഅത്തിനെ സജീവ (active) മാക്കുക എന്നതാണ്. മേഖലാ അമീർമാർ ദേശീയ അമീറിന്റെ പ്രതിനിധിയെന്ന നിലയിലുള്ള മേൽനോട്ടക്കാരാണ്. ദേശീയഅമീറിന്റേയും ജമാഅത്തുകളുടേയുമിടയിലുള്ള (റിപ്പോർട്ട്) ബന്ധമല്ല.

ഹുസൂർ നിർദ്ദേശം നല്കി: ദേശീയ മജ്ലിസെ ആമില ഈരണ്ടുമാസം കൂടുമ്പോൾ തങ്ങളുടെ മീറ്റിംഗിൽ നിസ്കാരങ്ങളുടെ നിലവിലുള്ള സ്ഥിതി വിശകലനം ചെയ്യുക. അജണ്ടയിൽ പ്രത്യേകമായ നിലയിൽ അതുൾക്കൊള്ളിക്കുക. പ്രാദേശികതലത്തിലും എല്ലാ ജമാഅത്തുകളിലും മജ്ലിസെ ആമിലകൾ നിസ്കാരത്തെക്കുറിച്ച് ആലോചിക്കുക. ശരിയായനിലയിലുള്ള ഫലം കാണുന്നില്ലെങ്കിൽ, എന്താണ് അതിനുള്ള കാരണങ്ങളെന്ന് അന്വേഷിക്കുക. നിസ്കാരമനുഷ്ഠിക്കാതിരിക്കുന്ന പ്രവണത ഏതുവിഭാഗമാളുകളിലാണെന്ന് നോക്കുക. ഇന്നയാൾ ഇമാമായതുകൊണ്ട് നിസ്കരിക്കാതിരിക്കാൻ കാരണമാകാറുണ്ട്. അതാണ് കാരണമെങ്കിൽ മുറബ്ബിമാർ അതിലേക്ക് പെട്ടെന്ന് ശ്രദ്ധിക്കേണ്ടതാണ്; ഉടനെ പരിഹരിക്കേണ്ടതാണ്.

ഹുസൂർ പറഞ്ഞു: ഏതേതെല്ലാം സെന്ററുകളിലാണ് നിസ്കാരങ്ങളിൽ പോരായ്മയുള്ളതെന്നും, അല്ലെങ്കിൽ മുമ്പേ പള്ളിയിൽ വന്നിരുന്നവർ ഇപ്പോൾ എന്തുകൊണ്ട് വരുന്നില്ലായെന്നും ആലോചിക്കേണ്ടതാണ്. അവരുടെ കുട്ടികൾ പള്ളിയിൽ വരാത്തതിന്റെ കാരണമെന്താണ്? എന്നിട്ട് അതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കണം. ആദ്യത്തെ പരിഹാരനടപടികൾ വിജയിക്കുന്നില്ലെങ്കിൽ എങ്ങനെ പരിഹരിക്കാമെന്ന് വീണ്ടും ആലോചിക്കുക.

തുടർന്ന് ഹുസൂർ പറഞ്ഞു: മേഖല അമീറിന്റെ പ്രവൃത്തി, ദേശീയ അമീർ എന്തെങ്കിലും അദ്ദേഹത്തോടു പറഞ്ഞാൽ അതനുസരിച്ച് പ്രവർത്തിക്കുകയും എന്തെങ്കിലും കാര്യം കണ്ടാൽ അറിയിക്കുകയും ചെയ്യുക എന്നതാണ്.

## ലജ്ന അംഗങ്ങളെ ക്ഷണിക്കാം

ഹുസൂർ അൻവർ നിർദ്ദേശം നല്കിക്കൊണ്ടു പറഞ്ഞു: ജമാഅത്തിന്റെ ഓരോമാസവും നടക്കുന്ന മീറ്റിംഗുകളിൽ ലജ്ന അംഗങ്ങൾ പങ്കെടുക്കേണ്ടത് നിർബന്ധമല്ല. അവർ അവരുടെ മാസമീറ്റിംഗുകൾ നടത്താറുണ്ട്. പ്രത്യേകമായ അവസരങ്ങളിൽ, അതായത് വാർഷിക സമ്മേളനം, യൗമെ മസീഹ് മൗഊദ്, യൗമെ മുസ്ലിഹ് മൗഊദ്, യൗമെ ഖിലാഫത്ത് സീറത്തുനബി യോഗം തുടങ്ങിയവയിൽ ലജ്ന അംഗങ്ങളും പങ്കെടുക്കണം. ഇതുകൂടാതെ പ്രത്യേകമായ മറ്റേതെങ്കിലും അവസരം ഉണ്ടാകുകയാണെങ്കിൽ, കേന്ദ്രപ്രതിനിധികളോ, ദേശീയ അമീറോ, അല്ലെങ്കിൽ മുബല്ലിഗ് ഇൻചാർജോ വരികയാണെങ്കിൽ ലജ്നാ അംഗങ്ങളെ മീറ്റിംഗുകളിലേക്ക് ക്ഷണിക്കാവുന്നതാണ്.

## ചന്ദആം

ഹുസൂർ അൻവർ അയ്യദഹുല്ലാഹ്, ബജ്റ്റിൽ വന്നിരിക്കുന്ന കുറവ് പരിഹരിക്കാൻ സെക്രട്ടറി മാലിനോട് നിർദ്ദേശിച്ചു. ചന്ദആം നിർബന്ധചന്ദയാണ്. അത് നൂറുശതമാനവും പിരിച്ചെടുക്കേണ്ടതാണ്. ചന്ദആം പൂർണ്ണതോതോടുകൂടി പിരിച്ചെടുക്കുക. കൂടുതൽ തുക വന്നാൽ പള്ളിനിർമ്മാണഫണ്ടിൽ ചേർക്കുക. നൂറു പള്ളിനിർമ്മിക്കുന്നതിനുള്ള ചെലവിലേക്കായി വിഹിതം വാങ്ങാൻ പാടില്ലെന്ന് ഒരിടത്തും എഴുതീട്ടില്ല. ജർമ്മനിഅമീർസാഹിബിനോടു പറഞ്ഞു: നൂറുപള്ളി നിർമ്മിക്കുന്നതിനുള്ള ചന്ദകൾ പിരിച്ചെടുക്കുന്നതിന് പോഷക സംഘടനകളുടെ കമ്മിറ്റികൾ രൂപീകരിക്കുക. എല്ലാ സദ്ർമാരും കമ്മിറ്റിയിലെ അംഗങ്ങളായിരിക്കണം. പോഷകസംഘടനകൾ പള്ളിനിർമ്മാണത്തിനുള്ള ചന്ദകൾ വസൂൽ ചെയ്യുമ്പോൾ, ചന്ദആം കൊടുത്തിട്ടുണ്ടോ എന്ന് അൻസാറിനോടും ഖുദ്ദാമിനോടും ചോദിക്കുക. ചന്ദആമിൽ കുടിശ്ശികയുണ്ടെങ്കിൽ ഖുദ്ദാം-അൻസാറുകൾക്ക് അവരുടെ കുടിശ്ശിക പറയാൻ കഴിയും. പള്ളിനിർമ്മാണത്തിന് നല്കുന്ന ചന്ദയ്ക്ക് രസീതു മുറിക്കുമ്പോൾ ചന്ദആം കുടിശ്ശികയുണ്ടെങ്കിൽ പള്ളിനിർമ്മാണത്തിനുള്ള ചന്ദ, ചന്ദആമിൽ ഉൾപ്പെടുത്തണോ എന്ന് രസീതിൽ രേഖപ്പെടുത്തുക.

ചന്ദആം തോതനുസരിച്ച് കൊടുക്കുന്നില്ലെങ്കിൽ അവരിൽനിന്ന് ഒരു പദ്ധതിയിലേക്കും ചന്ദ വാങ്ങരുത്.

ഹുസൂർ നാഷണൽ സെക്രട്ടറിമാലിനോടു പറഞ്ഞു: പള്ളിനിർമ്മാണ ഫണ്ടിലേക്കുള്ള ചന്ദ പിരിവ് ചന്ദആമിനെ ബാധിക്കുകയാണെങ്കിൽ, താങ്കളുടെ സെക്രട്ടറിമാർ ഉടനെ താങ്കളെ അതറിയിക്കുംവിധം താങ്കൾ അവരെ സജീവമാക്കിയെടുക്കേണ്ടതാണ്. പള്ളിക്കുവേണ്ടി ചന്ദ കൊടുക്കുകയാണെന്ന് ആളുകൾ പറഞ്ഞാൽ താങ്കൾ അമീർ സാഹിബുമായി ആലോചിച്ചതിനുശേഷം അത്തരക്കാരുടെ ചന്ദ പള്ളി നിർമ്മാണ ഫണ്ടിലോ, ചന്ദആമിലോ ചേർക്കുക. ചന്ദആമിൽ കുറവുവന്നാൽ അത് മാൽ സെക്രട്ടറിമാരുടെ വീഴ്ചയാണ്. തഖ്‌വയെ മുന്നിൽകണ്ടുകൊണ്ട് ആഴത്തിൽച്ചെന്ന് കാര്യങ്ങൾ നോക്കുക. മാൽസെക്രട്ടറിമാർ തങ്ങളുടെ വ്യവസ്ഥിതിയെ സജീവമാക്കുകയാണെങ്കിൽ ഈ വീഴ്ച ഉണ്ടാകുകയില്ല.

*2005 സപ്തംബർ 4. ബദ്ർ, ശുമാരനമ്പർ 46,പേ-16*

**മേഖല തർബിയ്യത്ത് യോഗം**

മജ്‌ലിസ് അൻസാറുല്ലാഹ് കണ്ണൂർ മേഖലയുടെ നേതൃത്വത്തിൽ 3.12.05 ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് മേഖലയിലെ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് തർബിയ്യത്ത് യോഗം സംഘടിപ്പിച്ചു. മേഖലാ അമീർ ജനാബ് എൻ. കുഞ്ഞഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്നയോഗം മൗലവി കെ.വൈ. ശംസുദ്ദീൻ സാഹിബി(മട്ടന്നൂർ)ന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. മൗലവി ശഫീഖ് അഹ്മദ് സാഹിബ് (കണ്ണൂർ സിറ്റി) ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖസീദയിലെ ഏതാനും വരികൾ ആലപിച്ചു. കണ്ണൂർ ടൗൺ ജമാഅത്ത് പ്രസിഡന്റ് ജനാബ് ബി അബ്ദുസ്സലാം സാഹിബ് ആശംസകൾ നേർന്നു. ***മൗലവി മുഹമ്മദ് ഇസ്മായീൽ എച്ച്.എ, മൗലവി കെ. മഹ്മൂദ് എച്ച്.എ (കോയമ്പത്തൂർ)*** എന്നിവർ യഥാക്രമം ഹസ്റത്ത് അഹ്മദ്(അ)ന് നബി (സ) 'തിരുമേനിയോടുള്ള സ്നേഹം', 'ഖിലാഫത്ത് വ്യവസ്ഥിതിയും അനുസരണവും' എന്നീ വിഷയത്തെ അധികരിച്ച് സംസാരിച്ചു. നിശാദ് അസീസ് ഉർദു പദ്യം ആലപിച്ചു. കണ്ണൂർ ടൗൺ മജ്‌ലിസ് അൻസാറുല്ലാഹ് സഈം അബ്ദുൽ അസീസ് സാഹിബ് സ്വാഗതം പറഞ്ഞു. മേഖലയിലെ സ്ത്രീകളും യുവാക്കളും കുട്ടികളുമടക്കം മുന്നൂറിലേറെ പേർ പങ്കെടുത്തു. മൗലവി മുഹമ്മദ് ശരീഫ് എച്ച്.എ (കടലായി) മൗലവി ടി.എം. മുഹമ്മദ് എച്ച്.എ. (പഴയങ്ങാടി) മൗലവി അബ്ദുസ്സലാം(കൂടാളി) തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**സൂബായി അമീർ**

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹു) മുകർറം മുഹമ്മദ് ശരീഫ് ആലം സാഹിബിനെ ബീഹാർ സംസ്ഥാന അമീറായും മുകർറം മുഹമ്മദ് ശഫീഉല്ലാഹ് സാഹിബിനെ കർണാടക സംസ്ഥാന അമീറായും നിയമിച്ചിരിക്കുന്നു. 2005 മെയ് മുതൽ 2008 ജൂൺവരെയാണ് ഇവരുടെ കാലാവധി. അല്ലാഹു ഇവരെ അനുഗ്രഹിക്കുമാറാകട്ടെ. കൂടുതൽ കൂടുതൽ ദീനിന് സേവനം ചെയ്യാൻ ഇവർക്ക് തൗഫീഖ് നല്കുമാറാകട്ടെ.

(*നാസിർ അഅ്‌ലാ*)

# ഖാദിയാൻ വാർഷിക സമ്മേളനം
# 2005 ഡിസംബർ 26,27,28 തിയ്യതികളിൽ

## ജൽസയിൽ പങ്കെടുക്കുന്നവർ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക

- ജൽസയിൽ ഈ വർഷം അറുപതിനായിരത്തിലധികമാളുകൾ പങ്കെടുക്കുമെന്നാണ് കരുതുന്നത്. അതുകൊണ്ട് ഓരോരുത്തരും അവർക്ക് ആവശ്യമുള്ള ചൂടുവസ്ത്രങ്ങളും പുതപ്പും കൊണ്ടുവരേണ്ടതാണ്.
- പ്രതിനിധികൾക്ക് താമസിക്കാൻ ഖാദിയാനിലെ പരിമിതമായ കെട്ടിടങ്ങൾ മതിയാകാത്തതിനാൽ സമീപത്തുള്ള കോളേജുകളും സ്കൂളുകളും ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. എങ്കിലും പകുതിയിലേറെപ്പേരും ടെന്റുകളിൽ താമസിക്കേണ്ടിവരും. കുടുംബസമേതം വരുന്നവർക്ക് താമസിക്കാൻ പ്രത്യേക മുറികൾ അനുവദിക്കാൻ പറ്റുകയില്ല.
- ഖലീഫത്തുൽ മസീഹിനെ മുലാഖാത്ത് ചെയ്യണമെന്നാഗ്രഹിക്കുന്നവർ സോണൽ അമീർ മുഖേന മുൻകൂട്ടി പേര് നൽകേണ്ടതാണ്. ഗ്രൂപ്പുകളായാണ് കൂടിക്കാഴ്ച അനുവദിക്കുക. വ്യക്തിഗത കൂടിക്കാഴ്ച അനുവദിക്കുന്നതല്ല. മുമ്പ് കൂടിക്കാഴ്ച നടത്താത്ത വാഖ്ഫീനെനൗസിന്ദഗിമാർക്ക് മാത്രമെ വ്യക്തിഗത കൂടിക്കാഴ്ചക്ക് അവസരമുണ്ടാകൂ. വൈക്കോലും പായയും വിരിച്ച മൈതാനത്താണ് ജൽസ നടക്കുന്നത്. ജൽസാഗാഹിൽ നിലത്തിരിക്കാൻ ബുദ്ധിമുട്ടുള്ളവർക്കും ഉയർന്നഭാരവാഹികൾക്കും മാത്രമേ കസേരകൾ അനുവദിക്കൂ. കസേരയിൽ ഇരിക്കേണ്ടവർ മുൻകൂട്ടി നാസിർ ഇസ്‌ലാഹോ ഇർശാദിന് അമീർ/ പ്രസിഡന്റ് മുഖേന വിവരം അറിയിക്കണം.
- സമ്മേളനത്തിൽ പങ്കെടുക്കുന്ന സ്ത്രീകളുടെ പേരുവിവരങ്ങൾ ലജ്ന ഇമാഇല്ലാഹ് അഖിലേന്ത്യാ സദ്റിന് ഉടൻതന്നെ ഓരോ ലജ്ന പ്രിസഡന്റും അയച്ചുകൊടുക്കേണ്ടതാണ്.
- ജൽസയിൽ ഉണ്ടായേക്കാവുന്ന എല്ലാവിധ പ്രയാസങ്ങളിലും ബുദ്ധിമുട്ടുകളിലും പരിപൂർണ്ണമായും സഹകരിക്കണമെന്നും ജൽസയുടെ വിജയത്തിന് വേണ്ടി ദുആ ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു.

*നാസിർഅഅ്‌ലാ*

NB: കേരളത്തിൽനിന്നുവരുന്ന ലജ്ന ഇമായില്ലാഹ് പ്രതിനിധികൾക്ക് സറായെ താഹിർ ബിൽഡിംഗിലും പുരുഷന്മാർക്ക് നൂർഹോസ്പിറ്റൽ ബിൽഡിംഗിലുമാണ് താമസസൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് ഓഫീസർ ജൽസാസാലാന അറിയിക്കുന്നു.

## 2004–05 വർഷങ്ങളിൽ 'ബദ്ർ' പത്രത്തിൽ പ്രസിദ്ധീകരിച്ച കേരളത്തിൽനിന്ന് വസിയ്യത്ത് ചെയ്തവരുടെ പേരും പിതാവിന്റെ പേരും സ്ഥലവും വസിയ്യത്ത് ചെയ്ത തിയ്യതിയും ബദ്ർ പത്രത്തിന്റെ ലക്കനമ്പറും താഴെ ചേർക്കുന്നു

| | | | | |
|---|---|---|---|---|
| 15722 | ശമീറ അശ്റഫ് | w/o കെ.എ. അശ്റഫ് | പള്ളുരുത്തി | 23.2.05 |
| 15723 | കെ.വൈ. ശംസുദ്ദീൻ | s/o കെ.എം. യൂസുഫ് | കാവശ്ശേരി | 1.4.05 |
| 15725 | പി.കെ. അബ്ദുൽമജീദ് | s/o റമസാൻ | കടലായി | 1.4.05 |
| 15726 | സി.വി. അബ്ദുറഹീം | s/o മാമുക്കോയ | കടലായി | 1.4.05 |
| 15727 | വി.പി. നഫീസ | w/o കെ. മുഹമ്മദ് ശരീഫ് | കടലായി | 1.4.05 (40,41) |
| 15728 | സി.വി. മുബശ്ശിറ | w/o എസ്. അക്ബർ | കോഴിക്കോട് | 20.3.05 |
| 15729 | എസ്. അക്ബർ | s/o എൻ.എ. ശാഹുൽഹമീദ് | കോഴിക്കോട് | 20.3.05 |
| 15730 | ടി.മുഹമ്മദ് ഉപ്പായി | s/o ടി. മുഹമ്മദ് | മുറിയക്കണ്ണി | 24.3.05 |
| 15731 | കെ.മറിയം | w/o എം.കെ. ഹൈദർ(മർഹൂം) | മണ്ണാറക്കാട് | 4.4.05 |
| 15732 | ടി.എം. സക്കീന | w/o ടി. കുഞ്ഞീത് | മുറിയക്കണ്ണി | 31.1.05 |
| 15733 | ടി. കുഞ്ഞീത് മാസ്റ്റർ | s/o ടി. കോയണ്ണി | മുറിയക്കണ്ണി | 31.1.05 |
| 15736 | വൈ. ഫാത്തിമ | w/o സി.കെ. ബശീർ | വാണിയമ്പലം | 9.4.05 |
| 15737 | സി.കെ. ഫാത്തിമ | w/o എം.കെ. ബശീർ | വാണിയമ്പലം | 1.4.05 (42) |
| 15739 | പി.എം. മുഹമ്മദ് റശീദ് | s/o പി. മുഹമ്മദ് | ചേലക്കര | 29.7.01 |
| 15742 | എം. ശറീന | w/o ശഹൻവാസ് | വാണിയമ്പലം | 2.4.05 |
| 15743 | സി.കെ.എം.അബ്ദുൽഗഫൂർ | s/o സി.കെ. അലവി | വാണിയമ്പലം | 2.4.05 |
| 15744 | എം. മുബാറക്ക | w/o സി.കെ.എം.അബ്ദുൽഗഫൂർ | വാണിയമ്പലം | 2.4.05 |
| 15745 | എം.കെ. സൈനബ് | w/o സി.കെ. മുഹമ്മദ് സഫറുല്ല | വാണിയമ്പലം | 2.4.05 (43) |
| 15754 | സി.എച്ച്. നഗീന | w/o മുസഫ്ഫർ അഹ്മദ് | കണ്ണൂർസിറ്റി | 27.1.05 |
| 15755 | ടി. സഫിയാബി | w/o വി.കെ. മഹ്മൂദ് ഹാജി | കണ്ണൂർസിറ്റി | 31.3.05 |
| 15756 | ടി. ബശീർ അഹ്മദ് | s/o കെ.കെ. കുഞ്ഞുമാലി | കണ്ണൂർസിറ്റി | 12.3.05 |
| 15758 | സി. നഫീസ | w/o സി. അബ്ദു സാഹിബ് | അലനെല്ലൂർ | 3.4.05 |
| 15759 | പി.കെ. അഹ്മദ് കുട്ടി | s/o മുഹമ്മദ് മുസ്ലിയാർ | അലനെല്ലൂർ | 7.4.05 (45) |
| 15761 | വി.കെ. മുനീർ | s/o വി.കെ. ഹസൻ | കരുളായി | 1.8.04 |
| 15762 | കെ.ടി. ഹംസ | s/o വി. മുഹമ്മദ് | ചാവക്കാട് | 29.12.04 |
| 15748 | സി.ജി. ശരീഫ് | s/o സി.പി. കുഞ്ഞിക്കോയ | കവറത്തി | 1.3.05 |
| 15749 | സി. ഖയ്റുന്നിസ | w/o സി.ജി. ശരീഫ് | കവറത്തി | 1.3.05 (46) |

(ബദ്ർ പത്രത്തിന്റെ ലക്കം നമ്പറാണ് അവസാനം കൊടുത്തിരിക്കുന്നത്. വസിയ്യത്ത് അംഗീകരിക്കുന്നതിനു മുമ്പേ ഇത് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നത് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അത് കേന്ദ്രത്തിൽ അറിയിച്ച് തിരുത്താൻ വേണ്ടിയാണ്. അതിനാൽ വസിയ്യത്ത് ചെയ്ത മൂസിമാർ തങ്ങളുടെ വസിയ്യത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ബദ്ർ പത്രം നോക്കി തങ്ങൾ എഴുതിക്കൊടുത്ത രേഖകൾ ശരിയാണോ എന്ന് പരിശോധിക്കുക. എന്തെങ്കിലും നീക്കാനോ ചേർക്കാനോ ഉണ്ടെങ്കിൽ സെക്രട്ടറി ബിഹിശ്തി മഖ്ബറയെ അറിയിക്കുക.)

### വസിയ്യത്ത് ചെയ്തവർ ശ്രദ്ധിക്കുക

വസിയ്യത്ത് ഫോറത്തിൽ നിങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സ്വത്ത് വിവര കണക്കുകൾ ബദ്ർ പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബദ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ ആ വിവരം കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. നിങ്ങൾ എഴുതി രേഖപ്പെടുത്തിയിട്ടുള്ള സ്വത്തിന്റെ വില സാധുവാകുന്നത് കേന്ദ്രം അംഗീകരിക്കുമ്പോഴാണ്. അതിനായി സ്വത്തിന്റെ വില നിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് *സെക്രട്ടറി ബിഹിശ്തി മഖ്ബറ, ഖാദിയാൻ* എന്ന വിലാസത്തിൽ പ്രത്യേകം അപേക്ഷ നല്കേണ്ടതാണ്. നിങ്ങളുടെ അപേക്ഷ കിട്ടിക്കഴിഞ്ഞാൽ നിങ്ങളുടെ ജമാഅത്തിലെ പ്രസിഡന്റിനെ അതിനായി കേന്ദ്രം നിയോഗിക്കും. അവർ സാക്ഷ്യപ്പെടുത്തുന്ന തുകയായിരിക്കും നിങ്ങൾ കൊടുക്കേണ്ടിവരിക. ഇപ്പോൾതന്നെ ഈ നടപടി സ്വീകരിച്ചാൽ പല ബുദ്ധിമുട്ടുകളും ഒഴിവാക്കാൻ സാധിക്കുന്നതാണ്.




*അഹ്മദിയ്യ മുസ്‌ലിം ഇൻഫർമേഷൻ സെന്റർ*
*തിരുവിഴാംകുന്ന്, പാലക്കാട് ജില്ല*



*മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാന സമിതി അംഗങ്ങൾ അഖിലേന്ത്യാ സദർ മൗലാനാ മുനീർ അഹ്മദ് ഖാദിമിനോടൊപ്പം*



*കണ്ണൂർ ടൗൺ-കൂടാളി മജ്‌ലിസിലെ അഹ്മദീ യുവാക്കൾ പ്രത്യാശഭവനിലെ*
*അന്തേവാസികൾക്കൊപ്പം പെരുന്നാളിന്റെ സന്തോഷാവസരത്തിൽ*